"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള കായിക നയം 2023 - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കായിക യുവജനകാര്യ (എ) വകുപ്പ്

**G.O.(Ms)No.6/2023/S&YA** തീയതി,തിരുവനന്തപുരം, 22-07-2023

പരാമർശം:- 1. **28.09.2021-ലെ സ.ഉ.(സാധാ) നം: 219/2021/കാ.യു.വ.**

2. **24.11.2021-ലെ സ.ഉ.(സാധാ) നം: 253/2021/കാ.യു.വ**

3. **14.04.2023ലെ സ.ഉ.(കൈ)നം.2/2023/കാ.യു.വ**

**ഉത്തരവ്**

കായിക മേഖലയിൽ എല്ലാ കാലത്തും ഉന്നത നിലവാരം പുലർത്തിവരുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഈ മേഖലയിൽ പ്രത്യക്ഷമായും ദർശിക്കാനാകും. കായികപ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിച്ച് ദേശീയ അന്തർദേശീയതലങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുന്ന നിലയിലേക്ക് വളർത്തിയെടുക്കുക എന്ന പരമ്പരാഗതമായ ലക്ഷ്യത്തിലുപരി, ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുയോജ്യമായി "കായിക വിനോദം, എല്ലാവർക്കും കായിക പ്രവർത്തനം, കായികക്ഷമത" എന്നീ ആശയങ്ങളിലൂന്നിയ സമഗ്രമായ ഒരു കായികനയം ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കായികനയത്തിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയും കരട് കോർ കമ്മിറ്റിയും രൂപീകരിക്കുകയും പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടി കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ 1 4 ജില്ലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും യോഗങ്ങൾ ചേർന്ന് അഭിപ്രായം സ്വരൂപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കുകയും ചെയ്തിരുന്നു.

അത്തരത്തിൽ പ്രാദേശിക തലത്തിലും വിദഗ്ധരുടെ തലത്തിലും വിശദമായ ചർച്ചകൾ നടത്തുകയും പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്, വ്യവസായ വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നിവിടങ്ങളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് കായികനയം 2023-ന് അംഗീകാരം നല്കി പരാമർശം ( 3 ) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ ടി കായിക നയം കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കണമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു. കായിക വകുപ്പ് മന്ത്രി, ബഹു. പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി, ബഹു.തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെട്ട മന്ത്രിസഭാ ഉപസമിതി വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ കായികനയം 2023 ലഭ്യമാക്കിയിരിക്കുന്നു.

ആയതിന്റെ വെളിച്ചത്തിൽ പരാമർശം ( 3 ) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കി ഉത്തരവാകുന്നു.

കൂടാതെ, സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച 'വിഷൻ 2033'-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ മേല്പറഞ്ഞ പ്രകാരം തയ്യാറാക്കിയ കായിക നയം 2023 ഇതിനാൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ നയം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ സത്വരം സ്വീകരിക്കേണ്ടതാണ്.

മേല്പറഞ്ഞ പ്രകാരം അംഗീകരിച്ച കായിക നയം 2023 അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PRANABJYOTI NATH I A S**

**SECRETARY**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും (ഇ-ഓഫീസ് നോട്ടീസ് മുഖേന)
ഡയറക്ടർ, കായിക യുവജന കാര്യാലയം ,തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും (കായികയുവജനകാര്യ ഡയറക്ടർ മുഖേന)
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും (കായികയുവജനകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (12.04.2023-ലെ ഇനം നം: 1480)
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajee R Pillai
Date: 22-07-2023 15:03:45

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. കായിക വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കായിക, യുവജനകാര്യ വകുപ്പു സെക്രട്ടറിയുടെ പി.എ.
കായിക, യുവജനകാര്യ വകുപ്പു ജോയിന്റ് സെക്രട്ടറിയുടെ സി.എ.

## കേരള സർക്കാർ

## കായികവകുപ്പ്

# കേരള കായികനയം 2023

[സ.ഉ(കൈ)നമ്പർ 6/2023/കാ.യു.വ തീയതി 22/07/23]

ഉള്ളടക്കം

ഭാഗം 1 - കേരള കായികനയത്തിന്റെ ചട്ടക്കൂട്


1. ആമുഖം.....9
2. ചരിത്രപശ്ചാത്തലം.....12
3. കായികനയത്തിന്റെ ലക്ഷ്യങ്ങൾ.....13
4. പ്രമേയം.....14
5. കാഴ്ചപ്പാട്.....14
6. പയത്തിന്റെ പ്രയോജനം.....15
6.1 മികവ്.....15
6.2 സാമ്പത്തികവളർച്ചയും സമൃദ്ധിയും.....15
6.3 ഫലപ്രദമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഉറപ്പാക്കാൻ.....15
6.4 മെച്ചപ്പെട്ട ആരോഗ്യവും സ്വാസ്ഥ്യവും.....16
6.5 പൗരാഭിമാനവും സാമുഹികശാസ്ത്രപരമായ നേട്ടങ്ങളും.....16
6.6 തൊഴിൽക്ഷമത വർധിപ്പിക്കൽ.....16
7. കായികവികസനത്തിന്റെ പ്രസക്തി.....16


ഭാഗം 2 - തന്ത്രങ്ങൾ


8. വികേന്ദ്രീകരണം.....17
9. പങ്കാളിത്ത മാതൃക.....17
10. സമന്വയം.....17
11. ശ്രദ്ധപതിയേണ്ട മേഖലകൾ.....18
12. കായിക സമ്പദ്ഘടനയുടെ കണക്കെടുപ്പ് .....18
13. സഹകരണം.....19
14. സമ്പർക്കം.....19
15. ആധുനികീകരണം.....19

16. ഏകീകരണം....20

17. കായിക പാഠ്യപദ്ധതി....20

18. കായികവിഭാഗങ്ങൾ....20

18.1 മുൻഗണനാ വിഭാഗങ്ങൾ....20

18.2 കായികയിനങ്ങളുടെ വർഗ്ഗീകരണം....20

18.3 സാധ്യതയുള്ള കായികയിനങ്ങൾ....21

18.4 തദ്ദേശീയ കായിക വിനോദങ്ങൾ....22

18.5 പുതുതലമുറ കായികയിനങ്ങൾ....23

18.6 സാഹസിക കായികവിനോദങ്ങൾ....23

18.7 പാരമ്പര്യേതര കായികവിനോദങ്ങൾ....23

ഭാഗം 3 - പ്രവർത്തനപദ്ധതി....23

19. കായികവും ആരോഗ്യവും....23

20. കായിക, ശാരീരികക്ഷമതാ, വ്യായാമ സാക്ഷരത....24

21. കായികവും വിദ്യാഭ്യാസവും....25

22. കായികവും അടിസ്ഥാനസൗകര്യങ്ങളും....25

23. സാമ്പത്തികക്ഷമത കൈവരിക്കൽ....25

23.1 നിലവിലുള്ള സൗകര്യങ്ങളുടെ പരമാവധി ഉപയോഗം....26

23.2 പ്രവർത്തനമൂലധനം കൈകാര്യം ചെയ്യൽ....26

23.3 സ്വകാര്യമേഖലയിലെ നിക്ഷേപങ്ങൾ....27

24. കായികോപകരണങ്ങൾ, സാങ്കേതികവിദ്യ, നിർമ്മാതാക്കൾ....27

25. കായികരംഗത്ത് നൂതനയന്ത്രങ്ങളുടെ പ്രയോഗം....27

25.1 സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്....28

26. സ്പോർട്സ് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം....28

27. കായികതാരങ്ങൾക്കുള്ള കരിയർ സാധ്യതകൾ....29

28. യോഗ - കായികപരിശീലനപരിപാടികളുടെ ഭാഗം ....29

29. വ്യായാമം - ഒരു അവശ്യഘടകം ....29

29.1. കായികക്ഷമതാ മിഷൻ - വിപുലമായ ഫിസിക്കൽ ഫിറ്റ്നസ് കാമ്പയിൻ....29

29.2 യുവജനവികസനവും കായികവും....29

29.3 മുതിർന്നപൗരന്മാർക്കുള്ള കായികപ്രവർത്തനങ്ങളും ശാരീരികവ്യായാമവും....30

30. കായിക അടിസ്ഥാനസൗകര്യ വികസനം....30

30.1. കായിക അടിസ്ഥാന സൗകര്യശൃംഖല....30

30.2. ഗ്രാമപ്രദേശങ്ങളിലെ കായികസൗകര്യങ്ങൾ ....31

30.3. ഗ്രാമപഞ്ചായത്ത് തലം....31

30.4. ജില്ലാതലം....32

30.5. നഗരപ്രദേശങ്ങളിലെ കായികസൗകര്യങ്ങൾ....32

30.6 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കായികസൗകര്യങ്ങൾ....33

30.7 സ്വകാര്യനിക്ഷേപങ്ങളുടെ പ്രോത്സാഹനം....34

31. സ്പോർട്സ് ക്ലബ് സംസ്കാരം വളർത്തിയെടുക്കൽ....34

32. മൂല്യനിർണ്ണയവും റേറ്റിങ്ങും....35

32.1 ശാരീരികക്ഷമത വിലയിരുത്തൽ....35

32.2 കായികമികവ് കണ്ടെത്തുന്നതിനുള്ള പ്രോട്ടോക്കോൾ (STIP)....35

32.3 കായികപ്രതിഭകളുടെ തുടർച്ചയായ മൂല്യനിർണ്ണയപ്രക്രിയ (SCOPE)....35

32.4 സ്പോർട്സ് സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും....36

33. സ്പോർട്സ് അക്കാദമികൾ....36

33.1 സ്പോർട്സ് നഴ്സറികൾ....36

33.2 ഹൈ പെർഫോമൻസ് സെന്ററുകൾ....36

33.3 അനുബന്ധ സേവനങ്ങൾ....36

33.4 കായിക അക്കാദമികളുടെ വർധനവ്....37

33.5 അക്കാദമികൾക്കുള്ള അക്രഡിറ്റേഷൻ....37

33.6 മികവിന്റെ കേന്ദ്രങ്ങൾ.....37
33.7 സ്പോർട്സ് ഹബുകൾ.....37
33.8 അന്താരാഷ്ട്ര, ദേശീയ അക്കാദമികളുടെ ശൃംഖല.....37
34. കായികതാരങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾ.....37
34.1 മെഡൽജേതാക്കൾക്കുള്ള ക്യാഷ് അവാർഡുകൾ.....37
34,2 പരിശീലകർക്കുള്ള അംഗീകാരം.....38
34.3 മെഡൽജേതാക്കൾക്കുള്ള ഇൻക്രിമെന്റ്.....38
34.4 അധിക പരിഗണന.....38
35 അവാർഡുകൾ .....38
36. പരിശീലനം.....38
36.1 പരിശീലകർക്കായുള്ള വികസനപരിപാടി.....38
36.2 പരിശീലകരുടെ റേറ്റിങ്.....39
36.3 പരിശീലകരുടെ വിന്യാസം.....39
36.4 പരിശീലകരുടെ കരാർനിയമനം.....39
36.5. കായികാധ്യാപകരുടെ പങ്കാളിത്തം.....39
37. റഫറിമാർ, അമ്പയർമാർ .....39
38. കായികം ഒരു ആകർഷക തൊഴിൽമേഖല.....40
38.1. കരിയർ ബ്രിഡ്ജ്.....40
39. കായികമത്സരങ്ങൾ.....40
39.1. കായികമത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.....40
39.2. ലീഗ് ചാമ്പ്യൻഷിപ്പുകൾ.....41
39.3. വൻകിട മത്സരങ്ങളുടെ ആതിഥേയത്വം.....41
39.4. കായിക കലണ്ടർ.....41
39.5. ഗ്രാമീണമത്സരങ്ങൾ.....41

39.6. ജില്ലാ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ....42

39.7. ഇന്റർ സ്കൂൾ, ഇന്റർ കോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ....42

39.8. മറ്റു ചാമ്പ്യൻഷിപ്പുകൾ....42

39.9. ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ....42

39.10. പ്രീമിയർ ലീഗ് ....42

40. സ്പോർട്സ് അസോസിയേഷനുകൾ ....42

40.1. സ്പോർട്സ് അസോസിയേഷനുകളുടെ നവീകരണപദ്ധതി....43

41. മറ്റു മേഖലകളുടെ പങ്കാളിത്തം ....44

41.1. പൊതുമേഖലാസ്ഥാപനങ്ങളുടെ പങ്ക്....45

41.2. സഹകരണമേഖലയുടെ പങ്ക്....45

41.3. സ്വകാര്യമേഖലയുടെ പങ്കാളിത്തം....45

42. സ്പോർട്സ് അഡ്മിനിസ്ട്രേഷനും മാനേജ്മെന്റും....45

42.1 സംസ്ഥാന കായികവകുപ്പ് ....45

42.2 സ്പോർട്സ് കേരള ഫൗണ്ടേഷൻ ....45

42.3 കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ....46

42.4 തദ്ദേശസ്ഥാപനങ്ങളിലെ റൂറൽ സ്പോർട്സ് കൗൺസിലുകളുടെ രൂപവൽക്കരണംരണം....46

42.5 സ്പോർട്സ് ഇക്കണോമി മിഷൻ....46

42.6 കേരള കായികവികസനഫണ്ട്....47

42.7 നയ മൂല്യനിർണ്ണയത്തിനുള്ള സ്റ്റിയറിങ് കമ്മിറ്റി രൂപവൽക്കരണം....47

42.8 ഗവേഷണ, റഫറൻസ് സെൽ. ....47

43. കായികവിദ്യാഭ്യാസം....47

44. മാസ് കമ്മ്യൂണിക്കേഷൻ....48

44.1 കായികചരിത്രപദ്ധതി....48

44.2. സ്പോർട്സ് മ്യൂസിയം....48

44.3 സ്പോർട്സ് ലൈബ്രറി....48

44.4. കായികവിനോദങ്ങളുടെ സാംസ്കാരികബന്ധം....48

44.5. കായിക ചലച്ചിത്രമേള....49

45. കായികമേഖലയുടെ മറ്റു പ്രബല സംഭാവനകൾ....49

45.1 ആരോഗ്യവും ക്ഷേമവും....49

45.2. നേതൃത്വവും കൂട്ടായ പ്രവർത്തനവും....49

45.3. മികച്ച സമൂഹങ്ങളെ കെട്ടിപ്പെടുക്കൽ....49

46. സ്പോർട്സ് ഡെവലപ്മെന്റ് കോഡ്....49

47. സ്പോർട്സ് ഡാറ്റാബാങ്ക്....50

47.1. ഡിജിറ്റൽ പ്ലാറ്റ്ഫോം / ഇ.ആർ.പി....50

47.2 ഭൂമിശാസ്ത്രപരമായ മാപ്പിങ്ങും വിവരശേഖരണവും....51

48. സ്ത്രീകളുടെ പങ്കാളിത്തം....51

49. ഭിന്നശേഷിക്കാർക്കായുള്ള കായികവിനോദങ്ങൾ....51

ഭാഗം 4 - കേരള കായികനയം, 2023-ന്റെ വ്യക്തികേന്ദ്രീകൃത സമീപനം

52. സ്പോർട്സ് സമൂഹത്തിനായി....53

53. സ്പോർട്സ് പുതുതലമുറയ്ക്ക്....54

54. പ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനും ഉതകുന്നകായികപരിതസ്ഥിതി....54

55. കായികപ്രതിഭകൾക്ക് മുഖ്യപരിഗണന....55

അനുബന്ധം 1....56

സവിശേഷശ്രദ്ധ ആവശ്യമായ മേഖലകൾ....56

അടിസ്ഥാനസൗകര്യവികസനം....56

കായികസൗകര്യങ്ങളുടെയും സംരംഭങ്ങളുടെയും പ്രവർത്തനവും പരിപാലനവും....59

ടാലന്റ് & ട്രെയിനിങ്....62

അടിസ്ഥാനതലപ്രവർത്തനങ്ങൾ........................................................................65

കായികപരിപാടികളും അവയുടെ പ്രോത്സാഹനവും..............................................67

അനുബന്ധം 2 ..........................................................................................73

ഭാഗം 1 - കേരള കായികനയത്തിന്റെ ചട്ടക്കൂട്

1. ആമുഖം

സർക്കാരിന്റെ കായികനയം പരമ്പരാഗതമായി പ്രതിഭകളെ കണ്ടെത്തുന്നതിലും അവരെ പരിപോഷിപ്പിക്കുന്നതിലും ദേശീയ-അന്തർദേശീയതലത്തിൽ കായികമികവ് ഉറപ്പാക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു. 'എല്ലാവർക്കും സ്പോർട്സ്' എന്നതിന് ഇപ്പോൾ ഊന്നൽ നൽകിയിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം എല്ലായ്പോഴും സൃഷ്ടിക്കപ്പെടുന്നുണ്ട്.

ഗവൺമെന്റ് നേതൃത്വം കൊടുക്കുന്ന സംവിധാനത്തിലാണ് കായികപ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. സർക്കാർ മുൻകൈയെടുക്കുകയും മൊത്തത്തിലുള്ള പ്രവർത്തനരീതി നിർണ്ണയിക്കുകയും ചെയ്യുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിശാലാടിസ്ഥാനത്തിൽ, സ്പോർട്സ് അസോസിയേഷനുകളെ ശക്തീകരിച്ചു സ്പോർട്സ് അഡ്മിനിസ്ട്രേറ്റർമാരെയും മാനേജർമാരെയും യുവജനങ്ങളെയും സ്പോർട്സ് ക്ലബ്ബുകളെയും കൂട്ടിയിണക്കി ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കുന്നു. അതുവഴി കായികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

ഒരു കായികനയം വൈവിധ്യമാർന്ന കായികാവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റണമെന്ന് വ്യക്തമാണ്. ദേശീയ-അന്തർദേശീയ തലങ്ങളിലെ മികച്ച പ്രകടനം, മെഡലുകൾ നേടുക, സമൂഹത്തിനും സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനിക്കാൻ കഴിയുന്ന പ്രകടനങ്ങൾ നടത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കുട്ടികൾ, യുവാക്കൾ, സ്ത്രീകൾ, പ്രായമായവർ, ഭിന്നശേഷിക്കാർ എന്നിവർ ഉൾപ്പെടെ പൊതുജനങ്ങളുടെ ശാരീരികക്ഷമത, ആരോഗ്യനിലവാരം, വ്യയാമം എന്നിവ മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്. സ്പോർട്സ് ദേശീയചൈതന്യത്തെ പ്രോത്സാഹിപ്പിക്കുകയും സാമൂഹിക ഐക്യവും സാംസ്കാരിക സമന്വയവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഒപ്പം, സഹിഷ്ണുതയും ടീം സ്പിരിറ്റും പരിപോഷിപ്പിക്കുകയും ആരോഗ്യകരമായ മത്സരമനോഭാവം വളർത്തുകയും ചെയ്യുന്നു. സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒരു കായികസംവിധാനത്തിന് മേൽപ്പറഞ്ഞ ഒന്നിലധികം ലക്ഷ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ എത്രത്തോളം കഴിയും എന്നത് പ്രധാന വിഷയമാണ്. ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വലിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും പുതിയ സാമ്പത്തികവളർച്ചാ സാധ്യതകൾ ആരായുന്നതിനും തൊഴിൽ വർധിപ്പിക്കുന്നതിനും ആഭ്യന്തര ഡിമാൻഡ് കൂട്ടുന്നതിനും വലിയതോതിലുള്ള പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. വ്യത്യസ്തങ്ങളായ സംരംഭങ്ങളെ മുൻകൈകളെയും ഏകോപിപ്പിക്കുകയും കൂട്ടിയിണക്കുകയും ചെയ്യേണ്ടതുമുണ്ട്.

സെവൻസ് ഫുട്ബോൾ പോലെയുള്ള പ്രാദേശിക കായികയിനങ്ങളുടെ ജനപ്രീതി, സിന്തറ്റിക് ടർഫുകളിൽ ധാരാളമായി വ്യക്തികൾ നടത്തിയ നിക്ഷേപം, ഫിസിക്കൽ ട്രെയിനിങ്ങിന്റെയും ഫിറ്റ്നസ് സെന്ററുകളുടെയും വ്യാപനം എന്നിവ കണക്കിലെടുക്കുമ്പോൾ കേരളത്തിൽ ഇതിന് സ്വാഭാവികമായിത്തന്നെ പശ്ചാത്തലം ഒരുങ്ങുന്നതായി കരുതാം. ഈ കായികനയം വ്യക്തിഗതനിക്ഷേപങ്ങളെയും സംരംഭങ്ങളെയും പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നു. സർക്കാർ ഉചിതമായ നയം രൂപവൽക്കരിക്കുകയും എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യും. ഒരു കായിക സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുന്നതിന് ഊന്നൽ നൽകും. അതുവഴി ഊർജസ്വലവും സുസ്ഥിരവുമായ ഒരു കായിക ആവാസവ്യവസ്ഥ സൃഷ്ടിക്കാൻശ്രമിക്കും. സർക്കാർ നേതൃത്വം നൽകുന്നതും നൂതനാശയങ്ങളും സംരംഭകത്വവും അഭിനിവേശവും സൃഷ്ടിക്കുന്നതുമായ ഒരു ആവാസ വ്യവസ്ഥയാകും രൂപപ്പെടുത്തുക. സർക്കാർ ഈ സംവിധാനം രൂപകല്പന ചെയ്യുകയും,

നിരീക്ഷിക്കുകയും, ആവശ്യമായ പുതുക്കലുകൾ നിരന്തരം നടത്തുകയും, ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്തുകൊണ്ട് അതിന്റെ നേതൃപരമായ ഉത്തരവാദിത്വം നിർവഹിക്കും. സംസ്ഥാനത്ത് സജീവമായ ഒരു കായിക സമ്പദ്ഘടനയ്ക്ക് അത് വഴിയൊരുക്കും. സ്പോർട്സ് മേഖല സാമ്പത്തികപ്രവർത്തനങ്ങൾ കൊണ്ട് കൂടുതൽ ചലനാത്മകവും, സുസ്ഥിരവുമാകും.

ഈ നയത്തിൽ ഗവൺമെന്റ് അതിന്റെ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കും. ഭൗതിക, സാമ്പത്തിക, മാനവവിഭവശേഷി അതിൽ ഉൾപ്പെടുന്നു. സിന്തറ്റിക് ട്രാക്കുകൾ, ഇൻഡോർ കോർട്ടുകൾ, കൂറ്റൻ സ്പോർട്സ് കോംപ്ലക്സുകൾ എന്നിവയിലേക്ക് ഗണ്യമായ സർക്കാർനിക്ഷേപം കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഉണ്ടായി. ഇത് സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യങ്ങൾക്ക് ഉറച്ച അടിത്തറയിട്ടു. എന്നിരുന്നാലും ശരിയായ വിനിയോഗവും, പരിപാലന സംവിധാനങ്ങളും ഇതുവരെ രൂപപ്പെടുത്തിയിട്ടില്ല. അതേ സമയം വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ആരംഭിച്ച ഇൻഡോർ കോർട്ടുകളും ടർഫുകളും മറ്റും മികച്ച നിലവാരത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സർക്കാരിനു കീഴിലുള്ള ഇത്തരം സംവിധാനങ്ങളുടെ മികവും മേന്മയും ശേഷിയും മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നിക്ഷേപം വേണ്ടിവരാം. ഈ സൗകര്യങ്ങളുടെ ചിട്ടയായ പരിപാലനം പ്രധാനമാണ്. ചെറുതും വലുതുമായ സ്റ്റേഡിയങ്ങളുടെയും ഗ്രൗണ്ടുകളുടെയും നടത്തിപ്പിന് മെച്ചപ്പെട്ട ഒരു സംവിധാനം വേണം. ഈ വേദികൾ നിരന്തരം ഉപയോഗിക്കാൻ കായികപരിപാടികളും അത്യാവശ്യമാണ്.

ഈ നയം ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറയാണ്. സമ്പൂർണ്ണ പരിഷ്കരണം, നവീകരണം, ഭാവനാത്മകമായ പുനരൂപകല്പന എന്നിവയിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉപഭോഗസാമഗ്രികളുടെ സംഭരണം, വിതരണം, നിർമ്മാണം, താമസ സൗകര്യങ്ങളുടെ പരിപാലനം തുടങ്ങിയ കാര്യങ്ങളുടെ നടത്തിപ്പിൽ പങ്കാളിത്തസ്വഭാവം കൊണ്ടുവരുന്നത് കാര്യക്ഷമതയ്ക്ക് കൂടുതൽ സഹായകമാകും.

ഗവൺമെന്റ് മൊത്തത്തിലുള്ള പ്രൊഫഷണൽ അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമാക്കും. വികേന്ദ്രീകരണം യാഥാർഥ്യമാക്കും. കായികസേവനങ്ങൾക്കായി പുതിയ രീതികൾ സൃഷ്ടിക്കും. വിപണി മേൽനോട്ടം ശക്തിപ്പെടുത്തും. തുല്യപങ്കാളിത്തം ഉറപ്പാക്കി മത്സരക്ഷമവും സുതാര്യവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും. ഇത് ഉറപ്പാക്കാൻ സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്യുന്നു.

1. പ്രതിവർഷം അമ്പതോളം പ്രമുഖ കായികതാരങ്ങളെ സർക്കാർസർവീസിലേക്ക് റിക്രൂട്ട് ചെയ്യുന്നുണ്ട്. അവരെ വിലയിരുത്തുകയും, താഴെപ്പറയുന്ന പ്രത്യേക വൈദഗ്ധ്യ മേഖലകളിലേക്ക് വിന്യസിക്കുകയും ചെയ്യാം.

എ) അടിത്തട്ടിലുള്ള ശാരീരികക്ഷമതാ, വ്യായാമപ്രവർത്തനങ്ങളുടെ പ്രോത്സാഹനം

ബി) ഫെസിലിറ്റി മാനേജ്മെന്റ്

സി) പ്രതിഭകളുടെ കണ്ടെത്തലും പരിശീലനവും

ഡി) വലിയ കായികമേളകളുടെ സംഘാടനം

ഇ) ഫിറ്റ്നസ് സെന്ററുകൾ, സ്വകാര്യസൗകര്യങ്ങൾ തുടങ്ങിയവയുടെ അക്രഡിറ്റേഷൻ

എഫ്) പ്രോഗ്രാം മാനേജ്മെന്റും കായികസൗകര്യങ്ങളുടെ വിനിയോഗം വർധിപ്പിക്കലും.

രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ മാനേജ്മെന്റ് സ്ഥാപനങ്ങളുടെ സഹായത്തോടെ സ്പോർട്സ് മാനേജ്മെന്റിൽ ഇത്തരം കായികതാരങ്ങൾക്ക് മികച്ച പരിശീലനം നൽകും.

2. സ്പോർട്സ് ഇവന്റുകൾ, സ്പോർട്സ് ബിസിനസ്സ്, സ്പോർട്സ് ഇക്കണോമി എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന നിരവധി എൻ.ആർ.ഐകളുണ്ട്. അത്തരം വ്യക്തികളുടെ സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കും. ഒരു വിർചൽ ഗൈഡിങ് ഗ്രൂപ്പായി അത് പ്രവർത്തിക്കുകയും ഒരു പ്രൊഫഷണൽ ശൃംഖലയായി വികസിപ്പിക്കുകയും ചെയ്യും. കായികരംഗത്തിന് സംഭാവനകൾ നൽകാൻ കെൽപ്പുള്ള ഒരു ശൃംഖലയാക്കി അതിനെ മാറ്റും.

3. പ്രഗത്ഭരായ നിരവധി മുൻകാല കായികതാരങ്ങൾ സ്പോർട്സ് അക്കാദമികൾ സ്ഥാപിച്ചിട്ടുണ്ട്. അത്തരം അക്കാദമികളെ പ്രൊഫഷണൽ, മാനേജ്മെൻറ് വൈദഗ്ധ്യമുള്ള അന്താരാഷ്ട്ര പ്രശസ്തിയുള്ള അക്കാദമികളാക്കി മാറ്റുന്നതിന് ഗവൺമെന്റ് സംവിധാനമുണ്ടാക്കും. ഫണ്ടിന്റെ കുറവ് നികത്തുന്നതിനുള്ള സംവിധാനവും (വയബിലിറ്റി ഗാപ് ഫണ്ടിങ്) സർക്കാർ ഒരുക്കും.

4. സുപ്രധാനമായ മൂന്ന് കായിക ഡാറ്റാബേസുകൾ ഗവൺമെന്റ് തയ്യാറാക്കും.

a) കായികസൗകര്യങ്ങൾ

b) അസോസിയേഷനുകളും ക്ലബ്ബുകളും

c) കായികതാരങ്ങൾ

മൂന്ന് ഡാറ്റാബേസും തത്സമയം അപ്ഡേറ്റ് ചെയ്യുകയും ഇവയുടെ അപ്പപ്പോഴുള്ള സ്റ്റാറ്റസ്, നേട്ടം, പുരോഗതി എന്നിവ സുതാര്യമായി പ്രദർശിപ്പിക്കുകയും ചെയ്യും. സർക്കാരിന്റെ പരിമിതമായ വിഭവങ്ങളിൽനിന്നു മാത്രമല്ലാതെ സ്പോൺസർഷിപ്പും സിഎസ്ആർ ഫണ്ടുപയോഗിച്ചും ഫണ്ട് ലഭ്യത ഉറപ്പാക്കാൻ സർക്കാർ നടപടികൾ കൈക്കൊള്ളും. ടീമുകളെ തിരഞ്ഞെടുക്കുന്നതിനും സർക്കാർസ്വകാര്യമേഖലാ ജോലികൾക്കുള്ള പരിഗണനയ്ക്കും സഹായകമായ ഒരു റഫറൻസായിരിക്കും സ്പോർട്സ് താരങ്ങളുടെ ഈ ഡാറ്റാബേസ്.

5. ഖേലോ ഇന്ത്യ മൊബൈൽ ആപ്ലിക്കേഷന്റെയും ടി.സി.എസ് വികസിപ്പിച്ച ഫിറ്റ് ഫോർ പ്ലേ മൊബൈൽ ഫിസിക്കൽ ആക്റ്റിവിറ്റി ട്രാക്കിംങ് സംവിധാനത്തിന്റെയും മാതൃകയിൽ, ലളിതവും ആകർഷകവുമായ ഇന്റർഫേസോടു കൂടിയ ഒരു കമ്മ്യൂണിറ്റി ഫിസിക്കൽ ആക്റ്റിവിറ്റി ട്രാക്കിങ് സിസ്റ്റം സർക്കാർ വികസിപ്പിക്കും. വികേന്ദ്രീകരണത്തിലൂന്നി ഗ്രാസ്റൂട്ട് ലെവൽ സ്പോർട്സ്, യൂത്ത് ക്ലബ്ബുകൾ, സ്പോർട്സ് അസോസിയേഷനുകൾ, പുതുതായി രുപവർക്കരിക്കുന്ന പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ, പുതിയ ടെക്നോളജി പ്ലാറ്റ്ഫോം എന്നിവ പ്രയോജനപ്പെടുത്തി അടിത്തട്ടിലുള്ള അതിശക്തമായ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കമിടും. ഇത് ഒരു മൂവ്മെന്റായി വിഭാവന ചെയ്യുന്നു. ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി മികച്ച നിക്ഷേപം നടത്തുകയും ശ്രദ്ധേയമായ രീതിയിൽ മുൻകൈയെടുക്കുകയും ചെയ്യുന്ന പഞ്ചായത്തുകൾക്ക് സർക്കാർ ആകർഷകമായ ഇൻസെന്റീവ് നൽകും.

ലക്ഷ്യം:

എ. ശാരീരികക്ഷമത കൈവരിച്ച 10 ദശലക്ഷം ആളുകൾ

ബി. കായികവിനോദങ്ങൾക്കായി കുറഞ്ഞത് 20 ദശലക്ഷം ചതുരശ്രമീറ്റർ ഭൂപ്രദേശം

സി. കേരളത്തിൽ നിന്നും അഞ്ച് ദേശീയ കായികബ്രാൻഡുകൾ

6. ഒരു കായികവികസന ഫണ്ട് രൂപവൽക്കരിക്കും. ഈ ഫണ്ടിൽനിന്ന് ആവശ്യമുള്ള പ്രതിഭകൾക്കായി സ്കോളർഷിപ്പുകൾ നൽകും. കായികസംരംഭങ്ങൾക്ക് പലിശ സബ്സിഡി, മൂലധന നിക്ഷേപ സബ്സിഡി, സാങ്കേതികവിദ്യ നടപ്പാക്കുന്നതിന് പിന്തുണ, മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും നൂതന ആശയങ്ങൾക്കും പരീക്ഷണങ്ങൾക്കുമുള്ള സഹായം എന്നിവ നൽകും. എസ്.ഡി.എഫിനു വേണ്ടി ശേഖരിക്കുന്ന ലൈബ്രറി സെസിന്റെ ഒരു ഭാഗം ഇതിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.

7. സർഫിങ്, പാരാസെയിലിങ്, അമ്പെയ്ത്ത് തുടങ്ങിയ ദേശീയ-അന്തർദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട കായികയിനങ്ങളിൽ മത്സ്യത്തൊഴിലാളികളിലും പട്ടികഗോത്രവർഗ വിഭാഗങ്ങളിലും നിന്നുള്ള പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യും. പാരാലിമ്പിക് കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി ഓരോ ജില്ലയിലും ഒരു പാരാലിമ്പിക് കേന്ദ്രം സ്ഥാപിക്കും. ഇത്തരം പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വകുപ്പുകൾക്കിടയിലുള്ള ഏകോപനത്തിന് സംവിധാനം ഉണ്ടാക്കും.

8. നിയമപരവും സാമൂഹികവും ധാർമ്മികവുമായ വശങ്ങൾ പരിഗണിച്ചുകൊണ്ട് ഫാന്റസി ഗെയിമുകളിലും ഓൺലൈൻ കായികവിനോദങ്ങളിലും പ്രത്യേക ശ്രദ്ധ നൽകും. അതിനായി ഒരു ചട്ടക്കൂട് ഉണ്ടാക്കുകയും വ്യക്തമായ പ്രവർത്തനപദ്ധതി തയ്യാറാക്കുകയും ചെയ്യും. മികച്ച കണക്റ്റിവിറ്റി, സാങ്കേതികവൈദഗ്ധ്യം, ചെറുപ്പക്കാർക്ക് സാങ്കേതികവിദ്യയിലുള്ള താൽപര്യം തുടങ്ങിയ കാരണങ്ങൾകൊണ്ട് കേവലം ഉപഭോക്താക്കളായി തുടരാതെ ഈ രംഗത്ത് സർഗാത്മകമായ ഇടപെടൽ നടത്താനുള്ള ശേഷി കേരളം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

9. സംസ്ഥാനത്തിന്റെ സ്റ്റാർട്ടപ്പ്, ഇന്നൊവേഷൻ നയത്തിനനുസൃതമായി സ്പോർട്സ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പരിഗണന നൽകുകയും, സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സ്പോർട്സ് സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. ഇത് കായികരംഗത്തുള്ള ടെക്നോളജി സ്റ്റാർട്ടപ്പുകൾക്കും, പ്രോഡക്ട് ഇന്നവേഷൻ സ്ഥാപനങ്ങൾക്കും പ്രയോജനകരമാകും.

ഉപകരണങ്ങളുടെ ഉത്പാദനം, സ്പോർട്സ് ടർഫുകളുടെ നിർമ്മാണം, ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡിസൈൻ, അടിസ്ഥാനസൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ, സ്പോർട്സ് ഡാറ്റ, ഉൽപ്പന്ന നവീകരണം, വെബ്സൈറ്റുകൾ, ആപ്പുകൾ, ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ, ഫാന്റസി ഗെയിമുകൾ, അനലിറ്റിക്സ്, മെച്ചപ്പെട്ട ഉപയോക്തൃ അനുഭവം, ഉപയോക്തൃ ഇന്റർഫേസ് മെച്ചപ്പെടുത്തൽ എന്നീ രംഗങ്ങളിലെല്ലാം സ്റ്റാർട്ടപ്പുകൾക്ക് ഇത് അവസരമൊരുക്കും. കേരള സ്റ്റാർട്ടപ്പ് മിഷനോടൊപ്പം ഒരു സ്പോർട്സ് ഇന്നൊവേഷൻ സോൺ സ്ഥാപിക്കും.

ഗവൺമെന്റിന്റെ മാർക്കറ്റ്പ്ലെയ്സ് പോളിസി സുതാര്യമായ രീതിയിൽ വ്യക്തമായ മാർഗ്ഗനിർദേശങ്ങളും നടപടിക്രമങ്ങളും സഹിതം വിപുലീകരിക്കുന്നത് 'സ്റ്റാർട്ട്-അപ്പ് സ്കീമിനുള്ള മുൻഗണനയ്ക്ക് പ്രോത്സാഹനമാകും. വിവിധ സ്റ്റാർട്ടപ്പ് ഫണ്ടുകൾ സ്പോർട്സ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി അവരുടെ സീഡ് ഫണ്ട് 5% നീക്കിവയ്ക്കാൻ പ്രോത്സാഹിപ്പിക്കും.

## 2. ചരിത്രപശ്ചാത്തലം

കായികരംഗത്തെ വിവിധ മേഖലകളിലെ പ്രകടനത്തിന്റെ മൊത്തത്തിലുള്ള വിശകലനത്തിൽ ദേശീയതലത്തിൽ കേരളത്തിന് ഉയർന്ന സ്ഥാനമുണ്ട്. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി നടത്തിയ ശ്രമങ്ങളുടെ ഫലമാണത്. അതിൽ ഒട്ടേറെ വ്യക്തികളുടെയും

സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും പങ്കാളിത്തമുണ്ട്. സംസ്ഥാനത്തിന്റെ കായിക ആവാസവ്യവസ്ഥ അങ്ങനെ കാലാനുഗതമായി വികസിച്ചു.

മലയാളി കായികതാരങ്ങൾ ഇന്ത്യൻ അത്‌ലറ്റിക്സിന്റെ കൊടുമുടികൾ കീഴടക്കിയിട്ടുണ്ട്. അത് തുടരുകയും ചെയ്യുന്നു. കായികപ്രതിഭകളുടെ വറ്റാത്ത ഉറവ എന്ന പരിവേഷം ഇത് സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. ഇത് അത്‌ലറ്റിക്സിൽ മാത്രം ഒതുങ്ങുന്നതല്ല. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, നീന്തൽ, ബാഡ്മിന്റൺ, ഹോക്കി തുടങ്ങി ക്രിക്കറ്റിൽ വരെ അസാമാന്യപ്രതിഭയുള്ള താരങ്ങൾക്ക് കേരളം ജന്മം നൽകിയിട്ടുണ്ട്. ജനപ്രിയ ഗെയിമുകളുടെ ദേശീയ ചാമ്പ്യൻഷിപ്പുകളിൽ കേരളം ഒന്നിലധികം തവണ ജേതാക്കളായിട്ടുണ്ട്. വിവിധ കായികയിനങ്ങളിൽ മികച്ച പരിശീലകരെയും ഒഫീഷ്യലുകളെയും സംഘാടകരെയും സംസ്ഥാനം സൃഷ്ടിച്ചിട്ടുണ്ട്. എന്നിരുന്നാലും, സമീപവർഷങ്ങളിൽ സംസ്ഥാനത്തിന്റെ ദേശീയ തലത്തിലുള്ള പ്രകടനങ്ങളിൽ ഇടിവുണ്ടായിട്ടുണ്ട്. അതേസമയം മറ്റു ചില സംസ്ഥാനങ്ങൾ വളരെ മുന്നേറുകയും നമ്മുടെ ഇഷ്ടകായികയിനങ്ങളായി കണക്കാക്കുന്നവയിൽപ്പോലും വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു. അതിനാൽ, ഭൂതകാല പ്രതാപത്തിൽ മുഴുകുന്നതിനു പകരം പുതിയ കർമ്മപദ്ധതി രൂപപ്പെടുത്താനുള്ള സമയമാണിത്.

3. കായികനയത്തിന്റെ ലക്ഷ്യങ്ങൾ

കേരള കായികനയം 2023 സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാൻ വിഭാവനചെയ്യുന്നു. കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച 'വിഷൻ 2033' ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി ഇതിനെ കരുതാം. വിഷൻ 2033-ൽ കേരളം താഴെപ്പറയുന്ന കാര്യങ്ങൾ വിഭാവനം ചെയ്തു:

- ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിൽ കായികരംഗത്തെ മികവ്.
- അഴിമതിമുക്തവും സുരക്ഷിതവും ശക്തവുമായ കായികമേഖല.

ആധുനികമായ ഭരണനിർവഹണ ഘടനയോടു കൂടിയ, ലോകോത്തര ഗവേഷണങ്ങളും നൂതനാശയങ്ങളും സമ്പന്നമാക്കിയ, ആഗോളമത്സരങ്ങൾക്ക് വേദിയൊരുക്കുന്ന, ശക്തമായ ഒരു കായികവിനോദവ്യവസായം കേരളത്തിൽ രൂപപ്പെടുത്തുക.

പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമസാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയും ഉള്ള ഊർജ്ജസ്വലമായ കായിക സംസ്കാരം.

പ്രതിഭകളെ കണ്ടെത്തുന്നതിലും പരിപോഷിപ്പിക്കുന്നതിലും സംസ്ഥാനത്തിന്റെ കായികപാരമ്പര്യം ശക്തമായി നിലനിർത്തുന്നതിനും നയം മുൻതൂക്കം നൽകുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും വികേന്ദ്രീകൃത സ്വഭാവമുള്ളതുമാണ് ഈ നയം. നിലവിലുള്ള സ്ഥാപനങ്ങളെയും സംഘടനകളെയും മുഴുവൻ പങ്കാളികളെയും ശക്തിപ്പെടുത്താൻ ലക്ഷ്യം വയ്ക്കുന്നു. ഉയർന്നുവരുന്ന പുതിയ സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന് കൈമോശം വന്നുപോയ മികവും നേതൃസ്ഥാനവും തിരിച്ചുപിടിക്കുന്നതിന് മുഖ്യപരിഗണന നൽകുന്നു.

കായികപ്രവർത്തനം ഒരു ജനകീയ പ്രവർത്തനമായി പരിഗണിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുക. ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, സംസ്കാരം തുടങ്ങി നിരവധി മേഖലകളെ സ്വാധീനിക്കുന്നതിന് കഴിയുംവിധം കായികരംഗത്തിന്റെ ബഹുമുഖ ശേഷി പ്രയോജനപ്പെടുത്തുക. അത് കൂടി ഉപയോഗിച്ചുകൊണ്ട് വലിയ തോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കായികവ്യവസായത്തിന് ഉറച്ച അടിത്തറ സൃഷ്ടിക്കുക.

ചുരുക്കിപ്പറഞ്ഞാൽ നയം രണ്ട് നിർദ്ദിഷ്ട പ്രമേയങ്ങളിൽ കേന്ദ്രീകരിക്കുന്നു "കായികം എല്ലാവർക്കും" "കായികരംഗത്തെ മികവ്" ഈ അടിസ്ഥാനപ്രമേയങ്ങളിൽനിന്നുമാണ് നയം വികസിക്കുന്നത്. അതിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട് കുടുതൽ വിപുലമായ പദ്ധതികളും, പരിപാടികളും തയ്യാറാക്കുന്നു.

എന്നിരുന്നാലും, കായികനയം, 2023 ന്റെ മൊത്തത്തിലുള്ള സമീപനം മാനുഷികമായ അംശങ്ങളെ മുന്നിൽനിറുത്തുക എന്നതാണ്. എല്ലാവരെയും ഉൾച്ചേർക്കുക, കായിക പ്രതിഭകളെ ചേർത്തുപിടിക്കുക എന്നിവയ്ക്ക് പ്രധാന പരിഗണന നൽകുന്നു. വിവിധ കായിക രംഗങ്ങളിൽ സ്വകാര്യ, പൊതു, സഹകരണമേഖലയുടെ നിക്ഷേപം ഗണ്യമായി പ്രോത്സാഹിപ്പിക്കുന്നതിനും നയം വിഭാവനചെയ്യുന്നു.

4. പ്രമേയം

മുകളിൽ വിശദീകരിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഈ നയം നടപ്പിലാക്കുന്നതിനായി മൂന്ന് നിർദ്ദിഷ്ട പ്രമേയങ്ങൾ മുന്നോട്ടു വയ്ക്കുന്നു. 'എല്ലാവർക്കും സ്പോർട്സ്', 'സ്പോർട്സിലൂടെ ആരോഗ്യം', 'പരിവർത്തനത്തിനായി കായികം'. ഈ പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ചട്ടക്കൂടിൽ നിന്നുകൊണ്ടാണ് കായികനയം 2023 വികസിക്കുന്നത്.

5. കാഴ്ചപ്പാട്

മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് ഈ കാഴ്ചപ്പാട് ഊന്നിപ്പറയുന്നത്. സ്പോർട്സ് സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യമേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവയ്ക്കൽ, അടിസ്ഥാനസൗകര്യവികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങളുടെ പ്രാധാന്യവും ഈ നയം തിരിച്ചറിയുന്നു.

ഈ നയം മുന്നോട്ട് വയ്ക്കുന്ന സവിശേഷമായ നിർദേശം കായിക / ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുക എന്നതാണ്. 'വിദ്യാഭ്യാസത്തിനുള്ള അവകാശം' വിജയകരമായി നടപ്പാക്കുകയും എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുകയും ചെയ്ത സംസ്ഥാനമാണ് കേരളം എന്നത് അതിന് ചരിത്രപരമായ പിൻബലം നൽകുന്നു. ഓരോ വ്യക്തിക്കും കായികസൗകര്യങ്ങൾ ഉറപ്പാക്കാൻ നയം ശ്രമിക്കുന്നു. കായിക, വ്യായാമ, ശാരീരികക്ഷമതാപ്രവർത്തനങ്ങളിൽ ഓരോ വ്യക്തിയുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും സ്കീമുകളും ഉണ്ടായിരിക്കും. അവർക്ക് ഇത്തരം പ്രവർത്തനങ്ങൾ ആവേശത്തോടെ തുടരുന്നതിനും, താൽപര്യം നിലനിറുത്തുന്നതിനും പങ്കാളിത്തം വർധിപ്പിക്കുന്നതിനും സംവിധാനം ഉണ്ടാകും. ഇത് ആധുനികസങ്കേതങ്ങളുടെ സഹായത്തോടെ നിരീക്ഷിക്കുന്നതിനും സംവിധാനമൊരുക്കും.

കായികനയം മുന്നോട്ടു വയ്ക്കുന്ന കാഴ്ചപ്പാടുകളെല്ലാം മാതൃകാപരവും ശക്തവുമായ ഒരു കായികസംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന അഞ്ച് ആധാരശിലകൾ അടിസ്ഥാനമാക്കിയാണ്. അവ താഴെചേർക്കുന്നു.

- സാമൂഹികസേവനവും കായികപ്രതിഭകളും
- അടിസ്ഥാനസൗകര്യങ്ങൾ
- ശാസ്ത്രീയ പിന്തുണ
- വിദ്യാഭ്യാസം
- മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും

6. നയത്തിന്റെ പ്രയോജനം

സ്പോർട്സും ശാരീരികക്ഷമത വളർത്തുന്ന പ്രവർത്തനങ്ങളും ജീവിതത്തിലും സമൂഹത്തിലും ബഹുമുഖ സ്വാധീനം ചെലുത്തുന്നു. ജിഡിപിയിലെ സംഭാവനയിലൂടെ സമ്പദ്‌വ്യവസ്ഥയെ ഇത് നേരിട്ട് സ്വാധീനിക്കും. പ്രധാന കായികമേഖലകളിലും അനുബന്ധ മേഖലകളിലും വലിയ തോതിൽ തൊഴിലവസരങ്ങളുണ്ട്. ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം, ശീലങ്ങൾ, മനോഭാവം എന്നിങ്ങനെ മനുഷ്യന്റെ ക്ഷേമത്തിന്റെ അളവുകോലുകളായ വിവിധ സൂചികകളെ ഇത് ഗുണകരമായി സ്വാധീനിക്കുന്നു. മെച്ചപ്പെട്ട തൊഴിൽക്ഷമതയും നൈപുണ്യവികസനവും കൈവരിക്കുന്നതിന് ഇത് വ്യക്തികളെ സഹായിക്കുന്നു. .

6.1 മികവ്

ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ അന്താരാഷ്ട്രതലത്തിൽ കഴിവു തെളിയിക്കാൻ പ്രാപ്തരായ മികച്ച പ്രതിഭകളെ വികസിപ്പിക്കുന്നതിന് നയം പ്രതിജ്ഞാബദ്ധമാണ്. ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിങ് സെന്റർ ഉൾപ്പെടെ വിദഗ്ധപരിശീലനം സാധ്യമാകുന്ന കായികകേന്ദ്രങ്ങൾ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഒന്നിലധികം ഇനങ്ങളിൽ ഇത്തരത്തിലുള്ള കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കുകയാണ് നയം ലക്ഷ്യമിടുന്നത്. മികച്ച പ്രകടനം നടത്തുന്നവരുടെ ടാലന്റ് പൂളും മികച്ച പരിശീലകരുടെ പൂളും വികസിപ്പിക്കാനും ലക്ഷ്യമിടുന്നു.

6.2 സാമ്പത്തികവളർച്ചയും സമൃദ്ധിയും

തിരഞ്ഞെടുത്ത വിഭാഗങ്ങൾ, ഉപവിഭാഗങ്ങൾ, കായികയിനങ്ങൾ എന്നിവയ്ക്കായി നിർദേശിച്ചിരിക്കുന്ന വിവിധ പദ്ധതികളിലൂടെയും സ്കീമുകളിലൂടെയും സ്പോർട്സ് മുഖാന്തരമുള്ള സാമ്പത്തികവളർച്ചയും സമൃദ്ധിയും ഉറപ്പാക്കുന്നു. 5 വർഷത്തിനുള്ളിൽ കേരള സമ്പദ്‌വ്യവസ്ഥയിൽ സ്പോർട്സിന്റെ സംഭാവന കുറഞ്ഞത് 3-4% ആക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ ഇത് 1% ആയി കണക്കാക്കുകയും 4 മടങ്ങ് വളർച്ച പ്രതീക്ഷിക്കുകയും ചെയ്യുന്നു. കോവിഡ് മഹാമാരി പല ഉൽപ്പാദന, സേവനമേഖലകളെയും തളർത്തി. സ്പോർട്സ് പോലുള്ള വളർന്നുവരുന്ന മേഖലകൾക്ക് ഈ സാഹചര്യത്തിൽ നിർണ്ണായകമായ സംഭാവന ചെയ്യാൻ കഴിയും എന്ന് അനുമാനിക്കുന്നു. 2026-ഓടെ 40,000 കോടിയുടെ സമ്പദ്‌വ്യവസ്ഥയായി കായികമേഖലയെ വളർത്തിയെടുക്കാനാണ് ലക്ഷ്യമിടുന്നത്.

6.3 ഫലപ്രദമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഉറപ്പാക്കുക

കായികരംഗത്ത് ഒന്നിലധികം മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വരുന്ന 5 വർഷത്തിനുള്ളിൽ ആഭ്യന്തര തൊഴിലുകളിൽ 100% വളർച്ച കൈവരിക്കാനും നയം ലക്ഷ്യമിടുന്നു. അടിസ്ഥാനസൗകര്യങ്ങൾ, കായികമത്സരങ്ങൾ, മേളകൾ, ഫെസിലിറ്റേഷൻ, നിർവഹണം, സേവനങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളിലുള്ള വൻ വളർച്ചയോടെ ഇത്

കൈവരിക്കാനാകും. ദേശീയ, അന്തർദേശീയ തലങ്ങളിലെ പ്രധാന കായികവിനോദങ്ങളും, അനുബന്ധ സാധ്യതാ മേഖലകളും സൃഷ്ടിക്കുന്ന തൊഴിൽസാധ്യതകളും പ്രയോജനപ്പെടുത്തണം.

6.4 മെച്ചപ്പെട്ട ആരോഗ്യവും സ്വാസ്ഥ്യവും

സ്ഥിരമായി ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലോ കായികപ്രവർത്തനങ്ങളിലോ ഏർപ്പെടുന്നത് വ്യക്തികൾക്ക് ശാരീരികവും മാനസികവുമായി ഗുണകരമാണ്. അത് വിനോദവും വിശ്രമവും നൽകുന്നു, സമ്മർദം കുറയ്ക്കുന്നു. ശാരീരികവും മാനസികവുമായ ആരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുന്നു. കൂടുതൽ ഉൽപ്പാദനക്ഷമമായ ജീവിതം നയിക്കാൻ ഇത് ആളുകളെ പ്രാപ്തരാക്കുന്നു.

6.5 പൗരാഭിമാനവും സാമൂഹികശാസ്ത്രപരമായ നേട്ടങ്ങളും

ദേശിയ, അന്തർദേശിയ കായികമേളകളിലെ പങ്കാളിത്തം, നേട്ടങ്ങൾ, അവയ്ക്ക് വേദിയൊരുക്കൽ തുടങ്ങിയ കാര്യങ്ങൾ സമൂഹത്തിന് വലിയ ഉത്തേജനമാണ് നൽകുന്നത്. അത് ആ സമൂഹത്തിന്റെ അഭിമാനം ഉയർത്തുന്നു. കളികളിലെ മികവും, താൽപര്യവും, ജനകീയതയും ജനങ്ങളെ കൂട്ടായ്മയോടെ പ്രവർത്തിക്കാനും, പൊതുലക്ഷ്യങ്ങൾക്കും വികസനത്തിനുമായി ഒന്നിച്ചുനിൽക്കാനും പ്രചോദനമാകുന്നു.

6.6 തൊഴിൽക്ഷമത വർധിപ്പിക്കൽ

നൈപുണ്യവികസനത്തിന്റെ ഫലപ്രദമായ ഉപകരണമാണ് സ്പോർട്സ്. ഇത് ആളുകളെ കൂടുതൽ തൊഴിൽയോഗ്യരാക്കി മാറ്റുന്നു. കായികക്ഷമത കൂടുതൽ ആവശ്യമുള്ള തൊഴിലുകളിൽ അവർക്ക് ഇത് മുൻതൂക്കം നൽകുന്നു. എല്ലാ തൊഴിലുകളിലും ആവശ്യമായ ചില അടിസ്ഥാനഗുണവിശേഷങ്ങൾ കായികവേദികളിൽനിന്ന് ആർജിക്കാനും കഴിയും.

7. കായികവികസനത്തിന്റെ പ്രസക്തി

കോവിഡനന്തരമുള്ള ആസൂത്രണത്തിൽ പരമ്പരാഗതമേഖലകൾക്ക് അപ്പുറമുള്ള സാധ്യതകളെ കൂടുതൽ അഭിസംബോധന ചെയ്യേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് സ്പോർട്സ്. കോവിഡിനു ശേഷം ആരോഗ്യം, ശാരീരികക്ഷമത, പ്രതിരോധശേഷി എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് വലിയ ഉൽകണ്ഠകളാണ്. ജീവിതത്തിന്റെ എല്ലാ തുറകളിൽനിന്നുമുള്ള പൗരന്മാരെ ശാരീരികപ്രവർത്തനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നത് ഇത്തരം പ്രശ്നങ്ങൾ ഒരു വലിയ പരിധി വരെ കൈകാര്യം ചെയ്യാൻ സഹായിക്കും.

വിവിധ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന ശാരീരിക, മാനസികാരോഗ്യപ്രശ്നങ്ങൾ ഇന്ന് വലിയ വെല്ലുവിളിയാണ്. ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകശ്രദ്ധ ആവശ്യമുള്ള മേഖലകളാണിവ. കായികവിനോദങ്ങളിലൂടെയുള്ള വ്യായാമപ്രവർത്തനങ്ങൾ ഒരു നല്ല പരിഹാരമായി മാറുന്നു. ഈ രംഗത്ത് വികസിതവും വികസ്വരവുമായ സമ്പദ്‌വ്യവസ്ഥകൾ പിന്തുടരുന്ന വിജയകരമായ മാതൃകകൾ സംസ്ഥാനത്തിന് പകർത്താവുന്നതാണ്.

ഭാഗം 2 - തന്ത്രങ്ങൾ

സർക്കാരിനെ കേന്ദ്രീകരിച്ചുള്ളതും, സർക്കാർ ഫണ്ട് ആശ്രയിച്ചിട്ടുള്ളതുമായ പരമ്പരാഗത ആസൂത്രണരീതിയും കാഴ്ചപ്പാടും നിലനിർത്തിക്കൊണ്ട് പുതിയ സാധ്യതകളെ ഉൾക്കൊള്ളിക്കുന്നു എന്നതാണ് കായികനയത്തിന്റെ പ്രധാന സവിശേഷത. കായിക മേഖലയിലെ എല്ലാ പങ്കാളികളുടെയും അർഥവത്തായ പങ്കാളിത്തം ഇത് ഉറപ്പാക്കുന്നു.

സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇതര ഫണ്ടിങ് സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

8. വികേന്ദ്രീകരണം

വിഖ്യാതമാണല്ലോ വികസനത്തിന്റെ കേരള മാതൃക. ആസൂത്രണത്തിന്റെ വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രാദേശികവികസനത്തിനുള്ള ഫണ്ട് വിനിയോഗത്തിനുള്ള അവസരവും സ്വാതന്ത്ര്യവുമാണ് ഈ മാതൃകയുടെ സവിശേഷത. പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിലുകൾ രൂപവൽക്കരിക്കാനുള്ള തീരുമാനം സമാനമായ രീതിയിൽ സ്പോർട്സ് മേഖലയിലെ നിർണായകനീക്കമാണ്. കായികരംഗത്ത് സമൂഹത്തിന്റെ പങ്കാളിത്തം വർധിപ്പിക്കും. കായികപ്രവർത്തനങ്ങളുടെയും കായികസമ്പദ്‌വ്യവസ്ഥയുടെയും വികേന്ദ്രീകൃത വികസനമാതൃകയാണ് ലക്ഷ്യം. ഈ സമീപനത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന കാതലായ മാറ്റത്തിനു വേണ്ടിയാണ് കായികനയം രൂപപ്പെടുത്തിയിരിക്കുന്നത്. നിരവധി ഇടപെടലുകളിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന കായികവികസന കാഴ്ചപ്പാട് കൈവരിക്കാൻ ലക്ഷ്യമിടുന്നു. സ്കൂൾ സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, തദ്ദേശീയ കായികവിനോദങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വികേന്ദ്രീകൃത രീതിയിൽ അടിത്തട്ടിലുള്ള വികസനവും നയം ലക്ഷ്യമിടുന്നു.

9. പങ്കാളിത്തമാതൃക

കായികരംഗത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നൽകാൻ ശേഷിയുള്ള നിരവധി പങ്കാളികൾ ഉണ്ട്. അതിൽ കുറച്ചു വിഭാഗങ്ങൾ മാത്രമാണ് പൂർണ്ണാർഥത്തിൽ ഈ പ്രക്രിയയിൽ ഭാഗഭാക്കാകുന്നത്. സ്വകാര്യസംരംഭകർ, സഹകരണമേഖല, പൊതുമേഖലാസ്ഥാപനങ്ങൾ, സർക്കാർവകുപ്പുകൾ തുടങ്ങിയവയുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. എൻജിഒകൾ, എസ്എംഇകൾ, സ്റ്റാർട്ടപ്പുകൾ, സാമൂഹികസംഘടനകൾ, കളക്ടീവുകൾ എന്നിവ സംസ്ഥാനത്ത് സജീവമാണെങ്കിലും കായികരംഗത്ത് വളരെ ചെറിയ തോതിൽ മാത്രമേ ഇടപെടുന്നുള്ളൂ. കായിക, ശാരീരികക്ഷമതാ പ്രവർത്തനങ്ങളുടെ വികസനത്തിന് അന്താരാഷ്ട്ര, ദേശീയ സംഘടനകളുടെ പദ്ധതികളും പരിപാടികളും സംസ്ഥാനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. മാനേജ്മെന്റ് സ്ഥാപനങ്ങളും, ഗവേഷണസ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും മറ്റു പല പ്രധാന മേഖലകളിലും സാമൂഹിക, സംരംഭക ഇടപെടലുകൾ സജീവമായി നടത്തുന്നു. ഈ സംവിധാനങ്ങളുടെ ശേഷിയും വൈദഗ്ധ്യവും വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നു. വിദേശ മലയാളികളുടെ വിഭവശേഷി പരിമിതി ഇല്ലാത്തതാണ്. നിക്ഷേപം അടക്കമുള്ള കാര്യങ്ങളിൽ ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

10. സമന്വയം

സ്പോർട്സിന്റെ വേഗത്തിലുള്ളതും, സുസ്ഥിരവുമായ വളർച്ചയ്ക്ക് വിവിധ മേഖലകളെയും വകുപ്പുകളെയും കൂട്ടിയിണക്കേണ്ടത് അത്യാവശ്യമാണ്. വെൽനസ് മേഖല ഉദാഹരണമാണ്. അത് കായിക, ശാരീരികക്ഷമതാ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതാണ്. ആഗോളതലത്തിൽ വെൽനസ് വ്യവസായം കുതിച്ചുയരുകയാണ്. ദിനംപ്രതി കുടുതൽ ഉൽപ്പന്നങ്ങളും സേവനങ്ങളും രൂപപ്പെടുന്നു. ആരോഗ്യവും കായികവും വിവിധ തലങ്ങളിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ് എന്നിവയിലെ നിക്ഷേപം സൃഷ്ടിക്കുന്ന ഗുണഫലങ്ങൾ ആരോഗ്യ ബജറ്റ് വെട്ടിച്ചുരുക്കാൻ സഹായിക്കും. അതുപോലെ, തദ്ദേശീയ കായികയിനങ്ങൾക്ക് മികച്ച ടൂറിസം സാധ്യതകളുണ്ട്. വള്ളംകളി, സെവൻസ്, വടംവലി എന്നിവ ഉദാഹരണങ്ങളാണ്. സ്പോർട്സ് മെഡിസിൻ, വെൽനസ് എന്നിവയിലൂടെ ആയുർവേദം കായികരംഗത്തോട് ബന്ധപ്പെട്ട് നിൽക്കുന്നു. യോഗ ഇപ്പോൾ ശാരീരിക-മാനസിക വ്യായാമോപാധി മാത്രമല്ല, ഒരു കായികയിനമായി മാറിയിരിക്കുന്നു.

കായികപ്രവർത്തനങ്ങൾ തൊഴിലവസരം വർധിപ്പിക്കുകയും കഴിവുകൾ വികസിപ്പിക്കുന്നതിന് വ്യക്തികളെ സഹായിക്കുകയും ചെയ്യുന്നു. സാങ്കേതികവിദ്യ, ശാസ്ത്രം, എഞ്ചിനീയറിങ് എന്നിവയ്ക്ക് ആധുനിക കാലഘട്ടത്തിൽ കായികരംഗത്ത് വലിയ തോതിൽ സംഭാവന നൽകാൻ കഴിയും. സ്പോർട്സ് പ്രോത്സാഹനത്തിൽ മാധ്യമങ്ങൾ പ്രത്യേകിച്ച് സോഷ്യൽ മീഡിയയ്ക്ക് പ്രധാന പങ്കുണ്ട്. ഇലക്ട്രോണിക് വിനോദമാധ്യമങ്ങളിലൂടെയാണ് കായികരംഗം അതിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം സൃഷ്ടിക്കുന്നത്. വിദ്യാഭ്യാസത്തിൽ കായികത്തിന് വിപ്ലവകരമായ പങ്ക് വഹിക്കാനാകും. യുവതലമുറയിൽ അത്യന്താപേക്ഷിതമായ ജീവിതനൈപുണ്യം വളർത്തുന്നതിനു പുറമെ മെച്ചപ്പെട്ട ശീലങ്ങളും വൈജ്ഞാനിക ശേഷിയും വികസിപ്പിക്കുന്നതിന് അത് പ്രയോജനകരമായി മാറുന്നു. സ്റ്റാർട്ടപ്പുകൾക്കും, നൂതനാശയങ്ങളുമായി മുന്നോട്ടു വരുന്നവർക്കും കായികമേഖലയിൽ മൂല്യവത്തായ സംഭാവനകൾ നൽകാൻ കഴിയും.

11. ശ്രദ്ധപതിയേണ്ട മേഖലകൾ.

ചില മേഖലകൾ മാത്രമേ കായികപ്രവർത്തനങ്ങളിൽ മുഴുവനായി പങ്കാളികളായിട്ടുള്ളൂ. ചില മേഖലകൾ ഭാഗികമായും. മറ്റ് ചിലത് ഒട്ടും തന്നെ അഭിസംബോധന ചെയ്യപ്പെടുന്നില്ല. സംസ്ഥാന സ്കൂൾ കായികമേള മികച്ചനിലയിൽ സംഘടിപ്പിക്കപ്പെടുന്നുണ്ട്. നിരവധി കായിക താരങ്ങളുടെ വളർച്ചയ്ക്ക് സ്കൂൾ കായികമേള അടിത്തറയായിട്ടുമുണ്ട്. എന്നാൽ, പ്രൊഫഷണൽ സ്പോർട്സ്, സ്കൂൾ-കോളേജ് സ്പോർട്സ് എന്നിവ അതിന്റെ ശേഷിക്കൊത്ത് കൂടുതൽ സജീവത കൈവരിക്കേണ്ടതുണ്ട്. ഹോം സ്പോർട്സ് താരതമ്യേന പുതിയതാണ്. കിഡ്സ് സ്പോർട്സ് വളർന്ന് വരുന്നു. സ്ത്രീകളും മുതിർന്ന പൗരന്മാരും കായികരംഗത്ത് കൂടുതൽ വ്യാപൃതരാകണം. പ്രത്യേക സ്കീമുകൾ ഉപയോഗിച്ച് ആ വിഭാഗത്തെ അഭിസംബോധന ചെയ്യാൻ കഴിയും. കമ്പനികളും സ്ഥാപനങ്ങളും ജീവനക്കാർക്കിടയിൽ കായികപ്രവർത്തനങ്ങൾ വർധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ അങ്ങനെയൊരു അവബോധം വർധിച്ചിട്ടുമുണ്ട്. കൂടുതൽ മേഖലകൾ സ്പോർട്സും ഫിറ്റ്നസും അഭിസംബോധന ചെയ്യുമ്പോൾ വളർച്ചയുടെ സാധ്യത വർധിക്കും. അതുവഴി എല്ലാ വിഭാഗങ്ങൾക്കും വ്യക്തികൾക്കും സംസ്ഥാനത്തിനും സമ്പദ്വ്യവസ്ഥയ്ക്ക് പ്രത്യക്ഷവും പരോക്ഷവുമായ നേട്ടങ്ങൾ സംഭാവന നൽകാൻ കഴിയും.

12. കായികസമ്പദ്ഘടനയുടെ കണക്കെടുപ്പ്

കായികമേഖലയുടെ സാമ്പത്തികശേഷി അളന്നു തിട്ടപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. വിവിധ വിഭാഗങ്ങളിൽനിന്ന് വികസിപ്പിച്ച ഉൽപ്പന്നങ്ങളിലൂടെയും സേവനങ്ങളിലൂടെയും കായികമേഖല ഇതിനകം തന്നെ ജിഡിപിയുടെ ഭാഗമാണ്. എന്നാൽ കായികമേഖല ഒറ്റയ്ക്കെടുത്ത് അതിനെ വിവിധ വിഭാഗങ്ങളായി വേർതിരിച്ച് ഉൽപന്നങ്ങളും, സേവനങ്ങളും കണ്ടെത്തി അളവു കണക്കാക്കിയിട്ടില്ല. അങ്ങനെയൊരു ശ്രമം രാജ്യത്തെവിടെയും ഉണ്ടായിട്ടില്ല. കായികമേഖലയുടെ സാമ്പത്തികശേഷി കൃത്യമായി അളക്കാൻ സർക്കാർ ഒരു സംഘടിത ശ്രമം നടത്തും. ഉദാഹരണത്തിന്, ഓരോ വർഷവും സ്പോർട്സ് മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണവും ക്ലബ്ബുകളിലെ റിക്രൂട്ട്മെൻറുകളും അളക്കേണ്ട ഒന്നാണ്. ഒരു വാർഷിക സാമ്പത്തിക സ്പോർട്സ് സർവേയിലൂടെ കായികമേഖലയുടെ സാമ്പത്തികശേഷിയുടെയും ജിഡിപിയിലേക്കുള്ള അതിന്റെ സംഭാവനയുടെയും ശരിയായ അളവെടുപ്പ് പ്രക്രിയ സാക്ഷാത്കരിക്കാനാകും. കായികമേഖലയുടെ വളർച്ചാ ലക്ഷ്യങ്ങൾ നിശ്ചയിക്കാനും കായിക സമ്പദ്വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കാനും ഇതു സഹായിക്കും.

13. സഹകരണം

സഹകരണം വളർച്ചയുടെ പുതിയ പാതയാണ്. അത് മേഖലയുടെ സാധ്യതകളെ വിശാലമാക്കുന്നു. കായികവികസനപ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ എഞ്ചിനീയറിങ് സ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, മാനേജ്മെന്റ് വിദഗ്ധർ, മാനേജ്മെന്റ് സ്ഥാപനങ്ങൾ, ടെക്നോളജി കമ്പനികൾ, കൺസൾട്ടിങ് സ്ഥാപനങ്ങൾ, സ്പോർട്സ് ഇൻഡസ്ട്രി, മാനുഫാക്ചറേഴ്സ് തുടങ്ങിയവയുമായുള്ള സഹകരണം ഒഴിച്ചുകൂടാനാകാത്തതാണ്. ഓരോ സാഹചര്യങ്ങൾക്കനുസരിച്ചു വേണം ഇത്തരം സഹകരണം ഉറപ്പാക്കുന്നത്. ഈ പുതിയ കാലഘട്ടത്തിൽ ഏതു മേഖലയും ഒറ്റയ്ക്കു നിൽക്കുക അസാധ്യമാണ്. അത് വളർച്ചയുടെ സാധ്യതകളെ പരിമിതപ്പെടുത്തും. അസോസിയേഷനുകൾ ലീഗുകൾക്കായി പദ്ധതിയിടുകയാണെങ്കിൽ മാനേജ്മെന്റ് സ്ഥാപനങ്ങൾ, ഇവന്റ് മാനേജ്മെന്റ് വിദഗ്ധർ, ബ്രോഡ്കാസ്റ്റർമാർ, സ്ട്രീമിങ് വിദഗ്ധർ, ബ്രാൻഡിങ് സ്പെഷ്യലിസ്റ്റുകൾ, മാർക്കറ്റിങ് വിദഗ്ധർ, ഫിനാൻഷ്യൽ അനലിസ്റ്റുകൾ, കൺസൾട്ടിങ് കമ്പനികൾ, മാർക്കറ്റിങ് ഗവേഷണകേന്ദ്രങ്ങൾ തുടങ്ങിയവയുടെ പങ്ക് പ്രധാനമാണ്. ഇത്തരം പങ്കാളികളുടെ വൈദഗ്ധ്യം ഉപയോഗിച്ച് ലോകത്തെ വിജയകരമായി നടക്കുന്ന സ്പോർട്സ് ലീഗുകളുടെ മാതൃകയിലും നിലവാരത്തിലും സംസ്ഥാനത്തും സ്പോർട്സ് ലീഗുകളെ വളർത്തിയെടുക്കാൻ കഴിയും. ഇത്തരം ലീഗുകളുടെ വിജയ തന്ത്രങ്ങൾ ശരിയായി ഗ്രഹിച്ചാൽ വ്യത്യസ്ത മേഖലകളുമായുള്ള സഹകരണത്തിന്റെ പ്രസക്തി ബോധ്യമാകും. പുതുതായി വികസിച്ചുകൊണ്ടിരിക്കുന്ന ക്ലബ്ബുകൾ, അക്കാദമികൾ, പരിശീലന സൗകര്യങ്ങൾ എന്നിവയ്ക്കും മികച്ച നേട്ടങ്ങൾക്കായി അത്തരം സഹകരണം ആവശ്യമാണ്.

14. സമ്പർക്കം

കായികപ്രതിഭകളുടെ പ്രകടനത്തിൽ മികവുറ്റ കളിക്കാരുമായും പരിശീലകരുമായുള്ള സമ്പർക്കം പ്രധാനമാണ്. അന്താരാഷ്ട്ര അക്കാദമികളിൽ വിദഗ്ധരായ പരിശീലകരുടെ കീഴിൽ നന്നേ ചെറുപ്പത്തിലും, വിവിധ ഘട്ടങ്ങളിലുമുള്ള പരിശീലനം ഒരു കായികതാരത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാനമാണ്. കഴിവുള്ള അത്‌ലറ്റുകൾക്കും ടീമുകൾക്കും പരിചയസമ്പത്ത് വർധിപ്പിക്കാനുള്ള യാത്രകളും പരിശീലനവും മത്സരങ്ങളും സർക്കാർ സജീവമായി കൂടിയാലോചനകൾ നടത്തി ആസൂത്രണം ചെയ്യും. വിദ്യാർഥികൾക്ക് മികച്ച അവസരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്പോർട്സ് കേരള സ്കൂൾ ഗെയിംസ്, സ്പോർട്സ് കേരള യൂണിവേഴ്സിറ്റി ഗെയിംസ് എന്നിവ സംഘടിപ്പിക്കും. അന്താരാഷ്ട്ര പരിശീലകർ, ക്ലബ്ബുകൾ, വിദഗ്ധർ എന്നിവരെ ക്ഷണിക്കുന്നതും ഇതുപോലെ പ്രധാനമാണ്. അവസരങ്ങൾ ലഭിച്ചാൽ ആഗോള പ്രശസ്തമായ അക്കാദമികൾ ഇപ്പോൾ വിദൂരസ്ഥലങ്ങളിൽ പോലും പ്രവർത്തിക്കാൻ താൽപര്യപ്പെടുന്നു. ഇത്തരം അക്കാദമികൾക്ക് കേരളത്തിൽ നിക്ഷേപം നടത്താൻ പ്രോത്സാഹനം നൽകും. ഇതിനായി 'സ്പോർട്സ് കേരള എലൈറ്റ് അക്കാദമി പദ്ധതി' നടപ്പാക്കും.

15. ആധുനികീകരണം

കായികം ഒരു ശാസ്ത്രശാഖയായി മാറിയിരിക്കുന്നു. വിവിധ സാങ്കേതികവിദ്യകൾക്ക് ഈ മേഖലയ്ക്ക് ഫലപ്രദമായി സംഭാവന നൽകാൻ കഴിയും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അനലിറ്റിക്സ്, റോബോട്ടിക്സ്, ഡാറ്റ സയൻസ് മുതലായ ആധുനിക സാങ്കേതികവിദ്യകളെ സ്പോർട്സ് സയൻസിൽ ശരിയായി സംയോജിപ്പിക്കാൻ കഴിയും. സ്പോർട്സ് ഉൾപ്പെടെ ഏത് മേഖലയുടെയും വളർച്ചയ്ക്ക് സ്പോർട്സ് എഞ്ചിനീയറിങ്ങും മാനേജ്മെന്റും ഒരുപോലെ അത്യാവശ്യമാണ്. കേരളത്തിലെ കായികമേഖലയിൽ ഇത്തരം വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ ഒരു പദ്ധതി രൂപവൽക്കരിക്കും.

16. ഏകീകരണം

സ്പോർട്സിനും അതിന്റെ ശാഖോപശാഖകൾക്കും ബന്ധപ്പെട്ട വിവിധ പ്രക്രിയകൾക്കും കൃത്യമായി നിർവചിക്കപ്പെട്ട ചട്ടക്കൂടും നടപടിക്രമങ്ങളും ആവശ്യമാണ്. നിയമപരവും സാമൂഹികവും സ്വാഭാവികവും പ്രവർത്തനപരവുമായ മാനദണ്ഡങ്ങൾ അതിൽ ഉൾപ്പെടുന്നു. സ്പോർട്സ് അരീനകളും ടർഫുകളും, വെൽനസ് സേവനങ്ങളും ഉൽപ്പന്നങ്ങളും, സ്പോർട്സ് മെഡിസിൻ, യോഗ തുടങ്ങിയവയുടെ നടത്തിപ്പും പരിപാലനവും പോലുള്ള വളർന്നുവരുന്ന വിഭാഗങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം വ്യവസ്ഥാപിത ചട്ടക്കൂട് കൂടുതൽ പ്രസക്തമാണ്.

17. കായിക പാഠ്യപദ്ധതി

സ്പോർട്സിനെ ഒരു പാഠ്യേതര പ്രവർത്തനമായി ഇനി കണക്കാക്കില്ല. അത് പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായിരിക്കും. പ്രത്യേക കായിക പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പുമായും കോളേജ് വിദ്യാഭ്യാസവകുപ്പുമായും നയപരമായ ഏകോപനം ആവശ്യമാണ്. ഓരോ തലത്തിനും പ്രത്യേക സിലബസ് തയ്യാറാക്കണം. സിദ്ധാന്തങ്ങളും പ്രായോഗികപരിശീലനവും ഉണ്ടാകണം. പാഠ്യപദ്ധതി ചട്ടക്കൂട് പൂർത്തീകരിക്കുന്നതിന് മൂല്യനിർണ്ണയ നടപടിക്രമവും വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കണം.

18. കായികവിഭാഗങ്ങൾ

18.1 മുൻഗണനാ വിഭാഗങ്ങൾ

ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് എന്നിവയിൽ സ്ഥിരമായി ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കായികയിനങ്ങളും പ്രോത്സാഹിപ്പിക്കാനാണ് സർക്കാരിന്റെ ശ്രമം.

ഒളിമ്പിക്സിൽ 28 പ്രധാന വിഭാഗങ്ങളും 44 ഉപവിഭാഗങ്ങളും ഉണ്ട്. പുരുഷന്മാർക്ക് -156, സ്ത്രീകൾക്ക്-147, മിക്സഡ്- 18 എന്നിങ്ങനെയാണ് മൊത്തത്തിലുള്ള മത്സരയിനങ്ങൾ. മൊത്തം മത്സരയിനങ്ങൾ 321 ആണ്. ക്രിക്കറ്റും കബഡിയും ഉൾപ്പെടെ നിരവധി ജനപ്രിയ കായികയിനങ്ങൾ പട്ടികയിൽ ഇല്ല.

കായികയിനങ്ങളുടെ മെഡൽ സാധ്യതയ്ക്കനുസരിച്ചും പ്രചാരത്തിനനുസരിച്ചും വികാസത്തിന്റെ പൊതുമാനദണ്ഡങ്ങൾക്കനുസരിച്ചും മുൻഗണനാക്രമത്തിലുള്ള പട്ടിക സംസ്ഥാന സ്പോർട്സ് കൗൺസിൽ വഴി തയ്യാറാക്കും.

18.2 കായികയിനങ്ങളുടെ വർഗീകരണം

അന്താരാഷ്ട്ര-ദേശീയതലങ്ങളിലെ വിവിധയിനങ്ങളിൽ മികവു പുലർത്താനുള്ള സാധ്യത അടിസ്ഥാനമാക്കി കായികയിനങ്ങളെ മൂന്നു വിഭാഗങ്ങളായി തരംതിരിക്കും.

1. ഉയർന്ന സാധ്യതയുള്ള ഗെയിമുകൾ

സമീപഭാവിയിൽ മെഡൽസാധ്യതയുള്ള വ്യക്തിഗതയിനങ്ങളും ടീം ഇനങ്ങളും ഇതിലുൾപ്പെടുന്നു. ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ കേരള കായികതാരങ്ങൾ മികച്ച പ്രകടനം കാഴ്ചവെച്ച ഇനങ്ങളായിരിക്കും ഉയർന്ന സാധ്യതയുള്ള ഗെയിമുകൾ. സ്പോർട്സ് മാനേജ്മെന്റ് ടെക്നിക്കുകൾ, ശാസ്ത്ര സാങ്കേതികവിദ്യകൾ, മറ്റ് നൂതന സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗിച്ച് നേട്ടങ്ങൾ നിലനിർത്തുകയും കൂടുതൽ മികവ് ആർജിക്കുകയും ചെയ്യുക എന്നതാണ് ഇതിലെ തന്ത്രം.

2. ജനപ്രിയ കായികവിനോദങ്ങൾ

ജനപ്രിയ കായികവിനോദങ്ങൾക്ക് കൂടുതൽ പ്രാധാന്യവും മുൻഗണനയും ഉണ്ട്. കാരണം അവ സംസ്ഥാനത്തുടനീളം കളിക്കുകയും കൂടുതൽ ആളുകൾ അതിൽ

പങ്കെടുക്കുകയും ചെയ്യുന്നു എന്നതു തന്നെ. ഇത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. മത്സരങ്ങളായും പരിശീലനമായും തുടർച്ചയായുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുന്നു. ലീഗുകൾ, ചാമ്പ്യൻഷിപ്പുകൾ, കോച്ചിങ്, പ്രൊഫഷണൽ ക്ലബ്ബുകൾ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങളുടെ സാധ്യത ജനപ്രിയ കായികരംഗത്തുണ്ട്. ആളുകൾ ഇതിലേക്ക് ആകർഷിക്കപ്പെടുമ്പോൾ എല്ലാ മേഖലകളിലും മികച്ച പങ്കാളിത്തവും പ്രതീക്ഷിക്കാം. ഈ യിനങ്ങളിൽ വളർച്ചാ സാധ്യതകൾ പ്രകടമാണ്. അതിനെ പിന്തുണയ്ക്കാനുള്ള ഒരു സംവിധാനം രൂപവൽക്കരിക്കും.

ദേശീയ, അന്തർദേശീയ തലങ്ങളിൽ ഈ ജനപ്രിയ കായികവിനോദങ്ങൾക്ക് പൊതുവെ കൂടുതൽ മുൻഗണനയും ഊന്നലും ലഭിക്കുന്നു. സാമ്പത്തികപ്രവർത്തനങ്ങളുടെ വലിയൊരു ഭാഗം അതിനെ ചുറ്റിപ്പറ്റിയാണ് നടക്കുന്നത്. ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, അത്‌ലറ്റിക്സ്, നീന്തൽ, സൈക്ലിങ്, ബാഡ്മിന്റൺ എന്നിവയാണ് കേരളത്തിലെ ഏറ്റവും പ്രശസ്തമായ കായികവിനോദങ്ങൾ. ഈ കായികയിനങ്ങൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തികപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിക്കും. സ്പോർട്സ് അസോസിയേഷനുകളുമായി സഹകരിച്ചും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേനയുമാണ് ഇത് ചെയ്യുക.

3. ഒളിമ്പിക് സ്പോർട്സ്

ഒളിമ്പിക് ഗെയിംസ് ലോകത്തിലെ ഏക ആഗോള, മൾട്ടി-സ്പോർട്സ് കായിക മാമാങ്കമാണ്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി ഒളിമ്പിക് ഗെയിംസ് വലിയ ഘടനാ മാറ്റത്തിനും, രൂപപരിണാമത്തിനും വിധേയമായി. ശൈത്യകാല കായികവിനോദങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിന്റർ ഒളിമ്പിക് ഗെയിംസ്, അംഗപരിമിതരായ അത്‌ലറ്റുകൾക്കുള്ള പാരാലിമ്പിക്സ്, 14 മുതൽ 18 വയസ്സുവരെയുള്ള അത്‌ലറ്റുകൾക്കുള്ള യൂത്ത് ഒളിമ്പിക് ഗെയിംസ്, വിവിധ ഭൂഖണ്ഡങ്ങൾക്കുള്ള കോണ്ടിനന്റൽ ഗെയിമുകൾ, ഒളിമ്പിക് ഗെയിംസിൽ മത്സരിക്കാത്ത കായികവിനോദങ്ങൾക്കായുള്ള വേൾഡ് ഗെയിംസ് എന്നിവയൊക്കെ ഇക്കാലയളവിൽ രൂപപ്പെട്ടതാണ്.

ഒളിമ്പിക്സ് ലക്ഷ്യമിട്ട് തിരഞ്ഞെടുത്ത കായികയിനങ്ങളിൽ ശാസ്ത്രീയപരിശീലനം ലഭ്യമാക്കും. അന്താരാഷ്ട്രതലത്തിൽ പ്രാഗത്ഭ്യം തെളിയിച്ച കായികതാരങ്ങൾക്ക് പരിശീലനം ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

18.3 സാധ്യതയുള്ള കായികയിനങ്ങൾ

ജനപ്രീതി, ഭൂമിശാസ്ത്രപരമായ മാനദണ്ഡങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ, പ്രതിഭകളുടെ ലഭ്യത, ഒളിമ്പിക്സിലോ ലോക ചാമ്പ്യൻഷിപ്പിലോ ഏതെങ്കിലും ഇനത്തിൽ വിജയിക്കാനുള്ള സാധ്യത എന്നിങ്ങനെ വിവിധ പരിഗണനകളോടെയാണ് കേരളത്തിന്റെ സാധ്യതയുള്ള കായികയിനങ്ങളെ നിർവചിച്ചിരിക്കുന്നത്.

വാട്ടർ സ്പോർട്സ് കൂടുതൽ ഊന്നൽ നൽകേണ്ട ഒരു വിഭാഗമാണ്. നീന്തലിൽ പ്രഗത്ഭരുടെ സമ്പന്നമായ പാരമ്പര്യം സംസ്ഥാനത്തിനുണ്ട്. വള്ളംകളി ജനപ്രിയ കായിക വിനോദമാണ്. കനോയിങ്, കയാക്കിങ്, റോവിങ് എന്നിവയ്ക്ക് അപാര സാധ്യതകളുണ്ട്. 44 നദികൾ ഉൾപ്പെടെ നിരവധി ജലാശയങ്ങൾ ഉള്ളതിനാൽ സാഹസിക കായികവിനോദങ്ങൾക്കും സാധ്യത നിലനിൽക്കുന്നു.

ഇൻഡോർ സ്പോർട്സിനും തുല്യസാധ്യതയാണുള്ളത്. പ്രത്യേകിച്ച് ബാഡ്മിന്റൺ, ടെന്നീസ്, സ്ക്വാഷ്, ടേബിൾ ടെന്നീസ്, ബില്യാർഡ്സ് എന്നിവയിൽ. ജനപ്രിയ ഇനങ്ങളുടെ

വകഭേദങ്ങൾക്കും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. 3X3 ബാസ്കറ്റ്ബോൾ, ബീച്ച് വോളിബോൾ, വാട്ടർ പോളോ എന്നിവ അത്തരമൊരു കാഴ്ചപ്പാടിൽ പരിഗണിക്കേണ്ടതാണ്.

ഇരുവശത്തും 5 കളിക്കാർ മത്സരിക്കുന്ന ഫുട്ബോളിനോട് സാമ്യമുള്ള കായിക വിനോദമാണ് ഫുട്സാൽ. ഫുട്ബോളിലേക്കുള്ള ഏറ്റവും മികച്ച പരിശീലന ഫീഡർ സ്പോർട്സായി ഈ ഗെയിം കണക്കാക്കപ്പെടുന്നു. ഇത്തരം കായികയിനങ്ങൾക്കും പ്രാധാന്യം നൽകണം. ഉയർന്ന സാധ്യതയുള്ള കായികയിനങ്ങളിൽ ടൂർണമെന്റുകളുടെ നടത്തിപ്പ്, പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, സാമ്പത്തികസഹായം എന്നിവയ്ക്കായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കും.

18.4 തദ്ദേശീയ കായികവിനോദങ്ങൾ

തനിമയുള്ള ചില കായികവിനോദങ്ങൾ കേരളം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാംസ്കാരിക, വിനോദസഞ്ചാര ഉൽപ്പന്നങ്ങളായി വികസിക്കുന്നതിനുള്ള വലിയ സാധ്യതകൾ അവയ്ക്കുണ്ട്. നിയമങ്ങളുടെ ഏകീകരണം, മത്സരങ്ങൾക്കുള്ള അംഗീകാരം, പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ശക്തമായ ബ്രാൻഡിങ്, വിപണനം എന്നിവ ഇവയുടെ വികസനത്തിന് ആവശ്യമാണ്.

സവിശേഷ ശ്രദ്ധയ്ക്കും, നയപരമായ പിന്തുണയ്ക്കും വേണ്ടി തിരഞ്ഞെടുത്ത പ്രധാന തദ്ദേശീയ കായികവിനോദങ്ങൾ താഴെപ്പറയുന്നു.

- കേരളത്തിൽ വളരെ പ്രചാരമുള്ള കായികയിനമാണ് വള്ളംകളി. നിർവധി ചാമ്പ്യൻഷിപ്പുകൾ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെടുന്നു. ഇപ്പോൾ ബോട്ട് ലീഗ് അത്തരം ശ്രമങ്ങൾ ഏകീകരിക്കുകയും മനോഹരമായ ഒരു ടൂറിസം മേളയായി വികസിപ്പിക്കുകയും ചെയ്തു. ഒരു ടീമിൽ ഏറ്റവും കൂടുതൽ കളിക്കാർ ഉള്ള ടീം സ്പോർട്സ് ആണിത്. കാഴ്ചയുടെ മികവും വശ്യതയും വള്ളംകളിയുടെ എടുത്തുപറയേണ്ട സവിശേഷതയാണ്.

- സെവൻസ് ഫുട്ബോൾ കേരളത്തിലെ ഏറ്റവും ജനപ്രിയമായ കായികവിനോദമാണ്. സെവൻസ് ഫുട്ബോളിന് മലബാർമേഖലയിൽ ആഴത്തിലുള്ള വേരോട്ടമുണ്ട്. പക്ഷെ ഇപ്പോഴും അസംഘടിത നിലയിലാണ്.

- സംസ്ഥാനത്തുടനീളം പ്രചാരമുള്ള മറ്റൊരു പ്രാദേശിക കായികവിനോദമാണ് വടംവലി. നിരവധി വടംവലി ചാമ്പ്യൻഷിപ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

- കളരിപ്പയറ്റ് കേരളത്തിൽ ഉത്ഭവിച്ച ആയോധനകലയാണ്; ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ആയോധനകലകളിലൊന്നുമാണ്. കൂടാതെ, സമഗ്രമായ പഠനം നടത്തി ഇത്തരം കൂടുതൽ കായികയിനങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കും.

18.5 പുതുതലമുറ കായികയിനങ്ങൾ

ഗോൾഫ്, ബില്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ് തുടങ്ങിയ കായികയിനങ്ങളിൽ താൽപര്യം വർധിച്ചുവരികയാണ്. ഈ കളിയിടങ്ങൾ വിനോദകേന്ദ്രങ്ങൾ കൂടിയാണ്. ഈ കായികവിനോദങ്ങൾക്കു പറ്റിയ ഒരു സാമൂഹികാന്തരീക്ഷവും കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. 'ഗോൾഫ്' ഗ്രീൻ സ്പോർട്സ് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന കായികയിനമാണ്. ഇത്തരം കായികയിനങ്ങൾ സാധാരണ ജനങ്ങൾക്കു കൂടി പ്രാപ്യമാക്കാനുള്ള ഇടപെടൽ നടത്തും.

18.6 സാഹസിക കായികവിനോദങ്ങൾ

ഇന്ത്യയിലെ ഏറ്റവും വൈവിധ്യമാർന്ന സാഹസിക കായികവിനോദങ്ങൾ കേരളം വാഗ്ദാനം ചെയ്യുന്നു. ട്രക്കിങ്, റോക്ക് ക്ലൈംബിങ്, പാരാഗ്ലൈഡിങ്, പാരാസെയിലിങ്, വാട്ടർ റാഫ്റ്റിങ്, കയാക്കിങ്, കനോയിങ്, വാട്ടർ/ജെറ്റ് സ്കീയിങ്, കയാക്കിങ്, സെയിലിങ്, റോവിങ്, വിൻഡ്സർഫിങ്, സെയിലിങ്, സ്കൂബ ഡൈവിങ് എന്നിവ ഈ പട്ടികയിൽ വരുന്നു. ടൂറിസം വകുപ്പുമായി ഏകോപിപ്പിച്ച് ഇവയെ പ്രോത്സാഹിപ്പിക്കും.

18.7 പാരമ്പര്യേതര കായികവിനോദങ്ങൾ

പട്ടം പറത്തൽ, ഡ്രോൺ റേസിങ്, ബൈക്ക് റേസ്, കാർ റേസ്, മഡ് റേസ്, ഫുട്സാൽ, വാട്ടർ റാഫ്റ്റിങ്, ബീച്ച് വോളിബോൾ, ബീച്ച് ഫുട്ബോൾ തുടങ്ങി വളരെ പ്രശസ്തമായ ചില അന്താരാഷ്ട്ര കായികവിനോദങ്ങൾ ഉൾപ്പെടുന്ന പാരമ്പര്യേതര കായികമേഖലയ്ക്കും അർഹമായ പ്രാധാന്യം നൽകും.

ഗ്രാമ, മുനിസിപ്പൽ, കോർപ്പറേഷൻ, കോളേജ് - സ്കൂൾതലത്തിൽ കായികയിനങ്ങൾ പരിശീലനം നൽകുന്നതിനായി തിരഞ്ഞെടുക്കുമ്പോൾ പ്രദേശത്ത് നിലനിൽക്കുന്നതും ഉയർന്നുവരുന്നതുമായ സൗകര്യങ്ങൾക്കും പ്രാദേശിക കായികസംസ്കാരത്തിനും അനുസൃതമായി പ്രാദേശിക ഭരണസംവിധാനങ്ങൾക്കോ സ്കൂൾ, കോളേജ് അധികൃതർക്കോ തീരുമാനിക്കാവുന്നതാണ്.

ഭാഗം 3 - പ്രവർത്തനപദ്ധതി

19. കായികവും ആരോഗ്യവും

ആരോഗ്യം എന്നത് കേവലം രോഗമോ വൈകല്യമോ ഇല്ലാത്ത അവസ്ഥയല്ല; ശാരീരികവും മാനസികവും സാമൂഹികവുമായ പൂർണ്ണക്ഷേമാവസ്ഥയാണ്. ശിശുമരണനിരക്ക്, മാതൃമരണ നിരക്ക്, ജനനനിരക്ക്, മരണനിരക്ക്, ആയുർദൈർഘ്യം തുടങ്ങിയ വിവിധ ആരോഗ്യസൂചകങ്ങളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണ്. ഇത്തരം സൂചികകളിൽ പലതിലും നമ്മുടെ നിലവാരം ലോകത്തിലെ വികസിതരാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. എന്നാൽ, ഉയർന്ന രോഗാതുരതാനിരക്കും പുതിയതും, വീണ്ടും പ്രത്യക്ഷപ്പെടുന്നതുമായ പകർച്ചവ്യാധികൾക്കുമൊപ്പം വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ കേരളം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. മാറിവരുന്ന ജീവിതശൈലിയും, ഭക്ഷണശീലങ്ങളും, വ്യായാമത്തിന്റെ അഭാവം, പുകവലി, മദ്യപാനം അടക്കമുള്ള ദുശ്ശീലങ്ങളുടെ വർദ്ധനവിന് കാരണമാകുന്നു.

പ്രമേഹവും, രക്തസമ്മർദ്ദവും ഇവയുടെ സങ്കീർണതകളായ ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, വൃക്കരോഗങ്ങൾ മുതലായവ ആരോഗ്യപരിപാലന മേഖലയിൽ കടുത്ത വെല്ലുവിളി ഉയർത്തുന്നു. ജീവിതശൈലി രോഗങ്ങൾ തടയാനും, മുഴുവൻ ജനതയും ആരോഗ്യത്തോടെ ജീവിക്കാനുമുള്ള ആരോഗ്യദായക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്നതാണ് ഈ വെല്ലുവിളി നേരിടാനുള്ള ശരിയായ മാർഗ്ഗം. ചിട്ടയായ വ്യായാമങ്ങളും, ശാരീരികക്ഷമത വർധിപ്പിക്കാനുള്ള കായികപ്രവർത്തനങ്ങളും വഴി വർദ്ധിച്ചുവരുന്ന രോഗാതുരതയും, ജീവിതശൈലി രോഗങ്ങളും അവയുടെ നിരവധി സങ്കീർണതകളും തടയാൻ സാധിക്കും. വ്യക്തിയുടെയും പൊതുസമൂഹത്തിന്റെയും ആരോഗ്യ സംരക്ഷണത്തിനുള്ള ചെലവ് കുറച്ചു കൊണ്ടുവരാനും കഴിയും. അതിനാൽ, വ്യായാമത്തിനും ശാരീരികക്ഷമത പ്രവർത്തനങ്ങൾക്കും കായികവിനോദങ്ങൾക്കും അവസരം നൽകി സജീവമായ ജീവിതം നയിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നത് ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനേക്കാൾ അത്യാവശ്യവും ഗുണപരവുമായ പ്രവർത്തനമാണ്.

20. കായിക, ശാരീരികക്ഷമതാ, വ്യായാമസാക്ഷരത

കായികരംഗത്തും കായികക്ഷമതയിലും മികച്ച സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. മാധ്യമവ്യാപനത്തിന്റെ ഒരു ഗുണഫലമാണിത്. ചികിത്സയെക്കാൾ മികച്ച പ്രതിവിധി പ്രതിരോധമാണ് എന്ന ബോധ്യം ഇന്ന് സമൂഹത്തിനുണ്ട്. ഇത് കൂടുതൽ ആളുകളെ ദിവസേനയുള്ള ശാരീരികവ്യായാമങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുന്നു. നടത്തം, സൈക്ലിങ്, ഓട്ടം, നീന്തൽ തുടങ്ങിയവ സംസ്ഥാനമാകെ വ്യാപിക്കാൻ ഈ അവബോധം ഇടയാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 20 ലക്ഷം ആളുകൾ രാവിലെയോ വൈകുന്നേരമോ ഒരു ദിനചര്യ എന്ന നിലയിൽ ശാരീരികവ്യായാമങ്ങളിൽ ഏർപ്പെടുന്നുണ്ടെന്നാണ് കണക്ക്.

സ്പോർട്സ് യുവാക്കളുടെ ഒരു ആകർഷക തൊഴിൽസാധ്യതയായി മാറിയിരിക്കുന്നു. ഗവൺമെന്റിലും സ്വകാര്യമേഖലയിലും സ്പോർട്സ് ക്വാട്ടയിലൂടെ വലിയൊരു വിഭാഗം കായികതാരങ്ങൾ ഇടം നേടിയിട്ടുണ്ട്. പ്രൊഫഷണൽ ക്ലബ്ബുകളിലും പ്രീമിയം സ്ഥാപനങ്ങളിലും നൂറുകണക്കിന് കായികതാരങ്ങൾ റിക്രൂട്ട് ചെയ്യപ്പെടുന്നു.

പുതിയ തലമുറ കായികപ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം കാണിക്കുന്നു എന്നത് പ്രചോദനകരമാണ്. ക്രിക്കറ്റ് മുതൽ കബഡി വരെയുള്ള കായികയിനങ്ങൾ പ്രചോദിപ്പിക്കുന്ന ഒട്ടേറെ വിജയകഥകൾ സൃഷ്ടിക്കുന്നു. കായികവേദികൾ സൃഷ്ടിക്കുന്ന സമ്പത്ത്, ഗ്ലാമർ, അഭിമാനം എന്നിവയ്ക്കൊപ്പം അവസരങ്ങളെക്കുറിച്ചും . പുതുതലമുറ ബോധവാന്മാരാകുന്നതിനാൽ സ്പോർട്സിൽ താൽപര്യം കാണിക്കുന്ന കുട്ടികളെ യാഥാസ്ഥിതിക കുടുംബങ്ങൾ പോലും ശക്തമായി പിന്തുണയ്ക്കുന്നു.

ആർമി, നേവി, എയർഫോഴ്സ്, ബിഎസ്എഫ്, സിഐഎസ്എഫ്, സിആർപിഎഫ്, സ്റ്റേറ്റ് പോലീസ് തുടങ്ങി ശാരീരികമികവ് കൂടുതൽ ആവശ്യമുള്ള പല തൊഴിലുകളും ലഭിക്കാൻ പ്രാപ്തമാക്കുന്ന നൈപുണ്യവികസനത്തിൽ സ്പോർട്സിന്റെ സാധ്യതകൾ ആളുകൾ മനസ്സിലാക്കുന്നു. മാനസികാരോഗ്യവും സന്തോഷവും പ്രദാനം ചെയ്യുന്ന ഒരു വിനോദ പ്രവർത്തനമോ ഒഴിവുസമയപ്രവർത്തനമോ ആയുള്ള സ്പോർട്സിന്റെ പോസിറ്റീവ് ഫലത്തെക്കുറിച്ചു അവർ ബോധവാന്മാരാണ്. കായികനേട്ടങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന പൗരാഭിമാനവും അതുണ്ടാക്കുന്ന സാമൂഹികസ്വാധീനവും പ്രധാനപ്പെട്ടതാണ്.

ഉയർന്നതലത്തിലുള്ള ശാരീരികക്ഷമതാ സാക്ഷരതയ്ക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കായികസാക്ഷരതയും, കായികക്ഷമതാ അവബോധവും അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ച് വളർത്തിയെടുക്കാൻ സർക്കാർ ശ്രമിക്കും. കായികസാക്ഷരത നൽകാൻ വ്യാപക പ്രചാരണപരിപാടികൾ സംഘടിപ്പിക്കും. കുട്ടിക്കാലത്തുതന്നെ കായികസാക്ഷരത കൈവരിക്കാൻ ഉതകുന്നതരത്തിൽ പ്രൈമറി വിദ്യാലയം മുതൽ കുട്ടികളെ കളികളിലേക്കും ഫിസിക്കൽ ആക്റ്റിവിറ്റികളിലേക്കും ആകർഷിക്കുന്ന പരിപാടികൾ സംഘടിപ്പിക്കും. അതിനുതകുന്ന പ്രചാരണങ്ങളും സ്കൂൾതലത്തിൽ നടത്തും.

21. കായികവും വിദ്യാഭ്യാസവും

സ്പോർട്സിലും സജീവമായ ശാരീരികവിനോദങ്ങളിലുമുള്ള പങ്കാളിത്തം കുട്ടികളെ മെച്ചപ്പെട്ട വൈജ്ഞാനിക വികാസവും മികച്ച ശീലങ്ങളും കൈവരിക്കാൻ സഹായിക്കുന്നു. മികച്ച അക്കാദമിക് ഫലങ്ങൾ കൈവരിക്കുന്നതിനും അത് സഹായിക്കും. സ്പോർട്സിലൂടെ നേടിയെടുക്കുന്ന ജീവിതനൈപുണ്യങ്ങൾ അവരെ കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളവരാക്കും. ജീവിതത്തിൽ നേട്ടങ്ങൾ എത്തിപ്പിടിക്കാൻ പ്രാപ്തരാക്കുകയും ചെയ്യും.

പാഠ്യപദ്ധതിയിൽ കായികം നിർബന്ധവിഷയമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതിനായി വിദ്യാഭ്യാസവകുപ്പുമായി കൂടിയാലോചിച്ച് പാഠ്യപദ്ധതി പരിഷ്കരണം ഉൾപ്പെടെ നടപ്പാക്കും. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ-കുന്ദംകുളം സ്പോർട്സ് ഡിവിഷനുകൾ എന്നിവിടങ്ങളിൽ കായികാധിഷ്ഠിതമായ പ്രത്യേക സിലബസ് തയ്യാറാക്കാൻ നടപടിയായിട്ടുണ്ട്. കായികമേഖലയിൽ മുന്നോട്ടുപോകാൻ പ്രയോജനപ്രദമായ വിഷയങ്ങൾ സ്പോർട്സ് സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തും. സ്കൂൾതല സ്പോർട്സിന് കൂടുതൽ പ്രധാന്യം നൽകും. കേരളത്തിലെ എല്ലാ വിഭാഗം സ്കൂളുകളെയും കായികവികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കും.

22. കായികവും അടിസ്ഥാനസൗകര്യങ്ങളും

സാമൂഹിക പങ്കാളിത്തത്തോടെയുള്ള 'താഴെത്തട്ടിലുള്ള തല സൗകര്യങ്ങൾ മുതൽ ലോകത്തെ മുൻനിര മത്സരവേദികൾ തയ്യാറാക്കുന്നത്വരെ കായികവ്യവസായ അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. താഴേത്തട്ടിൽ, മികച്ച പ്രതിജ്ഞാബദ്ധതയുള്ള സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും, ആ മേഖലയിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും, വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നുള്ള ആളുകളെ പൊതുവായ ലക്ഷ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിനും, തൊഴിലിനെയും സമ്പദ്വ്യവസ്ഥയെയും പിന്തുണയ്ക്കുന്നതിനും സ്പോർട്സ് അടിസ്ഥാനസൗകര്യത്തിന് ഒരു അടിത്തറ നൽകാൻ കഴിയും. കമ്മ്യൂണിറ്റി സ്പോർട്സ് അടിസ്ഥാനസൗകര്യം എന്നത് കേവലം കളിക്കാനുള്ള ഒരിടം എന്നതിലുപരിയായി സാമൂഹികമായ ഒരുമയുടെയും കൂടിച്ചേരലിന്റെയും വേദികളാകണം.

സ്പോർട്സ് അടിസ്ഥാനസൗകര്യ നിക്ഷേപം മൂന്ന് തലത്തിലാണ് നടക്കുന്നത്- വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, സർക്കാർ മഖേന പൊതു ഇടങ്ങളിൽ, സ്വകാര്യ മേഖലയിൽ. ലഭ്യമായ സൗകര്യങ്ങളുടെ പൂർണ്ണ ഉപയോഗം ഉറപ്പാക്കാൻ മികച്ച ഏകോപനം ആവശ്യമാണ്. ദേശീയ ഗെയിംസ്, അന്താരാഷ്ട്ര കായികമേളകൾ മുതലായ അഭിമാനകരമായ കായികമാമാങ്കങ്ങൾക്ക് വേദിയൊരുക്കാനുള്ള അവസരം കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഇത്തരം പ്രധാന ഇവന്റുകൾ ഗതാഗതം, പൊതുഇടങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ വളർച്ചകൂടി ഉറപ്പാക്കുന്നു.

23. സാമ്പത്തികക്ഷമത കൈവരിക്കൽ

പങ്കാളികൾക്ക് മികച്ച അന്തരീക്ഷവും തുല്യ അവസരവും സർക്കാർ പ്രദാനം ചെയ്യും. പങ്കാളിത്തമാണ് സാമ്പത്തികസുസ്ഥിരത കൈവരിക്കുന്നതിന് സർക്കാർ അനുവർത്തിക്കുന്ന മാർഗം. സ്വകാര്യസംരംഭകരുടെ പങ്കാളിത്തവും നിക്ഷേപവും ഈ നയം ഉറപ്പാക്കും. പിപിപി മാതൃക പ്രോത്സാഹിപ്പിക്കും. അടിസ്ഥാനസൗകര്യങ്ങൾ, ഇവന്റുകൾ, പ്രൊഫഷണൽ ക്ലബ്ബുകൾ, അക്കാദമികൾ എന്നിവയിൽ നിക്ഷേപംനടത്താൻ സംരംഭകരെ സർക്കാർ ക്ഷണിക്കും.

നൂതന ആശയങ്ങൾ കൊണ്ടുവരാൻ കായികമേഖലയിലുള്ള സ്റ്റാർട്ടപ്പുകളെയും നവസംരംഭകരെയും പ്രോത്സാഹിപ്പിക്കും. സ്പോർട്സ് അധിഷ്ഠിത സംരംഭങ്ങളിലേക്ക് എൻ.ആർ.ഐകളെ ആകർഷിക്കാനും ലക്ഷ്യമിടുന്നു. ഫലപ്രദമായ ഇടപെടലുകളിലൂടെ സാമൂഹിക പ്രതിജ്ഞാബദ്ധതാ ഫണ്ടുകളും സോഷ്യൽ ആക്ടിവേഷൻ ഫണ്ടിങ്ങുകളും ലഭ്യമാക്കും. പങ്കാളിത്തമാതൃകയിലായിരിക്കും ക്രൗഡ് ഫണ്ടിങ് സംവിധാനം പ്രവർത്തിക്കുക.

ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്പോർട്സിൽ പങ്കാളികളാക്കും. സഹകരണസംഘങ്ങളെ കായികരംഗത്തേക്ക് ക്ഷണിക്കും. സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ, ഗ്രാമീണ ക്ലബ്ബുകൾ

എന്നിവയ്ക്ക് മികച്ച പങ്കാളിത്തം ലഭിക്കും. ഇതിനായി മികച്ച പദ്ധതികളും പരിപാടികളും രൂപകല്പന ചെയ്യും.

23.1 നിലവിലുള്ള സൗകര്യങ്ങളുടെ പരമാവധി ഉപയോഗം

മുൻ വർഷങ്ങളിൽ വികസിപ്പിച്ച അടിസ്ഥാനസൗകര്യങ്ങൾ - വലിയ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, ഷൂട്ടിങ് അരീനകൾ, ഹോക്കി ടർഫുകൾ എന്നിവ പലപ്പോഴും വേണ്ടത്ര പരിപാലനമില്ലാതെ ഉപയോഗശൂന്യമായി മാറുകയാണ്. ഈ അടിസ്ഥാനസൗകര്യങ്ങൾ പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായി തയ്യാറാക്കിയത് കൊണ്ട് തുടർന്നുള്ള മതിയായ കായിക മത്സരങ്ങളുടെയും പരിശീലനത്തിന്റെയും അഭാവം കാരണം വർഷത്തിൽ മിക്കസമയവും ഒഴിഞ്ഞുകിടക്കുന്നു. പ്രധാന ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റുകളാകട്ടെ വാടക, വിനോദ പരിപാടികൾ, അനുബന്ധസൗകര്യങ്ങൾ തുടങ്ങിയ കായികേതരവഴികളിൽനിന്ന് വരുമാനം ഉണ്ടാക്കുന്നു. കായികേതര വരുമാനം ഉണ്ടാക്കുന്നത് സ്വാഗതാർഹമായ നീക്കമാണ്, എന്നാൽ കായികാധിഷ്ഠിത പ്രവർത്തനങ്ങൾ അവഗണിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്.

ഒരു സമ്പദ്‌വ്യവസ്ഥയായി കണക്കാക്കി മേഖലയുടെ മൊത്തത്തിലുള്ള നവീകരണം നടപ്പാക്കുകയാണ് പ്രധാനം. കൂടുതൽ ലീഗുകൾ, ചാമ്പ്യൻഷിപ്പുകൾ, കോച്ചിങ് ക്യാമ്പുകൾ, തുടർച്ചയായുള്ള കോച്ചിങ് സൗകര്യങ്ങൾ, ക്ലബ്ബുകൾക്ക് വേണ്ടിയുള്ള പരിശീലനം തുടങ്ങിയവ മൊത്തത്തിലുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമാണ്.

സമ്പദ്‌വ്യവസ്ഥ രൂപപ്പെടുന്നതിനൊപ്പം സ്വാഭാവികമായി അതിനെ ചുറ്റിപ്പറ്റി സുസ്ഥിരമായ ഒരു കായിക ആവാസവ്യവസ്ഥ വികസിച്ചു വരും. അത്തരം ഒരു വളർച്ചയ്ക്ക് സ്ഥിരമായ പരിശ്രമവും ചിട്ടയായ നടപടിക്രമങ്ങളും ഉണ്ടാകണം.

ഒരു പരിപാടി നടക്കുമ്പോൾ കച്ചവടം, വിനോദം, താമസം, ഭക്ഷണം, ശുചീകരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കും. പാർട്ട്ടൈമായും, ഫുൾടൈമായും തൊഴിൽ സൃഷ്ടിക്കപ്പെടും. ഈ സൗകര്യങ്ങൾ നിത്യേന ഉപയോഗിക്കാനായാൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വരുമാനം ഉറപ്പാക്കാം. പ്രവർത്തനമൂലധന ആവശ്യകതകൾ നിറവേറ്റപ്പെടുകയും ചെയ്യും. ഇത് ഒരു സ്വതന്ത്ര കായികസമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിന് സഹായിക്കും.

23.2 പ്രവർത്തനമൂലധനം കൈകാര്യം ചെയ്യൽ

പ്രവർത്തനമൂലധന ദൗർലഭ്യം എങ്ങനെ കൈകാര്യം ചെയ്യുമെന്നത് എപ്പോഴുമുള്ള ആശങ്കയാണ്. സൗകര്യങ്ങളുടെ പരിപാലനവും തികഞ്ഞ വെല്ലുവിളി തന്നെ. കേരള സർക്കാരിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ, കായിക അടിസ്ഥാനസൗകര്യ വികസനം സുഗമമാക്കുന്നതിനും സുസ്ഥിരവും ലാഭകരവുമായ രീതിയിൽ അവ പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. കേരളസർക്കാർ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ ധാരാളം നിക്ഷേപിച്ചിട്ടുണ്ട്. 2016-21-ൽത്തന്നെ 1000 കോടി രൂപയുടെ നിക്ഷേപം നടത്തി. മുഖ്യമായും കിഫ്ബി മുഖാന്തരമായിരുന്നു ഇത്. ചില സൗകര്യങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങളുടേതാണ്; മറ്റുള്ളവ തദ്ദേശസ്ഥാപനങ്ങളുടേതും. ഇവയുടെയെല്ലാം അറ്റകുറ്റപ്പണികളും കായികസൗകര്യങ്ങളുടെ ശരിയായ വിനിയോഗവും വെല്ലുവിളിയായി മാറുന്നു. ഒരു സ്കൂളിന് ഫൈവ് സ്റ്റാർ സ്പോർട്സ് സൗകര്യം ലഭിക്കുകയും എല്ലാ ഫണ്ടുകളും നിർമ്മാണാവശ്യത്തിനായിത്തന്നെ വിനിയോഗിക്കുകയും ചെയ്യുകയാണെങ്കിൽ, കായികപ്രവർത്തനങ്ങളുടെ തുടർച്ചയും ശരിയായ പരിപാലനവും വലിയ ചോദ്യചിഹ്നമാകും. അത്തരം സന്ദർഭങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഫണ്ട് സമാഹരണത്തിന്റെ പങ്കാളിത്ത മാതൃക സ്വീകരിക്കാവുന്നതാണ്. സ്കൂളുകളുടെയും കോളേജുകളുടെയും കാര്യത്തിൽ അത്തരം വിജയകരമായ മാതൃകകൾ ഉണ്ട്. മാനേജ്മെന്റ്, പിടിഎ, പൂർവവിദ്യാർഥികൾ,

പൊതു-സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, സ്പോർട്സ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവർ ചേർന്ന് മുഴുവൻ കായികാവശ്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ഫണ്ട് സംവിധാനം വികസിപ്പിക്കാൻ കഴിയും.

താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസം, ജേഴ്സി, മെറ്റീരിയലുകൾ, മത്സര പങ്കാളിത്തം, നിർമ്മിച്ച അടിസ്ഥാനസൗകര്യങ്ങൾ ശരിയായി പരിപാലിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അത്തരം സ്ഥാപനങ്ങൾക്ക് ഉൽപ്പാദനക്ഷമത/നേട്ടം അടിസ്ഥാനമാക്കിയുള്ള തുടർപ്രോത്സാഹനങ്ങൾ മാത്രമേ സർക്കാരിന് നൽകാൻ കഴിയൂ. മികച്ച പ്രകടനത്തിലൂടെ അവർക്ക് സ്പോൺസർഷിപ്പുകളും ബ്രാൻഡിങ്ങും വർധിപ്പിക്കാനും ഏതാനും വർഷങ്ങൾക്കുള്ളിൽ സുസ്ഥിരമാകാനും കഴിയും.

23.3 സ്വകാര്യമേഖലയിലെ നിക്ഷേപങ്ങൾ

സ്പോർട്സ് ആകർഷകമായ ഒരു നിക്ഷേപമേഖലയാണ്. മറ്റേതൊരു മേഖലയെയും പോലെ സ്പോർട്സിലും സംരംഭകർ ധാരാളമായി നിക്ഷേപം നടത്തുന്നു. ഇത് മൂല്യവത്തായ നിക്ഷേപമാർഗമായി അവർ കണക്കാക്കുകയും ചെയ്യുന്നു. സ്പോർട്സിലെ നിക്ഷേപം ലാഭം മാത്രം ലക്ഷ്യമിട്ടുള്ള ഒന്നല്ല. യുവാക്കളോടും സമൂഹത്തോടുമുള്ള പ്രതിജ്ഞാബദ്ധത കൂടിയാണ്. ഈ കാഴ്ചപ്പാട് അതിനെ കൂടുതൽ ആകർഷകമാക്കുന്നു. കായികരംഗത്തെ നിക്ഷേപം വരുമാന നേട്ടം മാത്രമല്ല ഉപഭോക്താക്കൾക്കിടയിൽ മികച്ച സ്വീകാര്യതയും ഉൽപന്നങ്ങൾക്ക് ലഭിക്കുന്നു. കായികമേഖലയിൽ സംരംഭകർക്കിടയിൽനിന്നുള്ള നിക്ഷേപം ആകർഷിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം ഒരുക്കാൻ സർക്കാർ ശ്രമിക്കും

24. കായികോപകരണങ്ങൾ, സാങ്കേതികവിദ്യ, നിർമ്മാതാക്കൾ

അടിസ്ഥാനസൗകര്യങ്ങൾ കായികരംഗത്ത് സുപ്രധാനമായ അടിത്തറയാണ്. കായികതാരങ്ങൾക്കാകട്ടെ കായികോപകരണങ്ങൾ അനിവാര്യമാണ്. കായികോപകരണങ്ങളുടെ വർധിച്ചുവരുന്ന വില നോക്കുമ്പോൾ, സാധാരണക്കാർ കായികപ്രവർത്തനങ്ങളിൽനിന്ന് ഒരു പരിധി വരെ വിട്ടുനിൽക്കുന്നു. സംസ്ഥാനത്തെ കായികലോകം സാങ്കേതികവിദ്യകളെ പരിമിതമായേ ആശ്രയിക്കുന്നുള്ളു. മികച്ച പ്രകടനത്തിനും ആരോഗ്യത്തിനും ശാരീരികക്ഷമതയ്ക്കും സഹായകമായ കായിക സാങ്കേതികവിദ്യകൾ ആവശ്യമാണ്. ഇത് വലിയതോതിൽ പ്രോത്സാഹിപ്പിക്കും. കായികോൽപ്പന്ന നിർമ്മാണത്തിലും, സാങ്കേതികവിദ്യയിലും രാജ്യവും സംസ്ഥാനവും സ്വയംപര്യാപ്തത ആർജിക്കണം. നിർമ്മാണ സ്വയംപര്യാപ്തതയുടെ ഭാഗമാണ് കായികോൽപ്പന്ന നിർമ്മാണവും. വ്യവസായ വകുപ്പുമായി ചേർന്ന് കായികോൽപ്പന്ന വ്യവസായത്തിന് (കായികകോപകരണങ്ങൾ, ജേഴ്സികൾ, ശാസ്ത്രീയ സാങ്കേതികവിദ്യകൾ, ഗാഡ്ജറ്റുകൾ എന്നിവയുടെ നിർമ്മാണം) ഉയർന്ന മുൻഗണന നൽകും. പേറ്റന്റ്, ഗ്രേഡിങ്ങ് എന്നിവ മുഖാന്തിരം ഉൽപ്പാദകർക്കിടയിൽ മത്സരക്ഷമത ഉറപ്പാക്കുകയും മികവിലേക്ക് ഉയരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

25. കായികരംഗത്ത് നൂതനയന്ത്രങ്ങളുടെ പ്രയോഗം.

കായികതാരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്താൻ പരമാവധി സഹായിക്കുകയാണ് സ്പോർട്സ് സയൻസ് അടിസ്ഥാനപരമായി ചെയ്യുന്നത്. അത് പരിശീലനം കുറ്റമറ്റതാക്കുന്നു. പരിക്കിനുള്ള സാദ്ധ്യത കുറയ്ക്കുന്നു. പരിക്കിന്റെ അപകടസാധ്യതകളും പരിമിതപ്പെടുത്തുന്നു. താരങ്ങൾക്ക് തങ്ങളുടെ ശക്തിയും ബലഹീനതയും തിരിച്ചറിയാൻ ഇത് സഹായിക്കുന്നു. അതുവഴി ചെറുപ്രായമുള്ള കായികതാരങ്ങൾ മുതൽ മുതിർന്നവർ വരെ ഓരോരുത്തർക്കും പരിശീലനപരിപാടി വ്യക്തിഗതമാക്കാൻ കഴിയും. അതവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും. ശാസ്ത്രീയമായ കണ്ടെത്തലുകളും സമീപനങ്ങളും ഏറ്റവും ഫലപ്രദമായ പരിശീലനരീതികളിലേക്ക് മാറുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സഹായിക്കുന്നു.

കായികശാസ്ത്രജ്ഞരെ കൂടുതൽ ശ്രദ്ധയോടെ കായികതാരങ്ങളും പരിശീലകരും ശ്രവിക്കണം. അവരുടെ കണ്ടെത്തലുകൾ മികവിലേക്ക് ഉയരുന്നതിന് നിർണ്ണായകമായിരിക്കും. കായികഗവേഷകരും സ്പോർട്സ് മെഡിസിൻ വിദഗ്ധരും അനലിസ്റ്റുകളും ന്യൂട്രിഷ്യൻ സ്പെഷ്യലിസ്റ്റുകളും ഒക്കെ അടങ്ങുന്ന ഒരു ടീം നൽകുന്ന നിർദേശങ്ങൾ മികവിലേക്ക് ഉയരാൻ കായികതാരങ്ങളെ പ്രാപ്തരാക്കും. പ്രകടനത്തിലെ നാമമാത്രമായ വ്യത്യാസങ്ങളാണല്ലോ വിജയികളെ നിശ്ചയിക്കുന്നതും പലപ്പോഴും മെഡലുകളുടെ നിറംമാറ്റുന്നതും. ഒളിമ്പിക്സിലും അന്താരാഷ്ട്ര മത്സരങ്ങളിലും വിജയികൾക്കും പരാജിതർക്കും ഇടയിലെ വിടവ് നേർത്തതാണ്. അവിടെയാണ് സ്പോർട്സ് സയൻസിന്റെയും, സ്പോർട്സ് മെഡിസിന്റെയും അനുബന്ധ സാങ്കേതികവിദ്യകളുടെയും പ്രസക്തി. കേരളത്തിൽത്തന്നെ ഗവേഷണപഠനസൗകര്യങ്ങൾ ഒരുക്കി മികച്ച കായികശാസ്ത്രജ്ഞരെ വാർത്തെടുക്കാൻ സർക്കാർ ശ്രമിക്കും.

25.1. സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സ്ഥാപിക്കും. സ്പോർട്സ് സയൻസ്, സ്പോർട്സ് ടെക്നോളജി, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിങ് എന്നീ മേഖലകളിൽ സ്പോർട്സ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. അന്താരാഷ്ട്ര സർവകലാശാലകളുമായുള്ള സഹകരണത്തിലൂടെ മികച്ച അന്താരാഷ്ട്ര രീതികളും, മാതൃകകളും സ്വീകരിക്കാൻ കഴിയും. തിരഞ്ഞെടുത്ത കായികയിനങ്ങളുടെ സംസ്ഥാനത്തെ മുഖ്യ പരിശീലനകേന്ദ്രമായും ഇത് പ്രവർത്തിക്കും. പ്രൈമറി തലംമുതൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ തരത്തിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കും.

26. സ്പോർട്സ് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം

ഏതു വ്യവസായത്തിന്റെയും വികസനത്തിന് നവസംരംഭകരുടെയും സംരംഭങ്ങളുടെയും പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. സ്പോർട്സ് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഇന്ത്യയിൽ അതിവേഗ വളർച്ചയുടെ ഘട്ടത്തിലാണ്. ഫാന്റസി സ്പോർട്സ് സംരംഭങ്ങൾ സൂപ്പർ സ്റ്റാർട്ടപ്പുകളായി മാറിയിരിക്കുന്നു. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, ഫെസിലിറ്റേഷൻ, ട്രെയിനിങ്, നെറ്റ്വർക്കിങ്, മീഡിയ, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, സയൻസ്, കായികോപകരണങ്ങൾ, ഓൺലൈൻ വിൽപ്പന തുടങ്ങിയവയാണ് വളർച്ചയ്ക്ക് വലിയ സാധ്യതയുള്ള മേഖലകൾ. കായികമേഖലയുടെ കൂടുതൽ വളർച്ചയ്ക്കായി ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വികസിപ്പിക്കേണ്ട സമയമാണിത്. സ്പോർട്സ് മേഖലയിൽ മികച്ച സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് നല്ല അവസരങ്ങളുണ്ട്.

സ്പോർട്സ് സ്റ്റാർട്ടപ്പ് സംവിധാനം സുഗമമാക്കുന്നതിന് താഴെ സൂചിപ്പിച്ച നടപടികൾ ആരംഭിക്കും

- കേരള സ്റ്റാർട്ടപ്പ് മിഷനുമായുള്ള സഹകരണം, ഒരുമിച്ചുള്ള പ്രവർത്തനം.
- സ്റ്റാർട്ടപ്പുകളും അതിനുള്ള അന്തരീക്ഷവും സ്വാഭാവികരീതിയിൽ വാർത്തെടുക്കുന്ന പ്രക്രിയ.
- എല്ലാ വർഷവും മെഗാ ഹാക്കത്തോൺ
- സ്റ്റാർട്ടപ്പുകൾക്ക് ഇടപഴകാനുള്ള ചെറിയ ഇവന്റുകൾ
- ഫണ്ടിങ്ങിനുള്ള മെക്കനിസം - സീഡ് ഫണ്ടിങ്ങ് സംവിധാനമൊരുക്കൽ
- സ്പോർട്സ് ഇൻകുബേറ്റർ സ്ഥാപിക്കൽ

പദ്ധതിയുടെ സ്വഭാവത്തിനും കാഴ്ചപ്പാടിനും നിലനിൽപ്പ് സാധ്യതയ്ക്കും അനുസരിച്ച് സർക്കാർ സഹകരണം സാധ്യമാക്കാവുന്നതാണ്.

27. കായികതാരങ്ങൾക്കുള്ള കരിയർ സാധ്യതകൾ

കായികതാരങ്ങൾ കളിക്കളത്തിൽ സജീവമായിരിക്കുമ്പോൾ ധാരാളം അവസരങ്ങൾ ലഭിക്കും. സജീവമായ സ്പോർട്ടിങ് കരിയർ ഏതാനും വർഷങ്ങളേ ലഭിക്കൂ. അതിനിടയിൽ കായികരംഗത്ത് തന്നെ മികച്ച കരിയർ കെട്ടിപ്പെടുക്കാൻ അവരെ പിന്തുണയ്ക്കേണ്ടതുണ്ട്. ഇതിലൂടെ അവരുടെ വൈദഗ്ധ്യവും, അനുഭവസമ്പത്തും കായികമേഖലയ്ക്ക് എല്ലാ കാലവും ഉപയോഗപ്പെടുത്താൻ കഴിയും. കളിക്കാർക്ക് താൽപര്യമുള്ള മേഖലയിൽ തുടരാനും സാധിക്കും.

28. യോഗ - കായികപരിശീലനപരിപാടികളുടെ ഭാഗം

കായികവിനോദങ്ങളും വ്യായാമവും ശാരീരികക്ഷമതയും നമ്മുടെ നാഗരികതയുടെയും സംസ്കാരത്തിന്റെയും ഒരു സുപ്രധാന ഘടകമാണ്. യോഗയുടെയും ആയോധനകലകളുടെയും വളർച്ചയും വികാസവും ഇതിന് ഉദാഹരണമാണ്. ഒട്ടേറെ തദ്ദേശീയ കായികവിനോദങ്ങളും നമുക്കുണ്ട്. ഇതെല്ലാം ഈ സാംസ്കാരികപശ്ചാത്തലത്തിൽനിന്ന് ഉറവയെടുത്തതാണ്.

യോഗയ്ക്ക് സർക്കാർ പ്രത്യേക ഊന്നൽ നൽകും. ഇതിന്റെ ഭാഗമായി കണ്ണൂരിൽ അന്താരാഷ്ട്ര യോഗകേന്ദ്രം തുടങ്ങുകയാണ്. എല്ലാ പ്രായക്കാർക്കും ശാരീരികക്ഷമതയുടെ ഭാഗമായി യോഗപരിശീലനത്തിനുള്ള അവസരം സൃഷ്ടിക്കും. മികച്ച പ്രകടനത്തിന് ആവശ്യമായ ശരീരവഴക്കവും ഏകാഗ്രതയും മനഃശക്തിയും മെച്ചപ്പെടുത്താൻ കായികതാരങ്ങളെ സഹായിക്കുന്നതിന് യോഗ കേന്ദ്രീകരിച്ച് ഉചിതമായ സാങ്കേതികവിദ്യകൾ അവതരിപ്പിക്കും. കായികതാരങ്ങൾ നിർബന്ധമായും യോഗപരിശീലിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ മാറണം. ഒപ്പം, യോഗയെ കൂടുതൽ ജനകീയമാക്കി, മുഴുവൻ ജനങ്ങളെയും ഇതിലേക്ക് ആകർഷിക്കാനുള്ള നടപടികളും സ്വീകരിക്കും.

29. വ്യായാമം - ഒരു അവശ്യഘടകം

സ്ഥിരമായ ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ പൗരന്റെ ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിന് ഒരു വലിയ പരിധി വരെ കാരണമാകും. ഈ കാഴ്ചപ്പാടിന്റെ ഫലപ്രാപ്തിക്കായി വിവിധ വിഭാഗങ്ങൾക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

29.1 കായികക്ഷമതാമിഷൻ - വിപുലമായ ഫിസിക്കൽ ഫിറ്റ്നസ് കാമ്പയിൻ

എല്ലാ പ്രായത്തിലുള്ളവരെയും ശാരീരികക്ഷമതാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യം, പൊതുവിദ്യാഭ്യാസം, തദ്ദേശം, ഉന്നതവിദ്യാഭ്യാസം, കായികം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് വിപുലമായ ഫിസിക്കൽ ഫിറ്റ്നസ് കാമ്പെയ്ൻ' കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കും. സർക്കാരിന്റെ മുഴുവൻ കായികവികസനപ്രവർത്തനങ്ങളും മിഷന്റെ ഭാഗമായിരിക്കും.

പ്രാദേശിക ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, പ്രാദേശിക ലൈബ്രറികൾ, കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകൾ, സാമൂഹിക സംഘടനകൾ, എൻജിഒകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കും. ഡിജിറ്റൽ, സാമൂഹിക, ദൃശ്യ, പത്രമാധ്യമങ്ങളെ പ്രചാരണത്തിന്റെ ഭാഗമാക്കും. പ്രായഭേദമില്ലാതെ മുഴുവൻ ജനങ്ങളെയും കായികക്ഷമതയുള്ളവരാക്കി മാറ്റുകയാണ് ലക്ഷ്യം. സ്കൂൾതലം മുതൽ കായികക്ഷമതയുടെ പ്രാധാന്യം തിരിച്ചറിയുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കും. എല്ലാ സർക്കാർ സംവിധാനങ്ങളെയും ഇതിനായി പ്രയോജനപ്പെടുത്തും. ജനങ്ങളെയാകെ കായിക, ശാരീരികക്ഷമതാ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കും.

29.2 യുവജനവികസനവും കായികവും

ഇന്ത്യൻ ജനസംഖ്യയുടെ 70 ശതമാനത്തിലധികം 35 വയസിനു താഴെയുള്ളവരാണ്. യുവജനങ്ങളാണ് ഒരു നാടിന്റെ സമ്പത്തും ശക്തിയും. അവരുടെ കായികശേഷിയും കായികമികവും ഒരുപോലെ നാടിന് മുന്നോട്ടുള്ള പ്രയാണത്തിൽ അത്യന്താപേക്ഷിതമാണ്. യുവതയുടെ കരുത്തിന് മൂർച്ചനൽകാൻ കായികപ്രവർത്തനങ്ങൾ സഹായിക്കും.

നെഹ്റു യുവകേന്ദ്ര (NYK), നാഷണൽ സർവീസ് സ്കീം (NSS), ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് (BS&G), എൻ.ജി.ഒ കൾ എന്നിവയുടെ യുവജനവികസന പരിപാടികളിൽ കായികപരിശീലനം ഒരു പ്രധാന പ്രവർത്തനമായി അവതരിപ്പിക്കും. അതിനായി യൂത്ത് കോർഡിനേറ്റർമാർക്കും സന്നദ്ധപ്രവർത്തകർക്കും സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക പരിശീലനം നൽകും. അവരുടെ ദേശീയ, സംസ്ഥാന ക്യാംപുകളിൽ കായികമത്സരങ്ങൾ സംഘടിപ്പിക്കും. കായികപരിശീലനവും നൽകും. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകളിൽ കായികം ഒരു 'എൻട്രി പോയിന്റ് ആക്റ്റിവിറ്റി' ആയി ഉപയോഗിക്കും. സ്പോർട്സിൽനിന്നുള്ള റോൾമോഡലുകളെ കേഡറ്റുകൾക്കുള്ള സ്വഭാവരൂപവൽക്കരണ പ്രക്രിയയിൽ ഉപയോഗിക്കും.

മികച്ച അക്കാദമിക് പ്രകടനം, മെച്ചപ്പെട്ട ആരോഗ്യം, ക്ഷേമം, മെച്ചപ്പെട്ട ജീവിത നൈപുണ്യവും നേതൃത്വഗുണങ്ങളും, സാമുഹിക ഉൾച്ചേർക്കൽ, തൊഴിലവസരങ്ങളുടെ വളർച്ച, സാമ്പത്തികവികസനം എന്നിവയ്ക്കായി കായികവിദ്യാഭ്യാസത്തെയും, കായികപരിശീലനത്തിന്റെ മൂല്യങ്ങളെയും അംഗീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യും.

29.3 മുതിർന്ന പൗരന്മാർക്കുള്ള കായികപ്രവർത്തനങ്ങളും ശാരീരികവ്യായാമവും

മുതിർന്ന പൗരന്മാർക്കായി ഒരു പ്രത്യേക സ്കീം അവതരിപ്പിച്ച് അവർക്കിടയിലെ ശാരീരികക്ഷമതാ പ്രവർത്തനങ്ങളും കായികവിനോദങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രമം നടത്തും. വാർധക്യസഹജമായ വെല്ലുവിളികൾ ഇതിലൂടെ നിയന്ത്രിക്കാൻ സാധിക്കും.

30. കായിക അടിസ്ഥാനസൗകര്യവികസനം

കായികമേഖലയെ ഒരു സമ്പദ്ഘടനയായി പരിഗണിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ്. മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ, അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, വ്യത്യസ്ത നിലവാരത്തിലും പല കാറ്റഗറിയിലും ഉൾപ്പെടുത്താവുന്ന സ്റ്റേഡിയങ്ങൾ, സ്പോർട്സ് കോംപ്ലക്സുകൾ, അക്വാട്ടിക് കോംപ്ലക്സുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. അവയിൽ ഭൂരിഭാഗവും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. സ്പോർട്സ് കോംപ്ലക്സുകൾ, ടർഫുകൾ, അക്കാദമികൾ തുടങ്ങിയ മേഖലകളിൽ സ്വകാര്യനിക്ഷേപം വർധിച്ചിട്ടുണ്ട്. ട്രസ്റ്റുകൾ, സാമൂഹികസംഘടനകൾ, സോഷ്യൽ ക്ലബ്ബുകൾ എന്നിവയും ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ സർക്കാർ വൻനിക്ഷേപം തുടരുകയാണ്. അടിസ്ഥാന സൗകര്യങ്ങളിലെ നിക്ഷേപം നിർമ്മാണമേഖലയിൽ വലിയ മുന്നേറ്റത്തിന് സഹായിക്കും. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുമ്പോൾ കൂടുതൽ ചാമ്പ്യൻഷിപ്പുകൾ നടക്കും. ഇത് താൽക്കാലിക സൗകര്യങ്ങളുടെയും ഗാലറികൾ, ഫ്ളഡ്ലിറ്റുകൾ തുടങ്ങിയ സേവനദാതാക്കളുടെയും ആവശ്യം വർധിപ്പിക്കുന്നു. ടർഫുകൾ, വുഡൻ കോർട്ടുകൾ, അക്വാട്ടിക് കോംപ്ലക്സുകൾ, ടെന്നീസ് കോർട്ടുകൾ, നെറ്റ് പ്രാക്ടീസ് സൗകര്യങ്ങൾ തുടങ്ങിയ മികച്ച അടിസ്ഥാനസൗകര്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുന്നു. നേരിട്ടുള്ള കായികവരുമാനം, വേദികളുടെ വാടക, പരിശീലനം, നിർമ്മാണപ്രവർത്തനങ്ങൾ, പർച്ചേസ് മുതലായവ വരുമാനം ഉണ്ടാക്കുന്നു. കായികമേഖലയ്ക്ക് ഗണ്യമായ സംഭാവന നൽകാൻ ഇത്തരം സംരംഭങ്ങൾക്ക് കഴിയും.

30.1 കായിക അടിസ്ഥാനസൗകര്യശൃംഖല.

കേരളസർക്കാർ കായികവികസനം ഘട്ടംഘട്ടമായി ആസൂത്രണം ചെയ്യും. അതിലൂടെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരു നിർദിഷ്ട കാലയളവിൽ നിർമ്മിക്കും. കൂടുതൽ ആളുകളെ കായികരംഗത്തേക്ക് ആകർഷിക്കാനും അതുവഴി പ്രതിഭകളെ കണ്ടെത്താനും കഴിയും. നമ്മുടെ കായികാടിത്തറ വിശാലമാക്കാൻ സംസ്ഥാനത്തുടനീളം അടിസ്ഥാന കായികസൗകര്യങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കായിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കും. ഈ സ്പോർട്സ് അടിസ്ഥാനസൗകര്യങ്ങൾ പരമാവധി ആളുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ 'സ്റ്റേറ്റ് സ്പോർട്സ് ഗ്രിഡ്' വികസിപ്പിക്കും. 'കായിക സൗകര്യം ഒരു മൗലികാവകാശമായി' സർക്കാർ കണക്കാക്കുന്നു.

എല്ലാ പൗരന്മാർക്കും കായികവിനോദങ്ങളിലും, ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതിന് അതിനായി വികസിപ്പിച്ച സൗകര്യങ്ങളിലേക്ക് പ്രവേശനം ഉറപ്പാക്കുക എന്നതാണ് സർക്കാർ നയം. വിദ്യാഭ്യാസം, ആരോഗ്യപരിപാലന സംവിധാനങ്ങൾ എന്നിവ എല്ലാവർക്കും പ്രാപ്യമാക്കുകയും സൗജന്യവും താങ്ങാനാവുന്നതുമായ നിരക്കുകളിൽ അത് ലഭ്യമാക്കുകയും ചെയ്തത് കേരളത്തിന്റെ പ്രശംസനീയമായ നേട്ടങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. കായികരംഗത്തും ഇതേ സമീപനമാണ്. കേരളമോഡൽ വികസന കാഴ്ചപ്പാടിന്റെ മറ്റൊരു നാഴികക്കല്ലായി അത് മാറും.

30.2 ഗ്രാമപ്രദേശങ്ങളിലെ കായികസൗകര്യങ്ങൾ

ഗ്രാമീണ കായിക അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വിഭവങ്ങളുടെ പരിമിതി കാരണം അവയുടെ വ്യാപനം പരിമിതമായിരിക്കുന്നു. പല കാരണങ്ങൾകൊണ്ടും അവയുടെ അറ്റകുറ്റപ്പണികൾ വർഷങ്ങളായി നടന്നിട്ടില്ല. വ്യവസ്ഥാപിതമായ ക്രമീകരണങ്ങളുടെ അഭാവമാണ് കാരണം. ഗ്രാമീണരെ കായികരംഗത്തേക്ക് ആകർഷിക്കാനും മികവിലേക്ക് ഉയർത്താനും നല്ല പരിശീലനം നൽകാനും കഴിയുന്ന മികച്ച കായികതാരങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന തടസ്സം.

പ്രാദേശികമായി ജനപ്രിയമായ ഇനങ്ങളും അന്താരാഷ്ട്ര അംഗീകാരമുള്ള കായികവിനോദങ്ങളും സന്തുലിതമായി ഗ്രാമീണമേഖലയിൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഈ നിർദിഷ്ട ആവശ്യത്തിനായി ലഭ്യമാക്കിയിട്ടുള്ള കേന്ദ്ര-സംസ്ഥാനപദ്ധതികളും ഫണ്ടുകളും ഉപയോഗിച്ച് ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ സർക്കാർ വികസിപ്പിക്കും. ഇതിനു പുറമേ നെഹ്റു യുവകേന്ദ്രയോ മറ്റ് പ്രാദേശിക യുവജന ക്ലബ്ബുകളോ പോലുള്ള സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തും. പഞ്ചായത്തു തലത്തിലുള്ള സ്പോർട്സ് കൗൺസിലുകൾക്ക് ഗ്രാമീണ കായികവികസനത്തിൽ പ്രധാന ഉത്തരവാദിത്വം ഉണ്ടാകും.

30.3 ഗ്രാമപഞ്ചായത്തുതലം

- ഓരോ ഗ്രാമപഞ്ചായത്തിലും ഒരു മിനി സ്റ്റേഡിയം നിർമ്മിക്കും.
- ഇതിന് 1 ഏക്കറോ അതിൽക്കൂടുതലോ സ്ഥലം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ കായികസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു സമീപനം ദേശീയ തൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ച് സ്വീകരിക്കും.
- ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും കുറഞ്ഞത് അഞ്ച് ഔട്ട്ഡോർ ഗെയിം സൗകര്യങ്ങൾ സൃഷ്ടിക്കും.
- കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി കണ്ടെത്തണം.

- കമ്മ്യൂണിറ്റി സ്പോട്സിന് ഉപയോഗിക്കാവുന്ന സ്കൂൾ കളിസ്ഥലങ്ങൾ ഉൾപ്പെടെയുള്ള കായികസൗകര്യങ്ങൾ സ്കൂൾ പ്രവർത്തന സമയത്തിനു പുറമെയും അവധി ദിവസങ്ങളിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

30.4 ജില്ലാതലം

ജില്ലാതല സ്റ്റേഡിയങ്ങളുടെ നവീകരണം നടത്തും. കുറഞ്ഞത് 15 കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങൾ (പത്ത് ഔട്ട്ഡോർ, അഞ്ച് ഇൻഡോർ ഗെയിമുകൾ) സൃഷ്ടിക്കും.

എല്ലാ ജില്ലാ സ്റ്റേഡിയങ്ങളിലും ജിംനേഷ്യം ഒരുക്കും.

ജില്ലാ സ്റ്റേഡിയം പ്രൊഫഷണൽ രീതിയിൽ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യും.

ഇതിനായി സ്പോർട്സ് ഡയറക്റ്ററേറ്റ്, സ്പോർട്സ് കൗൺസിൽ, എസ്.കെ.എഫ് എന്നിവർ യോജിച്ചുപ്രവർത്തിക്കും.

30.5 നഗരപ്രദേശങ്ങളിലെ കായികസൗകര്യങ്ങൾ

വലിയ നഗരങ്ങളിലെ കായികസൗകര്യങ്ങളുടെ നിലവാരം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് പൊതുവെ മികച്ചതാണ്. എന്നാൽ ഇവിടെ ഭൂവില കൂടുതലാണ്. വിവിധ വിഭാഗങ്ങൾക്കുള്ള കായികസൗകര്യങ്ങളുടെ പ്രാപ്യതയിൽ വ്യാപകമായ അസമത്വങ്ങളുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ, പെൺകുട്ടികൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് നഗരങ്ങളിലെ കായികസൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മുനിസിപ്പാലിറ്റികൾ പാർക്കുകളും കളിസ്ഥലങ്ങളും എല്ലാവർക്കും ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. സ്വകാര്യസ്ഥാപനങ്ങളും സ്പോർട്സ് അസോസിയേഷനുകളും ക്ലബ്ബുകളും വാണിജ്യപരമായി പ്രതിഫലം ലഭിക്കുന്ന കായികവിനോദങ്ങൾക്കായി മാത്രം ഇൻഡോർ സൗകര്യങ്ങളും ഔട്ട്ഡോർ സൗകര്യങ്ങളും ഒരുക്കുന്നു.

ചെറിയ പട്ടണങ്ങളിൽ ഭൂമി കൂടുതൽ എളുപ്പത്തിലും ന്യായമായ വിലയിലും ലഭ്യമാണെങ്കിലും അത്തരം സൗകര്യങ്ങൾ എണ്ണത്തിലും ഗുണനിലവാരത്തിലും വളരെ കുറവാണ്. കൂടാതെ, ജനസാന്ദ്രതയും ഇടയ്ക്കിടെയുള്ള മത്സരങ്ങളും കാരണം കാണികളുടെ സൗകര്യങ്ങൾക്കുള്ള ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് വലിയ നഗരങ്ങളിൽ. ഇക്കാരണങ്ങൾ കണക്കിലെടുത്ത് സർക്കാർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും:

വാണിജ്യാടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് കായികസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ നഗരപ്രദേശത്തും തിരഞ്ഞെടുത്ത കായികയിനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ, കായികോപകരണങ്ങൾ, പരിശീലകർ എന്നിവയ്ക്കായി നിക്ഷേപം നടത്തുന്നതിന് മുനിസിപ്പാലിറ്റികളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കും.

വീടുകളിലും തൊഴിലിടങ്ങളിലും വ്യായാമത്തിനും, ശാരീരികക്ഷമതാ പ്രവർത്തനങ്ങൾക്കുമുള്ള സംവിധാനങ്ങൾ വ്യാപകമായി ഉണ്ടാകണം. സ്ഥാപനങ്ങൾ അതിനുള്ള സൗകര്യങ്ങൾ ജീവനക്കാർക്കായി ഒരുക്കണം.

മുനിസിപ്പൽ പട്ടണങ്ങൾ

ഓരോ മുനിസിപ്പൽ പട്ടണത്തിലും കുറഞ്ഞത് ഒരു സ്റ്റേഡിയം നിർമ്മിക്കും.

കുറഞ്ഞത് അഞ്ച് ഔട്ട്ഡോർ ഗെയിമുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കും.

ഭൂമിയുടെ ലഭ്യത ഉണ്ടെങ്കിൽ സ്കൂളുകൾ/കോളേജുകൾക്ക് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

മികച്ച കോളേജ്/സ്കൂൾ കളിസ്ഥലങ്ങൾ മുനിസിപ്പൽ ടൗൺ സ്റ്റേഡിയങ്ങളായി വികസിപ്പിക്കും. അവ പ്രവൃത്തിസമയം കഴിഞ്ഞും അവധി ദിവസങ്ങളിലും കമ്മ്യൂണിറ്റി സ്പോർട്സിനായി പ്രയോജനപ്പെടുത്തും.

മുനിസിപ്പൽ പ്രദേശത്ത് തുറസ്സായ സ്ഥലങ്ങൾ / ഹരിത ഇടങ്ങൾ / കളിസ്ഥലങ്ങൾ എന്നിവ ലഭ്യമാകുന്നിടത്തെല്ലാം കായികവിനോദങ്ങൾക്കും, ശാരീരികക്ഷമതാ പ്രവർത്തനങ്ങൾക്കുമായി അവ വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യും. അവ പൊതു ഉപയോഗത്തിനുള്ളതായിരിക്കും.

സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളുടെയും ഔദ്യോഗിക വികസനപദ്ധതിയിൽ കളിസ്ഥലങ്ങളുടെയും കായികസൗകര്യങ്ങളുടെയും വികസനം ഉൾപ്പെടുത്തും.

പി.പി.പി മാതൃക ഉപയോഗിച്ച് സംസ്ഥാനത്ത് കായികാടിസ്ഥാനസൗകര്യ വികസനത്തിന് കൂടുതൽ വിഭവങ്ങൾ സമാഹരിക്കും.

30.6 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കായികസൗകര്യങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കായികപരിശീലനത്തിന്റെ നിർണായക പ്രാധാന്യം ഈ നയം ആവർത്തിക്കുന്നു:

കായിക വിദ്യാഭ്യാസവും ശാരീരികക്ഷമതാ പ്രവർത്തനങ്ങളും ഹയർ സെക്കൻഡറി തലം വരെയുള്ള പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമാക്കേണ്ടതുണ്ട്. മതിയായ പരിശീലനം ലഭിച്ച കായികാധ്യാപകർ ഉണ്ടാകണം. സ്കൂളുകൾക്കും കോളേജുകൾക്കും അംഗീകാരം നൽകുന്നതിന് കായികാധ്യാപകരുടെ നിയമനം, കളിക്കളം എന്നിവ നിർബന്ധമാക്കുന്നത് ഉചിതമാകും.

എല്ലാ വിദ്യാർഥികൾക്കും ഏതാനും കായികവിനോദങ്ങളിലെങ്കിലും നിശ്ചിത നിലവാരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങളും കളിയുപകരണങ്ങളും പരിശീലകരുടെ സേവനവും ലഭ്യമാക്കുന്നതിന് പൊതു-സ്വകാര്യമേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളെ പ്രോത്സാഹിപ്പിക്കും.

ഈ സൗകര്യങ്ങൾ സ്കൂൾ സമയം കഴിഞ്ഞ് വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിന് തടസം ഉണ്ടാകില്ല. അക്കാദമികൾ, അസോസിയേഷനുകൾ, ക്ലബുകൾ എന്നിവയ്ക്ക് ഈ സൗകര്യങ്ങൾ നൽകുന്നത് അവയുടെ പരിപാലനത്തിനുള്ള വരുമാനം കണ്ടെത്താനുള്ള ഒരു ഉപാധി ആയിരിക്കും.

30.6.1 സ്കൂളുകളിൽ കായിക അടിസ്ഥാനസൗകര്യങ്ങൾ

സംസ്ഥാനത്തെ സ്കൂൾ സംവിധാനത്തിൽ കായിക അടിസ്ഥാനസൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

കായികനയം വിഭാവനം ചെയ്യുന്നത്-

- സംസ്ഥാനത്തെ എല്ലാ സ്കൂളിലും കളിസ്ഥലങ്ങൾ വികസിപ്പിക്കും.

- എല്ലാ സ്കൂളിലും കുറഞ്ഞത് ഒരു കായികയിനത്തിനെങ്കിലും സൗകര്യം നൽകും.

30.6.2 കോളേജുകളിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ

- സംസ്ഥാനത്തെ എല്ലാ കോളേജിലും കളിസ്ഥലങ്ങൾ വികസിപ്പിക്കും.
- എല്ലാ കോളേജിലും കുറഞ്ഞത് അഞ്ച് ഗെയിമുകൾക്കുള്ള സൗകര്യം ഒരുക്കും.
- മൾട്ടിപർപ്പസ് ഹാളുകൾ ഉള്ള കോളേജുകളിൽ, സാധ്യമാകുന്നിടത്തെല്ലാം ഇൻഡോർ സ്റ്റേഡിയങ്ങളായി പുനർനിർമ്മിക്കും.

30.6.3 സർവകലാശാലകളിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ

- എല്ലാ സർവകലാശാലകളിലും ആവശ്യമായ കായികാടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കും. കുറഞ്ഞത് അഞ്ച് കളികളിൽ ദേശീയതലത്തിലുള്ള കായികസൗകര്യങ്ങൾ സൃഷ്ടിക്കുകയോ നവീകരിക്കുകയോ ചെയ്യും.
- സ്വന്തം സ്രോതസ്സുകളിൽനിന്നോ കേന്ദ്ര സർക്കാരിൽനിന്നോ പൂർവവിദ്യാർഥി കൂട്ടായ്മകൾ വഴിയോ ഫണ്ട് സമാഹരിക്കുന്നതിനുള്ള സർവകലാശാലകളുടെ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കും.
- ഓരോ സർവകലാശാലയിലും ആസ്ട്രോ ടർഫ്, സിന്തറ്റിക് ട്രാക്ക് തുടങ്ങിയ ഉയർന്ന നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കും.
- സർവകലാശാലകളിൽ സ്പോർട്സ് ലാബ് സ്ഥാപിക്കും. സ്പോർട്സ് സയൻസ് സംവിധാനം ഉറപ്പാക്കും.

30.7 സ്വകാര്യനിക്ഷേപങ്ങളുടെ പ്രോത്സാഹനം.

സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ സ്വകാര്യമേഖലയുടെ നിക്ഷേപം വലിയ അളവിൽ സമാഹരിക്കേണ്ട സമയമാണിത്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്കായി പൊതുവെ സ്വകാര്യനിക്ഷേപങ്ങളെ പ്രയോജനപ്പെടുത്താൻ സർക്കാരിന് തുറന്ന മനസാണുള്ളത്. സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന സ്പോർട്സ് കോംപ്ലക്സുകൾ, മൾട്ടി സ്പോർട്സ് അരീനകൾ, സ്പോർട്സ് ടർഫുകൾ എന്നിവ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ സ്വകാര്യമേഖലയിൽനിന്നുള്ള നിക്ഷേപത്തിന്റെ നല്ല നീക്കമായി കണക്കാക്കപ്പെടുന്നു. ഇവരെല്ലാം പേ ആൻഡ് പ്ലേ മോഡലിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇതൊരു പ്രായോഗികമാതൃകയായും തെളിയിക്കപ്പെട്ടിട്ടുണ്ട്. വ്യക്തമായ മാനദണ്ഡങ്ങളോടെയായിരിക്കും ഇത്തരം നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്. ഗ്രാസ്റൂട്ട് തലത്തിലുള്ള പരിശീലനങ്ങൾ, സർക്കാരും, തദ്ദേശ ഭരണ സ്ഥാപനങ്ങളും മുൻകൈ എടുക്കുന്ന കായികപരിപാടികൾ എന്നിവയെ ഈ സ്ഥാപനങ്ങൾ സാമൂഹിക പ്രതിജ്ഞാബദ്ധതയുടെ ഭാഗമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

31. സ്പോർട്സ് ക്ലബ് സംസ്കാരം വളർത്തിയെടുക്കൽ

പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ പൊതു-സ്വകാര്യ കായിക-യുവജന വികസനസ്ഥാപനങ്ങൾ, കായിക, ആരോഗ്യക്ലബ്ബുകൾ എന്നിവ ആരംഭിക്കും. എല്ലാ വിഭാഗത്തിലുംപെടുന്ന ആളുകൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ കായികസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. പ്രായമായവരും പുരുഷന്മാരും സ്ത്രീകളും അംഗപരിമിതിയുള്ളവരും കുട്ടികളും അമച്വർ കളിക്കാരും പ്രൊഫഷണൽ മത്സരാർത്ഥികളും ജീവനക്കാരും ആരോഗ്യ അവബോധമുള്ളവരുംതുടങ്ങി

എല്ലാ വിഭാഗങ്ങൾക്കും അവരുടെ കായിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത്.

പ്രധാനപ്പെട്ട കാര്യം വിവിധ തട്ടിലുള്ള സ്പോർട്സ് ക്ലബ്ബുകളുടെ രൂപവൽക്കരണമാണ്. ഈ ക്ലബ്ബുകൾ അംഗങ്ങൾക്ക് സ്വന്തമായി കളിക്കളങ്ങളും മറ്റു സൗകര്യങ്ങളും ഒരുക്കണം. അല്ലെങ്കിൽ അനുയോജ്യമായ പൊതു-സ്വകാര്യസൗകര്യങ്ങൾ വാടക, കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കാം. കൂടാതെ, ആവശ്യമായ സൗകര്യങ്ങളും ഉപകരണങ്ങളും സാങ്കേതിക പിന്തുണയും നൽകുന്നതിനുള്ള സർക്കാർപരിപാടികളും പദ്ധതികളും പ്രയോജനപ്പെടുത്താം.

വ്യക്തിഗതമായി പരിശീലകർ നടത്തുന്ന നിരവധി ക്ലബ്ബുകളും, സ്വകാര്യ കോച്ചിങ് സ്ഥാപനങ്ങളുമുണ്ട്. ഇവിടെ പരിശീലനം നേടിയ നിരവധി കായികതാരങ്ങൾ ദേശീയ, അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. ക്ലബുകൾക്കും, കളിക്കാർക്കും പരിശീലനം ഉൾപ്പെടെ മാർഗനിർദേശവും സഹായവും നൽകും.

32. മൂല്യനിർണയവും റേറ്റിങ്ങും

ശരിയായ കായികപ്രതിഭകളെ കണ്ടെത്തുന്നത് കായികവികസനത്തിലെ ഒരു സുപ്രധാന ഘട്ടമാണ്.

നിർദേശിച്ചിരിക്കുന്ന വിവിധ ഘട്ടങ്ങൾ ഇവയാണ്-

32.1 ശാരീരികക്ഷമത വിലയിരുത്തൽ

വിദ്യാർഥികളുടെ ശാരീരികക്ഷമത വിലയിരുത്തുന്നതിനും അതിലുണ്ടാകുന്ന മാറ്റം നിരീക്ഷിക്കാനും ശാസ്ത്രിയ മാർഗങ്ങൾ അവലംബിക്കും.

32.2 കായികമികവ് കണ്ടെത്തുന്നതിനുള്ള പ്രോട്ടോക്കോൾ (STIP)

കായികപ്രതിഭകളെ വിലയിരുത്തുന്ന നിലവിലെ പ്രോട്ടോക്കോൾ ഒരു പ്രത്യേക ഗെയിമിലെ അവരുടെ കഴിവുകളും പ്രാവീണ്യവും കണക്കിലെടുത്ത് കായിക അഭിരുചിയുടെയും ശാരീരികക്ഷമതയുടെയും വിലയിരുത്തൽ ആണ്. അത് പുനഃക്രമീകരിക്കും. കായികതാരങ്ങളുടെ വിപുലമായ ശേഷിയെക്കൂടി പരിഗണിച്ച് ഗെയിം അടിസ്ഥാനമാക്കിയുള്ള അഭിരുചിയും വൈദഗ്ധ്യവും ശാസ്ത്രീയമായി വിലയിരുത്തും. ഈ പുതിയ പ്രക്രിയ സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ (STIP) എന്നറിയപ്പെടും. എല്ലാ സ്പോർട്സ് സ്കൂളുകളിലും അക്കാദമികളിലും സ്പോർട്സ് ഹോസ്റ്റലുകളിലും ഇത് നടപ്പിലാക്കും.

32.3 കായികപ്രതിഭകളുടെ തുടർച്ചയായ മൂല്യനിർണ്ണയപ്രക്രിയ (SCOPE)

ഒരു പ്രത്യേക കായികയിനത്തിനായി രൂപവൽക്കരിച്ച അക്കാദമിയിലെ പ്രതിഭകളെ നിരന്തരം മൂല്യനിർണയം നടത്തുന്നതിനുള്ളതാണ് ഈ പ്രക്രിയ. ഈ പ്രതിഭകൾക്ക് വർക്ക് സ്കോളർഷിപ്പ് നൽകും. തിരഞ്ഞെടുക്കപ്പെടുന്ന കളിക്കാർ തുടർച്ചയായി വിലയിരുത്തലിന് വിധേയരാക്കേണ്ടിവരും. ഈ പരിപാടി സ്പോർട്സ് ടാലന്റ്സ് കണ്ടിന്യുവസ് ഇവാലുവേഷൻ പ്രോസസ് (SCOPE) എന്നറിയപ്പെടും.

തിരഞ്ഞെടുക്കുന്ന ഓരോ കായികതാരത്തിനും ആധാറുമായി ബന്ധിപ്പിച്ച സ്പോർട്സ് ഐഡി നൽകും. വസ്തുനിഷ്ഠവും സുതാര്യവും വിശ്വസനീയവുമായ രീതിയിൽ വളരാൻ സാധ്യതയുള്ള കായികതാരങ്ങളുടെ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിന് 'സ്കോപ്പ്' സ്കോർ നൽകും.

32.4 സ്പോർട്സ് സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

കായികരംഗത്തെ പ്രതിഭകളെ നിലനിർത്താൻ സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും ആവശ്യമാണ്. സർക്കാരിന്റെ സ്പോർട്സ് ഐഡിയുള്ള എല്ലാ കായികതാരങ്ങളെയും സമഗ്ര ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. കളിക്കിടയിലുണ്ടാകാനിടയുള്ള പരിക്കുകളും മറ്റ് അപകടങ്ങളും നേരിടുന്നതിനുള്ള പിന്തുണയായിരിക്കും ഇത്.

33. സ്പോർട്സ് അക്കാദമികൾ

മുഴുവൻ കായിക അക്കാദമികൾക്കും പരിശീലനസംവിധാനത്തിനും മൊത്തത്തിലുള്ള നവീകരണം നിർദേശിക്കപ്പെടുന്നു.

33.1 സ്പോർട്സ് നഴ്സറികൾ

സ്പോർട്സ് നഴ്സറികൾ, അക്കാദമികൾ, കായികമികവിന്റെ കേന്ദ്രങ്ങൾ എന്നിവയുടെ നിലവിലെ സംവിധാനങ്ങൾ സമഗ്രമായി പരിഷ്കരിക്കും. സ്പോർട്സ് നഴ്സറികൾ ജൂനിയർ സ്പോർട്സ് അക്കാദമികളാക്കി മാറ്റും. അക്കാദമികളിൽ സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ (എസ്ടിഐപി) യോഗ്യതയുള്ളവരെ മാത്രമേ പ്രവേശിപ്പിക്കൂ.

33.2 ഹൈ-പെർഫോമൻസ് സെൻററുകൾ (HPC)

ദേശീയ, അന്തർദേശീയ മത്സരങ്ങളുടെ തയ്യാറെടുപ്പുകൾക്കായി തിരഞ്ഞെടുത്ത മികവുള്ള കളിക്കാർക്ക് വേണ്ടിയുള്ള ഹൈ-പെർഫോമൻസ് സെന്ററുകളിൽ (HPC)സംസ്ഥാന തലത്തിലുള്ള മെഡൽജേതാക്കളെ പ്രവേശിപ്പിക്കും. തിരഞ്ഞെടുത്ത ഓരോ കായികയിനത്തിനും ഒരു HPC ഉണ്ടായിരിക്കും.

33.3 അനുബന്ധസേവനങ്ങൾ

സ്പോർട്സ് സൈക്കോളജിസ്റ്റുകൾ, അനലിസ്റ്റുകൾ, മോട്ടിവേറ്റർമാർ എന്നിവരടങ്ങുന്ന ഒരു പാനൽ രൂപവൽക്കരിക്കുകയും കായികതാരങ്ങൾക്ക് പ്രൊഫഷണലുകളുടെ ഒരു പിന്തുണാ സംവിധാനം രൂപവൽക്കരിക്കുകയും ചെയ്യും. അക്കാദമികളിലെയും എച്ച്പിസികളിലെയും കായികതാരങ്ങൾക്ക് പോഷകാഹാരം, ഭക്ഷണക്രമം, സ്പോർട്സ് മെഡിസിൻ എന്നിവയിൽ ആവശ്യമായ പിന്തുണ നൽകും. കായികവേദികളിലുണ്ടാകുന്ന പരിക്കുകൾ നേരിടുക, കായികപ്രതിഭകളുടെ സ്വഭാവരൂപവൽക്കരണം, ശാരീരികക്ഷമത വികസിപ്പിക്കുക എന്നിവയ്ക്കായി ഒരു സംവിധാനം സ്ഥാപിക്കും.

33.4 കായിക അക്കാദമികളുടെ വർധനവ്

സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ (STIP) ടെസ്റ്റ് യോഗ്യതയുള്ള എല്ലാ കായികപ്രതിഭകളെയും ഉൾക്കൊള്ളുന്നതിനായി സ്പോർട്സ് അക്കാദമികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തും. ഓരോ ബ്ലോക്കിലും ഒരു സ്പോർട്സ് അക്കാദമിയെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

33.5 അക്കാദമികൾക്കുള്ള അക്രഡിറ്റേഷൻ

മുഴുവൻ സ്പോർട്സ് അക്കാദമികളും സർക്കാർതന്നെ കൈകാര്യം ചെയ്യുക പ്രയാസമാണ്. അക്കാദമികൾക്ക് അക്രഡിറ്റേഷനും റേറ്റിങ്ങും നൽകുന്നതിനായി

മൂല്യനിർണ്ണയം, റേറ്റിങ് എന്നിവ നടപ്പിലാക്കും. അക്കാദമികളുടെ നിലവാരം നിലനിർത്തുന്നതിന് തുടർച്ചയായി വിലയിരുത്തൽ നടത്തും. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ ഗ്രാന്റുകളും മറ്റു സഹായങ്ങളും നൽകൂ.

33.6 മികവിന്റെ കേന്ദ്രങ്ങൾ

മികച്ച പ്രകടനം നടത്തുന്ന അക്കാദമികൾ, ജൂനിയർ ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്ക് മികവിന്റെ കേന്ദ്രങ്ങൾ എന്ന പദവി ലഭിക്കും. ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ, ജേഴ്സികൾ, സാങ്കേതികോപകരണങ്ങൾ, പോഷകാഹാരം എന്നിവ സർക്കാർ നൽകും. ഈ കേന്ദ്രങ്ങൾ സുസ്ഥിരമായ രീതിയിൽ സ്വന്തമായി വികസിക്കണം എന്നാണ് നയം വിഭാവന ചെയ്യുന്നത്.

33.7 സ്പോർട്സ് ഹബുകൾ

ദേശീയ, അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങളുടെ മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തിരഞ്ഞെടുത്ത കായികയിനങ്ങൾക്കായി 'സ്പോർട്സ് ഹബ്ബുകൾ' സ്ഥാപിക്കും. ഇതിൽ ഉൾപ്പെടുത്തേണ്ട കായികയിനങ്ങൾ വിദഗ്ധാഭിപ്രായം അനുസരിച്ച് തീരുമാനിക്കും.

33.8 അന്താരാഷ്ട്ര, ദേശീയ അക്കാദമികളുടെ ശൃംഖല

അന്തർദേശീയ മത്സരങ്ങൾക്കുള്ള കളിക്കാരെ പരിശീലിപ്പിക്കാൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, നാഷണൽ ഫെഡറേഷനുകൾ, അന്താരാഷ്ട്ര കായികസംഘടനകൾ, സ്വകാര്യമേഖല എന്നിവരുമായി സഹകരിച്ച് ദേശീയ അക്കാദമികളുടെ ഒരു ശൃംഖല സ്ഥാപിക്കാൻ ആലോചിക്കുന്നു. അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഈ സംവിധാനം. പരമാവധി കായികതാരങ്ങളെയും അക്കാദമികളെയും ഇതിന്റെ ഭാഗമാക്കും.

34. കായികതാരങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾ

34.1 മെഡൽജേതാക്കൾക്കുള്ള പാരിതോഷികം

മെഡൽ നേടിയ കായികതാരങ്ങളെ പാരിതോഷികം വഴി അംഗീകരിക്കുന്നത് വലിയ പ്രോത്സാഹനമാകും. അത്തരം അവാർഡുകൾ അവരുടെ അന്തസ്സ് വർധിപ്പിക്കുകയും മികച്ച പ്രകടനം നടത്താൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്യും. ദേശീയ, അന്തർദേശീയ മത്സരങ്ങളിലെ മെഡൽ ജേതാക്കൾക്ക് കായികവകുപ്പ് നൽകുന്ന ക്യാഷ് അവാർഡും മറ്റ് പ്രോത്സാഹനങ്ങളും വർധിപ്പിക്കും.

വിജയിക്കുന്ന ടീമിലെ ഓരോ അംഗത്തിനും നൽകുന്ന പണം വ്യക്തിഗത ഇവന്റുകളിലെ ജേതാക്കൾക്ക് നൽകുന്ന തുകയ്ക്കുതുല്യമായിരിക്കും.

അവാർഡുകളും സമ്മാനത്തുകയും യഥാസമയം സംസ്ഥാനസർക്കാർ വർധിപ്പിക്കും.

നഴ്സറികൾ, അക്കാദമികൾ, ഹൈ പെർഫോമൻസ് സെന്ററുകൾ, സെന്റർ ഓഫ് എക്സലൻസ്, സ്പോർട്സ് ഹോസ്റ്റലുകൾ, ദേശീയ, അന്തർദേശീയ അക്കാദമികൾ എന്നിവയിലെ സ്വകാര്യനിക്ഷേപം സുഗമമാക്കുന്ന വിശദമായ നയരേഖ ആറു മാസത്തിനുള്ളിൽ തയ്യാറാക്കി അവതരിപ്പിക്കും.

34.2 പരിശീലകർക്കുള്ള അംഗീകാരം

മെഡൽജേതാവിന്റെ പരിശീലകർക്ക് പാരിതോഷികം നൽകാനായി പ്രത്യേകം സ്കീം രൂപവൽക്കരിക്കും.

അന്താരാഷ്ട്ര ഇനങ്ങളിൽ മെഡൽ നേടുന്ന കായികതാരത്തിന്റെ മാതൃസ്ഥാപനത്തിന് അവാർഡ്മൂല്യത്തിന്റെ 10 ശതമാനം അടിസ്ഥാനസൗകര്യവികസനത്തിനും കായികോപകരണങ്ങൾ വാങ്ങുന്നതിനുമായി സാമ്പത്തികസഹായം നൽകുന്നത് പരിഗണിക്കും.

34.3 മെഡൽജേതാക്കൾക്കുള്ള ഇൻക്രിമെന്റ്

സർക്കാർ സർവീസിലെയോ പൊതുമേഖലാ സ്ഥാപനങ്ങളിലെയോ ജീവനക്കാർക്ക് അംഗീകൃത ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയാൽ ഇൻക്രിമെന്റും ഇൻസെന്റീവുകളും നൽകുന്നതുപരിഗണിക്കും.

34.4 അധികപരിഗണന

അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടുന്ന കളിക്കാർക്ക് സർക്കാർ അലോട്ട്മെൻറുകളിൽ പ്രത്യേക പരിഗണന നൽകും. ഔദ്യോഗിക സേവനങ്ങളിൽ ഇളവുകളും നൽകുന്നത് പരിഗണിക്കും.

35. അവാർഡുകൾ

കായികപ്രതിഭകൾക്കും പരിശീലകർക്കും സർക്കാർ വിവിധ അവാർഡുകളും അംഗീകാരങ്ങളും ഏർപ്പെടുത്തും. കൂടുതൽ അവാർഡുകളും ബഹുമതികളും പുതിയ കായിക നയത്തിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

36. പരിശീലനം

36.1 പരിശീലകർക്കായുള്ള വികസനപരിപാടി

പരിശീലകൻ, മൂല്യനിർണ്ണയക്കാരൻ, സുഹൃത്ത്, ഉപദേഷ്ടാവ്, ഫെസിലിറ്റേറ്റർ, ഡെമോൺസ്ട്രേറ്റർ, സപ്പോർട്ടർ, ഫാക്റ്റ് ഫൈൻഡർ, അഡ്വൈസർ, മോട്ടിവേറ്റർ, കൗൺസിലർ, ഓർഗനൈസർ, പ്ലാനർ എന്നീ നിലകളിൽ പരിശീലകന്റെ വിവിധ റോളുകൾ തിരിച്ചറിഞ്ഞ് കോച്ചുമാർക്കായുള്ള വികസനപരിപാടി ആരംഭിക്കും.

സ്കൂൾ കായികാധ്യാപകർക്കായുള്ള പ്രത്യേക പരിശീലനപരിപാടികളും നടപ്പാക്കും. പരിശീലനപരിപാടികൾ തയ്യാറാക്കാനും കായികതാരങ്ങളുമായി ഫലപ്രദമായി ആശയവിനിമയം നടത്താനും പുതിയ കഴിവുകൾ വികസിപ്പിക്കുന്നതിന് താരങ്ങളെ സഹായിക്കാനും പരിശീലനപുരോഗതി നിരീക്ഷിക്കാനും പ്രകടനം വിലയിരുത്താനും മൂല്യനിർണ്ണയ പരിശോധനകൾ നടത്താനും ഈ പരിപാടി പരിശീലകരെ പ്രാപ്തരാക്കും. മികച്ച പരിശീലകർ ഇന്ത്യയ്ക്കകത്തും വിദേശത്തും നിലവാരമുള്ള സ്ഥാപനങ്ങളിൽ/പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകും.

36.2 പരിശീലകരുടെ റേറ്റിങ്

പരിശീലകരുടെ പ്രകടനം അടിസ്ഥാനമാക്കിയുള്ള റേറ്റിങ് സംവിധാനം പരിശീലന സാഹചര്യം മെച്ചപ്പെടുത്താൻ അനിവാര്യമാണ്. പരിശീലകരെ ഉത്തരവാദിത്തമുള്ളവരാക്കുന്നതിന് പ്രകടനം വിലയിരുത്താൻ സംവിധാനം ഏർപ്പെടുത്തും.

36.3 പരിശീലകരുടെ വിന്യാസം

പരിശീലകരുടെ വിന്യാസം വളരെ നിർണായകമാണ്. അത് കേന്ദ്രീകൃതമായിരിക്കും. വിവിധ തലങ്ങളിലുള്ള അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, സ്പോർട്സ് സ്കൂളുകൾ, സ്പോർട്സ് ഹബ്ബുകൾ എന്നിവയ്ക്ക് പരിശീലകരുടെ കേന്ദ്രീകൃതപൂളിൽനിന്ന് കാര്യക്ഷമതയുള്ളവരെ ലഭിക്കും. ഓരോ പരിശീലകനെയും അയാളുടെ കായിക ഇനത്തിൽ

പ്പെടുന്ന അക്കാദമിയിലേക്ക് വിന്യസിക്കും. ആ അക്കാദമിയുടെ പ്രകടനം അടിസ്ഥാനമാക്കിയായിരിക്കും പരിശീലകനെ വിലയിരുത്തുക.

36.4 പരിശീലകരുടെ കരാർനിയമനം

കായികവകുപ്പും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും വ്യക്തമായി നിർവചിക്കപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ചു നിർദിഷ്ട നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് കരാർ അടിസ്ഥാനത്തിൽ പരിശീലകരെ നിയമിക്കും. ഡിപ്പാർട്ട്മെന്റിൽ ലഭ്യമല്ലാതെ വരികയോ അത്തരം കായിക ഇനങ്ങളിൽ വളരെ കുറച്ച് പരിശീലകർ മാത്രം ഉണ്ടായിരിക്കുകയോ ആണെങ്കിൽ കരാർ അടിസ്ഥാനത്തിൽ റിക്രൂട്ട് ചെയ്യും.

36.5 കായികാധ്യാപകരുടെ പങ്കാളിത്തം

കോളേജുകളിലും സ്കൂളുകളിലും കായികാധ്യാപകൻ പരിശീലന രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. പ്രത്യേക കായികയിനങ്ങളിൽ പരിശീലനമികവ് ആർജിക്കുന്നതിന് ഇവർക്കായി പ്രത്യേക പരിപാടികൾ തയ്യാറാക്കും.

37. റഫറിമാർ, അമ്പയർമാർ

റഫറിമാർ, അമ്പയർമാർ, ജഡ്ജിമാർ എന്നിവർ കായികരംഗത്തെ വളരെ പ്രധാനപ്പെട്ട വിഭാഗമാണ്. ഇവരുടെ ജോലി വളരെ സമ്മർദം നിറഞ്ഞതാണ്. അതത് ഗെയിമുകളുടെ നിയമങ്ങളെയും നിയന്ത്രണങ്ങളെയും കുറിച്ച് കാലികമായ അറിവുള്ള മികച്ച റഫറിമാർ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഇവരുടെ മികവ് വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ റഫറിമാരുടെ നിലവാരം ദേശീയ, അന്തർദേശീയ തലത്തിലേക്ക് ഉയർത്താൻ ലക്ഷ്യം വയ്ക്കുന്നു.

റഫറിമാർക്കായി ക്ലിനിക്കുകളും ശില്പശാലകളും സംഘടിപ്പിക്കും. മികച്ച പ്രകടനം കാഴ്ചവെക്കാത്തവരെ പട്ടികയിൽനിന്ന് ഒഴിവാക്കി പുതിയവരെ ഉൾപ്പെടുത്തും. റഫറിമാരുടെ സർട്ടിഫിക്കേഷനുവേണ്ടി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ വഴി പ്രത്യേക കോഴ്സുകൾ സംഘടിപ്പിക്കും. ദേശീയ സ്പോർട്സ് ഫെഡറേഷനുമായി സഹകരിച്ച് യോഗ്യതയുള്ള റഫറിമാരുടെയും അമ്പയർമാരുടെയും എണ്ണം വർധിപ്പിക്കുന്നതിനായി യോഗ്യതാപരീക്ഷ നടത്തും.

38. കായികം ഒരു ആകർഷക തൊഴിൽമേഖല

ആഗോളതലത്തിൽ സ്പോർട്സ് ഒരു ആകർഷകമായ കരിയർ ഓപ്ഷനായി വികസിക്കുകയും കഴിവുള്ള യുവാക്കൾക്ക് പ്രൊഫഷണൽ ക്ലബ്ബുകളിലൂടെ മികച്ച അവസരങ്ങൾ ലഭിക്കുകയും ചെയ്യുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിരവധി കളിക്കാരെ റിക്രൂട്ട് ചെയ്യുന്നു.

കായികതാരങ്ങൾക്ക് സർക്കാർതസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നയം രൂപവൽക്കരിച്ചിട്ടുണ്ട്. വിവിധ തസ്തികകളിലേക്ക് സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിക്കാനുള്ള യോഗ്യത, അവരുടെ നിലവാരവും നേട്ടങ്ങളും അടിസ്ഥാനമാക്കി പ്രത്യേകമായി നിശ്ചയിക്കും. സ്പോർട്സ്ക്വാട്ടയിൽ അനർഹർ അപേക്ഷിക്കുന്നതു തടയാൻ സുതാര്യമായ മാർഗനിർദേശങ്ങൾ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

കായികതാരങ്ങളെ കായികരംഗത്തെ അനുബന്ധമേഖലകളിലും പരിശീലിപ്പിക്കുന്നതിനും അവരെ ഫെസിലിറ്റി മാനേജ്മെന്റ്, സ്പോർട്സ് മീഡിയ, ഇവന്റ് ഓർഗനൈസേഷൻ, സ്പോർട്സ് എഞ്ചിനീയറിങ്, സ്പോർട്സ് മാനേജ്മെന്റ് തുടങ്ങിയ വളർന്നുവരുന്ന മേഖലകളിൽ വിന്യസിക്കുന്നതിനും നടപടിയെടുക്കും.

38.1 കരിയർ ബ്രിഡ്ജ്

പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർവകുപ്പുകളും ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റും ജോലിയും ഉറപ്പാക്കാൻ ഒരു പ്രത്യേകപദ്ധതി നിർദേശിക്കുന്നു. സംസ്ഥാനത്തും ദേശീയതലത്തിലും വിദേശത്തും ലഭ്യമായ അവസരങ്ങൾ കണ്ടെത്താൻ ഈ സംവിധാനം സഹായിക്കും. കളിക്കാരെ ബന്ധപ്പെട്ട റിക്രൂട്ടിങ് ഏജൻസികളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു പാലമായി ഇത് പ്രവർത്തിക്കും. കായികപ്രതിഭകളുടെ ഖനിയായി കേരളം കണക്കാക്കപ്പെടുന്നതിനാൽ, സംസ്ഥാനത്തു റിക്രൂട്ട്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കാൻ ദേശീയതലത്തിലുള്ള സ്ഥാപനങ്ങൾ താൽപര്യപ്പെടുന്നുണ്ട്. ശരിയായ വിവരങ്ങളും മാർഗനിർദേശവും പുതിയ ക്രമീകരണത്തിലൂടെ നൽകാനാകും.

39. കായികമത്സരങ്ങൾ

39.1 കായികമത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക:

സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെയും അവയുടെ ജില്ലാ, പ്രാദേശിക ഘടകങ്ങളുടെയും സ്പോർട്സ് കൗൺസിലിന്റെയും പൊതുമേഖലാസ്ഥാപനങ്ങളുടെ സ്പോർട്സ് ബോർഡുകളുടെയും ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കും. വില്ലേജ് / ബ്ലോക്ക് / ജില്ലാ /സംസ്ഥാനതലത്തിലും സ്കൂൾ / കോളേജ് / യുണിവേഴ്സിറ്റി / ക്ലബ് / യൂത്ത്ക്ലബ് / സ്പോർട്സ്ക്ലബ് തുടങ്ങിയ സ്ഥാപനങ്ങൾക്കിടയിലും വിവിധ സാമൂഹികസംഘടനകൾക്കിടയിലും പ്രാദേശികമായി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് പിന്തുണ നൽകും. പുരുഷന്മാർ, സ്ത്രീകൾ, ജൂനിയർ, സബ്ജൂനിയർ, വെറ്ററൻസ്, അംഗപരിമിതിയുള്ളവർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലെ കളിക്കാർക്കായി ഗ്രാമീണതലംമുതൽ സംസ്ഥാനതലംവരെ മത്സരങ്ങൾ സംഘടിപ്പിക്കും.

39.2 ലീഗ് ചാമ്പ്യൻഷിപ്പുകൾ

മേൽത്തട്ടിലുള്ള വാർഷിക നോക്കൗട്ട് ടൂർണമെന്റുകൾ കൂടാതെ പ്രാദേശികതലത്തിൽ വർഷം മുഴുവനും നീണ്ടുനിൽക്കുന്ന മത്സരങ്ങൾക്കായി ലീഗ് ഫോർമാറ്റ് പ്രത്യേകം പ്രോത്സാഹിപ്പിക്കും. എല്ലാവർക്കും വേണ്ടത്ര മത്സരങ്ങൾ ലഭിക്കുന്നതിനായി ടീമുകളെ പ്രകടനനിലവാരത്തിന് അനുസരിച്ചു ഗ്രേഡുകളായി തിരിക്കും.

മത്സരങ്ങളുടെ എണ്ണം പലമടങ്ങ് വർധിപ്പിക്കുന്നു എന്ന നേട്ടം ലീഗ് ഫോർമാറ്റിനുണ്ട്. കൂടാതെ ലീഗിൽ ഹോം, എവേ മാച്ചുകളുടെ യാത്രാച്ചെലവുകൾ ടീമുകൾ വഹിക്കുന്നതിനാൽ സംഘാടകർക്ക് വലിയ ബാധ്യതയാകുന്നില്ല. മത്സരങ്ങൾ വർധിക്കുന്നത് ഗ്രാസ്റൂട്ട് ലെവലിൽ കായികതാൽപര്യം നിലനിർത്തുകയും, മത്സരാർഥികൾക്കും, ടീമിനും കഴിവ് പ്രകടിപ്പിക്കാനുള്ള അവസരം കൂടുതലായി ലഭിക്കുകയും ചെയ്യുന്നു.

39.3 വൻകിട മത്സരങ്ങളുടെ ആതിഥേയത്വം

ലോക/ഏഷ്യൻ ചാമ്പ്യൻഷിപ്പുകൾ, സാഫ് ഗെയിംസ്, ദേശീയ ഗെയിംസ്, ഫെഡറേഷൻ കപ്പ്, ദേശീയ ചാമ്പ്യൻഷിപ്പുകൾ, തുടങ്ങിയ പ്രധാന ദേശീയ, അന്തർദേശീയ ഇവന്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എല്ലാ വർഷവും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മറ്റ് സംസ്ഥാനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് സ്പോർട്സിനെ ഒരു ഉപാധിയാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ പ്രതിച്ഛായ വർധിപ്പിക്കും. അഭിമാനകരമായ ഇവന്റുകൾക്ക് ആതിഥേയത്വം വഹിക്കുകയും മറ്റിടങ്ങളിലേക്ക് ടീമുകളെ അയയ്ക്കുകയും ചെയ്യുന്നത് ഒരു തുടർപ്രക്രിയ ആകണം.

യുവപ്രതിഭകൾക്ക് ഇതൊരു പ്രചോദനമാകും. അണ്ടർ 17 ഫുട്ബോൾ ലോകകപ്പ് പ്രധാന ഉദാഹരണമാണ്. കൂടാതെ, തുടർച്ചയായ കായികമത്സരങ്ങൾ നടത്തുന്നതിലൂടെ മൊത്തത്തിൽ ഒരു കായികസംസ്കാരവും ഒരു ആവാസവ്യവസ്ഥയും വികസിക്കും. വലിയ കായികമാമാങ്കങ്ങളുടെ വിജയത്തിന്, വേദി ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തെ ചെറിയ നഗരങ്ങളും ഗ്രാമപ്രദേശങ്ങളും പോലും വലിയ കായികമേളകൾ നടത്തുന്നതിന് അനുയോജ്യമാണ്.

39.4 കായിക കലണ്ടർ

വിവിധ അസോസിയേഷനുകൾ, സ്കൂൾ വിദ്യാഭ്യാസവകുപ്പ്, രാജീവ് ഗാന്ധി ഖേൽ അഭിയാൻ മുതലായവ ആസൂത്രണം ചെയ്യുന്ന വിവിധ ടൂർണമെന്റുകളുടെ വിശദാംശങ്ങളുള്ള സ്പോർട്സ് കലണ്ടർ എല്ലാ വർഷവും തയ്യാറാക്കും. അതിനാൽ ഇവ കൂടിക്കലരുന്നത് ഒഴിവാക്കാം. കൂടാതെ, വിപുലമായ തയ്യാറെടുപ്പുകൾക്കും ഇത് സഹായിക്കും.

കേരള ഒളിമ്പിക് അസോസിയേഷന്റെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അംഗീകാരമുള്ളതും സ്പോർട്സ് കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ചാമ്പ്യൻഷിപ്പുകൾക്ക് മാത്രമേ ധനസഹായം നൽകു. അത്തരം മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ മാർഗനിർദേശങ്ങൾ കായികവകുപ്പ് തയ്യാറാക്കും.

39.5 ഗ്രാമീണമത്സരങ്ങൾ

ഗ്രാമീണമേഖലയിലെ യുവാക്കൾക്കും പ്രായമായവർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും കായികമത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വിപുലമായ അവസരം നൽകുന്നതിനായി എല്ലാ വർഷവും ബഹുജന പങ്കാളിത്തത്തോടെ ഗ്രാമീണ കായികമത്സരങ്ങൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കും.

39.6 ജില്ലാ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ ജില്ലാ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ പതിവായി സംഘടിപ്പിക്കും. ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിന് കായിക അസോസിയേഷനുകൾക്ക് സാമ്പത്തിക പിന്തുണ ലഭ്യമാക്കും

39.7 ഇന്റർ സ്കൂൾ, ഇന്റർ കോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ

സംസ്ഥാനത്ത് ഇന്റർസ്കൂൾ, ഇന്റർകോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കും. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ആക്റ്റിന്റെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി തിരഞ്ഞെടുത്ത വിഷയങ്ങളിൽ 'കേരള ഗ്രാൻഡ് പ്രിക്സ്' എന്ന പേരിൽ സ്കൂൾ, കോളേജ് കുട്ടികളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രത്യേകപദ്ധതി ആവിഷ്കരിക്കും. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.ഇ, കേന്ദ്രീയവിദ്യാലയം എന്നീ തലത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സംയുക്ത ഗെയിം സംഘടിപ്പിക്കും. ഇന്ന് വലിയൊരു വിഭാഗം കുട്ടികൾ ഈ വിദ്യാലയങ്ങളിലാണ്. അവരുടെ കായികമികവ് അവഗണിക്കപ്പെടുകയാണ്. ഗെയിംസിലൂടെ കണ്ടെത്തുന്ന പ്രതിഭകൾക്ക് പ്രത്യേക പരിശീലനം നൽകാനും പദ്ധതി തയ്യാറാക്കും.

39.8 മറ്റുചാമ്പ്യൻഷിപ്പുകൾ

തൊഴിലാളികൾ, കർഷകർ, പോലീസ് തുടങ്ങിയ പ്രത്യേകവിഭാഗങ്ങൾക്കായുള്ള കായികമത്സരങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രോത്സാഹിപ്പിക്കും.

39.9 ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി

ബഹുജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി ക്രിക്കറ്റ്, കബഡി, വോളിബോൾ, ഹോക്കി, ഫുട്ബോൾ തുടങ്ങിയ ജനപ്രിയ ഇനങ്ങളിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കായുള്ള ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കും.

39.10 പ്രീമിയർ ലീഗ്

ഗ്രാമീണ, പരമ്പരാഗത ഗെയിമുകൾ ഉൾപ്പെടെ തിരഞ്ഞെടുത്ത കായിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലീഗ് മത്സരങ്ങൾ രൂപവൽക്കരിക്കാൻ നിർദേശിക്കുന്നു. വിവിധ ഇനങ്ങളിൽ പ്രീമിയർ ലീഗുകൾ വികസിപ്പിക്കുന്നതിന് സംസ്ഥാനതല അസോസിയേഷനുകൾ മുൻകൈയെടുക്കണം. വിവിധ കായികയിനങ്ങളിൽ അന്തർ ജില്ലാ ടൂർണമെൻ്റുകൾ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

നിലവിലുള്ള സ്പോർട്സ് ലീഗുകളിൽ സർക്കാർ സജീവമായി ഇടപെടുകയും സംസ്ഥാനത്തെ പരമാവധി കളിക്കാർ അതിൽ കളിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യും. കളിക്കാർക്ക് മികച്ച അവസരങ്ങൾ ഇത് സൃഷ്ടിക്കും. അവരുടെ മികവിനും മൂല്യത്തിനും അനുസൃതമായി വരുമാനം നേടുന്നതിന് ഇത് കളിക്കാരെ സഹായിക്കും.

40. സ്പോർട്സ് അസോസിയേഷനുകൾ

കായിക അസോസിയേഷനുകളിലും ഫെഡറേഷനുകളിലും സർക്കാർ ക്രിയാത്മകമായി ഇടപെടും. അസോസിയേഷനുകൾ കൂടുതൽ പ്രൊഫഷനലാക്കുകയാണ് ലക്ഷ്യം. മികവിലേക്കുയരാനും കൂടുതൽ നേട്ടങ്ങൾ എത്തിപ്പിടിക്കാനും വിവിധ അസോസിയേഷനുകൾ ശ്രമിക്കേണ്ടതുണ്ട്. സർക്കാർ അതിനെ പൂർണമായും പിന്തുണയ്ക്കും.

സ്പോർട്സ് അസോസിയേഷനുകൾക്കുള്ള അംഗീകാരത്തിനും സഹായ വിതരണത്തിനുമുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും സർക്കാരും സ്പോർട്സ് കൗൺസിലും വർഷങ്ങളായി നിരവധി ശ്രമങ്ങൾ നടത്തിവരികയാണ്. സ്പോർട്സ് അസോസിയേഷനുകൾ നിർദിഷ്ട കായികവിഭാഗങ്ങളുടെ വികസനത്തിനായി പല സ്കീമുകളുമായും മുന്നോട്ടുവന്നിട്ടുണ്ട്. സർക്കാർ ആ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അസോസിയേഷനുകളെ സജീവമായി പിന്തുണച്ചിട്ടുമുണ്ട്. അസോസിയേഷനുകളെ സഹായിക്കുന്നതിന് നിലവിലെ മാർഗനിർദേശങ്ങൾ അവലോകനം ചെയ്യുകയും, പരിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. മാർഗനിർദേശങ്ങൾ ഭേദഗതി ചെയ്യാൻ സംസ്ഥാന ഒളിമ്പിക് അസോസിയേഷനുമായും കായിക അസോസിയേഷനുകളുമായും ചർച്ച നടത്തും. ഈ മാർഗനിർദേശങ്ങളിൽ ഉൾപ്പെടുത്തേണ്ട പ്രധാന കാര്യങ്ങൾ ഇവയാണ്:

- സ്പോർട്സ് വികസനത്തിലും പ്രമോഷനിലും ഏർപ്പെട്ടിരിക്കുന്ന ഏജൻസികളുടെ പങ്ക്, ഉത്തരവാദിത്തം എന്നിവയുടെ വ്യക്തമായ അതിർവരമ്പും തിരിച്ചറിയലും. സർക്കാർ സഹായത്തിന് മുൻഗണനാവിഭാഗങ്ങൾ നിർണ്ണയിക്കുന്നതിന് വ്യക്തമായി നിർവചിക്കപ്പെട്ട മാനദണ്ഡം. സാമ്പത്തികസഹായത്തിനായുള്ള പ്രോസസിങ് കേസുകളിൽ സ്വീകരിക്കേണ്ട ഒരു അച്ചടക്ക കേന്ദ്രീകൃതമായ നിർദ്ദിഷ്ട പദ്ധതിസമീപനം.
- ദീർഘകാല വികസനപദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗനിർദേശങ്ങൾ തയ്യാറാക്കും. വികസനപദ്ധതികളുടെ വാർഷിക അനുമതികൾക്കായി വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, അസോസിയേഷനുകളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാമുഖ്യം നൽകും.

- സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളും, കായികവകുപ്പും തമ്മിൽ കരാറുകൾ രൂപവൽക്കരിക്കും. അസോസിയേഷനുകളുടെ ഭരണപരവും സാമ്പത്തികവുമായ മാനേജ്മെന്റ് പ്രൊഫഷണലാക്കുന്നതിനും നവീകരിക്കുന്നതിനും ഊന്നൽ നൽകും.
- കളിക്കാരുടെ പരാതികൾ കൈകാര്യംചെയ്യാനുള്ള സംവിധാനങ്ങൾക്ക് ഊന്നൽ നൽകും. സ്പോർട്സ് പ്രൊമോട്ടർമാരുടെ, പ്രത്യേകിച്ച് ഇവന്റ് മാനേജ്മെന്റിന്റെ പങ്ക് അംഗീകരിക്കും.

ചുരുക്കത്തിൽ, വാർഷികപദ്ധതി അനുമതികൾക്കു പകരമായി ഓരോ കായികയിനത്തിന്റെയും സവിശേഷമായ ആവശ്യകതകൾക്കനുസൃതമായി വികസനത്തിനും പ്രോത്സാഹനത്തിനുമായി അംഗീകരിക്കപ്പെട്ട ഒരു പ്രോഗ്രാം എന്ന പുതിയ നിർദേശം മുന്നോട്ടു വയ്ക്കുന്നു. അസോസിയേഷനുകളുടെ മാനേജ്മെന്റ് രീതികളിൽ കാര്യമായ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ഈ പ്രക്രിയയുടെ ഒരു പ്രധാന കാഴ്ചപ്പാട് അസോസിയേഷനുകളെ ഒരു കാലയളവിനുള്ളിൽ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുകയും അതുവഴി സർക്കാരിനെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക എന്നതാണ്.

40.1 സ്പോർട്സ് അസോസിയേഷനുകളുടെ നവീകരണപദ്ധതി

കായിക-യുവജനകാര്യ ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും സർക്കാർ ഫണ്ടിൽ ആണ് പ്രവർത്തിക്കുന്നത്. അസോസിയേഷനുകൾക്ക് അഫിലിയേറ്റ് ചെയ്ത അവരുടെ ദേശീയ ഫെഡറേഷനുകളിൽനിന്ന് ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. ഒപ്പം മിക്ക സ്പോർട്സ് അസോസിയേഷനുകളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സഹായധനത്തെയും ആശ്രയിക്കുന്നു. സർക്കാർ ഗ്രാന്റുകൾ ആശ്രയിക്കാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അസോസിയേഷനുകളെ സജ്ജമാക്കേണ്ട സമയമാണിത്.

സ്പോർട്സ് അസോസിയേഷനുകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ:

രാജ്യത്തെ ചില കായികസംഘടനകൾ വിജയകരമായ പ്രവർത്തന മാതൃക രൂപപ്പെടുത്തിയിട്ടുണ്ട്. അവ സ്വന്തം കാലിൽ നിൽക്കുകയും ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട കായികയിനങ്ങളിൽ ശ്രദ്ധേയ സംഭാവനകൾ നൽകുന്നു. സമാനമായ രീതിയിൽ മറ്റ് സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനവും പുനർവിചിന്തനം ചെയ്യേണ്ടത് ആവശ്യമാണ്. അത്തരമൊരു പുനർനിർമ്മാണത്തിന്റെ ഘടകങ്ങൾ.

- ഘടനാപരമായ മാറ്റവും പുതിയ പ്രവർത്തനരീതിയും
- നിർവചിക്കപ്പെട്ട ബിസിനസ്സ് മോഡലുകൾ
- അസോസിയേഷനുകൾക്ക് ശരിയായ റോഡ്മാപ്പ് ഉണ്ടായിരിക്കണം - ഒരു മാതൃക രൂപപ്പെടുത്തിയെടുക്കണം
- ദീർഘകാല വാണിജ്യ കരാറുകൾ
- പ്രൊഫഷണൽ സമീപനവും, വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തവും
- തുടർച്ചയായ നൈപുണ്യവികസനവും മെന്ററിങ് പ്രോഗ്രാമുകളും.
- ഫ്രെയിംവർക്ക് തയ്യാറാക്കുന്നതിനായി മാനേജ്മെന്റ് വിദഗ്ധരുടെ/സ്ഥാപനങ്ങളുടെ പങ്കാളിത്തം
- മാനേജ്മെന്റ് /കായികവിദഗ്ധരുടെ ദീർഘകാലസേവനം ലഭ്യമാക്കുക.
- എല്ലാ അസോസിയേഷനുകൾക്കും ഒരു പ്രൊഫഷണൽ സെക്രട്ടേറിയറ്റ്.

- അതത് കായികമേഖലകളിൽ മിഷനുകളും സ്കീമുകളും പ്രോജക്റ്റുകളും പ്രോഗ്രാമുകളും പാക്കേജുകളും പ്രവർത്തിപ്പിക്കുന്നതിന് അസോസിയേഷനുകൾ മുൻകൈയെടുക്കണം.
- തുടർച്ചയായ നിരീക്ഷണവും യഥാസമയമുള്ള ആസൂത്രണവും.
- സർക്കാർസംവിധാനത്തിന്റെ പിന്തുണ
- സ്വന്തം ഇവന്റ് പ്രോപ്പർട്ടികൾ പ്രത്യേകിച്ച് പ്രീമിയർ ലീഗുകൾ
- വൻതോതിലുള്ള നൈപുണ്യവികസനത്തിനായി വാണിജ്യാടിസ്ഥാനത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക

ഇത്തരമൊരു പുനഃസംഘടനാപരിപാടി ഏറ്റെടുക്കുന്ന എല്ലാ സ്പോർട്സ് അസോസിയേഷനുകളേയും സർക്കാർ പിന്തുണയ്ക്കും. നവീകരണപരിപാടി നടപ്പിലാക്കുന്നതിനായി ഐഐഎം പോലുള്ള പ്രശസ്ത മാനേജ്മെന്റ് സ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കും. സമഗ്ര പരിവർത്തനത്തിനായി മൂന്നു വർഷത്തെ വ്യക്തമായ പരിപാടിയും കൃത്യമായ നാഴികക്കല്ലുകളെ അടിസ്ഥാനമാക്കി സർക്കാരുമായുള്ള കരാറും ആണ് അസോസിയേഷനുകൾക്കു മുന്നിലുള്ള സർക്കാർ നിർദേശം.

41. മറ്റു മേഖലകളുടെ പങ്കാളിത്തം

41.1 പൊതുമേഖലാസ്ഥാപനങ്ങളുടെ പങ്ക്

പൊതുമേഖലാ സ്ഥാപനങ്ങൾ കായികമേഖലയുടെ വളർച്ചയ്ക്ക് സാധ്യമായ പിന്തുണ നൽകണം.

41.2 സഹകരണ മേഖലയുടെ പങ്ക്

കേരളത്തിലെ സഹകരണമേഖല ആഴത്തിൽ വേരൂന്നിയതും സമൂഹത്തിൽ വലിയ സ്വാധീനമുള്ളതുമാണ്. അവർ വിവിധ സാമൂഹികവികസനപരിപാടികൾ വളരെ വിജയകരമായ രീതിയിൽ നിർവഹിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി ഒരു മികച്ച ഉദാഹരണമാണ്. ഈ തൊഴിലാളി സഹകരണസംഘം കോഴിക്കോട്ട് സമ്പൂർണ്ണ ഐ.ടി പാർക്ക് നടത്തുന്നു. കേരളത്തിലെ കായികരംഗത്ത് എല്ലാ തലങ്ങളിലും ഗണ്യമായ സംഭാവന നൽകാൻ സംസ്ഥാനത്തെ സഹകരണമേഖലയ്ക്കു കഴിയും. താഴെത്തട്ടിലുള്ള വികസനത്തിൽ പ്രാഥമിക സഹകരണസംഘങ്ങളിലൂടെ ഫലപ്രദമായി ഇടപെടാൻ കഴിയും. സംസ്ഥാന സഹകരണവകുപ്പുമായി ഏകോപനം ആവശ്യമാണ്.

41.3 സ്വകാര്യമേഖലയുടെ പങ്കാളിത്തം

നിയമപരമായ ചട്ടക്കൂടിനുള്ളിൽ ഏതു മേഖലയിലും സ്വകാര്യനിക്ഷേപങ്ങളും, പങ്കാളിത്തവും ക്ഷണിക്കാൻ സംസ്ഥാനസർക്കാർ നയപരമായി തീരുമാനിച്ചിട്ടുള്ളതാണ്. ഇൻഫ്രാസ്ട്രക്ചർ, ഇവന്റ് പ്രോപ്പർട്ടികൾ, അക്കാദമികൾ, പ്രൊഫഷണൽ ക്ലബ്ബുകൾ എന്നിവയിൽ നിക്ഷേപങ്ങൾ സമാഹരിക്കേണ്ടത് കായികവളർച്ചയ്ക്ക് അത്യാവശ്യമാണ്. കായികമേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കാൻ നിരന്തരമായ ശ്രമം വേണം. നിക്ഷേപക സംഗമങ്ങൾ, വൺ ടു വൺ മീറ്റുകൾ, സമഗ്രമായ തുടർനടപടികൾ എന്നിവയുടെ ഏകോപനത്തിനായി ഒരു സ്ഥിരസംവിധാനം ശിപാർശ ചെയ്യുന്നു.

42. സ്പോർട്സ് അഡ്മിനിസ്ട്രേഷനും & മാനേജ്മെന്റും

42.1 സംസ്ഥാന കായികവകുപ്പ്

സ്പോർട്സ്, ഫിസിക്കൽ ഫിറ്റ്നസ് എന്നിവ സംബന്ധിച്ച നയരൂപവൽക്കരണത്തിൽ കായിക യുവജനകാര്യവകുപ്പ് നോഡൽ വകുപ്പായിരിക്കും.

42.2 സ്പോർട്സ് കേരള ഫൗണ്ടേഷൻ

സംസ്ഥാനസർക്കാർ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ധാരാളം സ്റ്റേഡിയങ്ങളും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളും നിർമ്മിച്ചു. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ സുസ്ഥിരമായ വരുമാനം സൃഷ്ടിക്കുന്ന മാതൃകയിൽ പ്രവർത്തിക്കണം.

കായികസൗകര്യങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, അവയുടെ മാനേജ്മെന്റ് എന്നിവയ്ക്ക് ഒരു കേന്ദ്രീകൃത ക്രമീകരണം അത്യാവശ്യമാണ്. അതിനായി ഒരു പുതിയ പൊതുമേഖലാ സംരംഭം (പി.എസ്.ഇ) സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപവൽക്കരിക്കുകയും നിർദിഷ്ട ചുമതലകൾ കൈമാറുകയും ചെയ്തു.

സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, നടത്തിപ്പ്, പരിപാലനം.

കേരളത്തിലെ എല്ലാ സ്പോർട്സ് എഞ്ചിനീയറിങ് പ്രവൃത്തികളുടെയും അക്രഡിറ്റഡ് ഏജൻസിയാകുക.

സംസ്ഥാനത്തുടനീളം കായിക അടിസ്ഥാനസൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, അത്യാധുനിക കായികസൗകര്യങ്ങളുടെ നിർമ്മാണം, നിലവിലുള്ള കായിക അടിസ്ഥാനസൗകര്യങ്ങളുടെ നവീകരണം, പരിപാലനം എന്നിവയെല്ലാം സ്പോർട്സ് കേരള ഫൗണ്ടേഷന്റെ പ്രവർത്തന പരിധിയിൽ വരുന്നു. സർക്കാരിന് കീഴിലുള്ള അത്യന്താധുനിക പരിശീലനകേന്ദ്രങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ, സ്പോർട്സ് അക്കാദമികൾ എന്നിവ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും ഫൗണ്ടേഷൻ ആയിരിക്കും. ഇത്തരം സൗകര്യങ്ങളുടെ സുസ്ഥിരമായ പ്രവർത്തനങ്ങൾക്ക് പി.പി.പി പോലുള്ള ലാഭകരവും, വരുമാനം സൃഷ്ടിക്കുന്നതുമായ തന്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള സുസ്ഥിര മാതൃക രൂപപ്പെടുത്തുകയാണ് ഫൗണ്ടേഷന്റെ പ്രധാന ചുമതല.

കായികസൗകര്യങ്ങളുടെ പരിപാലനത്തിനും നിർവഹണത്തിനുമായി സ്പോർട്സ് മാനേജ്മെന്റ്, എഞ്ചിനീയറിങ് മേഖലയിൽ യോഗ്യതയുള്ള പ്രൊഫഷണലുകളെ നിയമിക്കേണ്ടതുണ്ട്.

42.3 കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പതിറ്റാണ്ടുകളുടെ ചരിത്രപശ്ചാത്തലമുണ്ട്. 1954-ൽ തിരുവിതാംകൂർ സ്പോർട്സ് കൗൺസിൽ ആയാണ് രൂപവൽക്കരിക്കപ്പെടുന്നത്. കേരള സംസ്ഥാന രൂപവൽക്കരണത്തിന് ശേഷമാണ് കൗൺസിലിന് ഇന്നത്തെ പേരു ലഭിച്ചത്. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം സ്ഥാപിതമായ കൗൺസിൽ കേരളത്തിലെ കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 1974-ൽ പുനഃസംഘടിപ്പിച്ചു. പിന്നീട്, കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിട്ടു. കേരള സ്പോർട്സ് ആക്റ്റ് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രൂപവൽക്കരിച്ച് ഇപ്പോഴത്തെ രൂപത്തിൽ പ്രവർത്തിക്കുന്നു. കൗൺസിലിന് കീഴിൽ കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, പരിശീലനകേന്ദ്രങ്ങൾ, റൂറൽ കോച്ചിങ് സെന്ററുകൾ, സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിങ് സെന്ററുകൾ തുടങ്ങി നിരവധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

42.4 തദ്ദേശസ്ഥാപനങ്ങളിലെ റൂറൽ സ്പോർട്സ് കൗൺസിലുകളുടെ രൂപവൽക്കരണം

കായികമേഖലയെ ആകമാനം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കായികക്ഷമത വർധിപ്പിക്കുന്നതിനും 'എല്ലാവർക്കും സ്പോർട്സ്' എന്ന ആശയം പ്രവർത്തികമാക്കുന്നതിനും സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, സർവകലാശാലാതലങ്ങളിൽ നിയമാനുസൃത സ്പോർട്സ് കൗൺസിലുകൾ രൂപവൽക്കരിച്ചിട്ടുണ്ട്. പരിശീലനം, മത്സരങ്ങളുടെ നടത്തിപ്പ്, കളിസ്ഥലങ്ങളുടെ നടത്തിപ്പും പരിപാലനവും എന്നീ ഉത്തരവാദിത്വങ്ങൾ അതത് സ്പോർട്സ് കൗൺസിലുകൾക്കാണ്.

സംസ്ഥാന-ജില്ലാതലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ പ്രവർത്തനക്ഷമമാണ്. പഞ്ചായത്തുകളിൽ റൂറൽ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ കോർപ്പറേഷനുകളിൽ അർബൻ സ്പോർട്സ് കൗൺസിലും രൂപവൽക്കരിച്ചത് സ്പോർട്സിന്റെ ഭാവി വികസന ആസൂത്രണത്തിൽ നിർണ്ണായകമാണ്.

42.5 സ്പോർട്സ് ഇക്കണോമി മിഷൻ

സമ്പദ്ഘടനയിൽ സംഭാവന ചെയ്യുന്ന ഒരു മേഖലയായി സ്പോർട്സിനെ വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജിഡിപിയിലേക്ക് നിലവിൽ ഈ മേഖലയുടെ സംഭാവന 1% ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. 4 വർഷത്തിനുള്ളിൽ ഇത് 3-4% ആയി ഉയർത്താൻ ലക്ഷ്യമിടുന്നു. വിവിധ തന്ത്രങ്ങളും പ്രവർത്തനപദ്ധതികളും അതിനായി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനും, ലക്ഷ്യം കൈവരിക്കുന്നതിനും "സ്പോർട്സ് ഇക്കണോമി മിഷൻ " ഒരു എസ് പി വി ആയി രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു.

42.6 കേരള കായികവികസനഫണ്ട്.

സംസ്ഥാനത്ത് കായികവികസനത്തിലെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് മെച്ചപ്പെട്ട ഫണ്ടിങ്ങ് ആവശ്യമുണ്ട്. ഗവേഷണ-വികസന പഠനങ്ങൾക്ക്, ദേശീയ, അന്തർദേശീയ ഇനങ്ങളിൽ മെഡൽജേതാക്കൾക്ക് ക്യാഷ് അവാർഡ്, സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്കും ക്ലബ്ബുകൾക്കും ഗ്രാന്റ്-ഇൻ-എയ്ഡ്, കായികതാരങ്ങളുടെ ക്ഷേമനടപടികൾ, മുതിർന്നതാരങ്ങൾക്കുള്ള പെൻഷൻ അങ്ങനെ പലവിധത്തിലുള്ള സാമ്പത്തികബാധ്യതകൾ സർക്കാരിന് നിറവേറ്റാനുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കേരള കായികവികസനനിധി രൂപവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

42.7 നയ മൂല്യനിർണ്ണയത്തിനുള്ള സ്റ്റിയറിങ് കമ്മിറ്റി രൂപവൽക്കരണം

2015-ലെ കേരള സ്പോർട്സ് ആൻഡ് ഫിസിക്കൽ ഫിറ്റ്നസ് പോളിസിയിൽ പ്രഖ്യാപിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ നടത്തിപ്പ് സംസ്ഥാനതല സ്റ്റിയറിങ് കമ്മിറ്റി ഇടയ്ക്കിടെ അവലോകനം ചെയ്യും. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ളതാണ് സ്റ്റിയറിങ് കമ്മിറ്റി.

42.8 ഗവേഷണ റഫറൻസ് സെൽ

സ്പോർട്സ് പ്രവർത്തനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും, വിശദമായി പഠിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനുമായി കായികവകുപ്പിൽ ഒരു ഗവേഷണ-റഫറൻസ് സെൽ രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു.

43. കായികവിദ്യാഭ്യാസം

നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിൽ കായികവിനോദങ്ങളെ സമന്വയിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കുട്ടികൾക്കിടയിൽ കായികവിനോദങ്ങൾ ജനകീയമാക്കുന്നതിനും സ്കൂളുകളും അയൽപക്കങ്ങളും കായികവിനോദങ്ങളുടെ കേന്ദ്രമാക്കാനും സർക്കാർ നടപടി സ്വീകരിക്കും. കുട്ടികൾക്കിടയിലെ പ്രതിജ്ഞാബദ്ധത, സ്ഥിരോത്സാഹം, സഹകരണം, പ്രതിജ്ഞാബദ്ധത തുടങ്ങി വ്യക്തിത്വവികാസത്തിന് കായികരംഗത്തെ പങ്കാളിത്തം സുപ്രധാനമാണെന്ന് അധ്യാപകരെയും രക്ഷിതാക്കളെയും ഇത് ബോധ്യപ്പെടുത്തും. ഈ സ്വഭാവസവിശേഷതകൾ കുട്ടികളുടെ വളർച്ചയിലും തുടർപ്രവർത്തനങ്ങളിലും പ്രതിഫലിക്കും. അത് പല രൂപത്തിൽ അവർക്ക് പ്രചോദനമാവുകയും ചെയ്യും.

സ്കൂളുകളിലും കോളേജുകളിലും മികച്ച കായികസൗകര്യങ്ങൾ സർക്കാർ ഉറപ്പാക്കും. സ്പോർട്സിനായി നിശ്ചിത സമയം നീക്കിവയ്ക്കുന്നതിൽ സർക്കാർ നിഷ്കർഷ പുലർത്തും.

വ്യക്തിഗത കളിക്കാർക്കും ടീമുകൾക്കും ജൂനിയർ, ഗ്രാസ്റൂട്ട് തലങ്ങളിൽ മതിയായ മത്സരങ്ങളും അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വളർന്നുവരാനുള്ള സാധ്യതയും ഉറപ്പാക്കും. ഈ മത്സരങ്ങളുടെ നടത്തിപ്പിന് നല്ല ധനസഹായം ലഭിക്കുന്നുണ്ടെന്നും വ്യവസായ, വാണിജ്യമേഖലകളുടെ പിന്തുണയുണ്ടെന്നും മാന്യമായ അവാർഡ് തുക നല്കാൻ കഴിയുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കും. കളിക്കാർക്ക് അവരുടെ ഏറ്റവും മികച്ച പ്രകടനം നടത്താൻ ഇതു പ്രചോദനമാകും.

എല്ലാ ജില്ലകളിലും ഒരു സ്പോർട്സ് സ്കൂൾ / സ്പോർട്സ് ഡിവിഷൻ വിഭാവനം ചെയ്യുന്നു.

44. മാസ് കമ്മ്യൂണിക്കേഷൻ

വ്യക്തിത്വവികസനം, യുവാക്കളുടെ ഇടപഴകൽ, ആരോഗ്യസംരക്ഷണം, സാമൂഹിക ഉൾച്ചേരൽ, ദേശീയൈക്യം എന്നിവയിൽ കായികരംഗത്തിന്റെ പങ്കിനെക്കുറിച്ച് ജനങ്ങളിൽ ആഴത്തിൽ അവബോധം വളർത്താൻ മികച്ച ആശയപ്രചാരണതന്ത്രം സർക്കാർ ആവിഷ്കരിക്കും. വിവരസാങ്കേതികവിദ്യയെയും സാമൂഹമാധ്യമങ്ങളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി ഈ അവബോധം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുവാനും അവരെ കായികമേഖലയിൽ സജീവമാക്കാനും ലക്ഷ്യമിടുന്നു.

പൊതുജനങ്ങൾക്കിടയിൽ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിലും ജനപ്രിയമാക്കുന്നതിലും, കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും മാധ്യമങ്ങളും അവയിലൂടെയുള്ള പ്രചാരണവും പ്രധാന പങ്കു വഹിക്കുന്നു. സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റിൽ ഫലപ്രദവും സജീവവുമായ മീഡിയ സെൽ രൂപവൽക്കരിക്കും.

44.1 കായികചരിത്രപദ്ധതി

കേരള സ്പോർട്സിന്റെ മികച്ച ആർക്കൈവ് എവിടെയും ലഭ്യമല്ല. കേരള കായികചരിത്രം സമഗ്രമായും സമ്പൂർണമായും രേഖപ്പെടുത്തിയിട്ടുമില്ല. ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. കായികമേഖലയുടെ തുടർവികസനത്തിന് ഉറച്ച അടിത്തറയാകുന്ന ഇത്തരമൊരു പദ്ധതിക്ക് മുൻകൈയെടുക്കും.

44.2 സ്പോർട്സ് മ്യൂസിയം

കായികചരിത്രപദ്ധതിയുടെ തുടർച്ചയെന്ന നിലയിൽ, ഒരു സർക്കാർ സ്പോർട്സ് മ്യൂസിയം ആരംഭിക്കേണ്ടതുണ്ട്. ഒരു വിർച്വൽ ഗാലറിയും സ്ഥാപിക്കണം.

44.3 സ്പോർട്സ് ലൈബ്രറി

വിജ്ഞാനവ്യാപനവും, വൈജ്ഞാനികസമ്പത്ത് പങ്കുവയ്ക്കുന്നതും ഏതു മേഖലയുടെയും വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. സ്പോർട്സിനു മാത്രമുള്ള ഒരു അത്യാധുനിക ലൈബ്രറി സംസ്ഥാനത്ത് സ്ഥാപിക്കേണ്ടതുണ്ട്. പ്രിന്റ്, വീഡിയോ, ഓഡിയോ തുടങ്ങി വ്യത്യസ്ത ഫോർമാറ്റിലുള്ള റഫറൻസ് മെറ്റീരിയൽ ലഭ്യമാകണം. സ്പോർട്സ് ലൈബ്രറി പ്രൊജക്റ്റിന്റെ ഭാഗമായി ഒരു ഓൺലൈൻ ഇടവും സജ്ജമാക്കാം.

44.4. കായികവിനോദങ്ങളുടെ സാംസ്കാരികബന്ധം

കായികവിനോദങ്ങൾക്ക് എല്ലായ്പ്പോഴും ഒരു സാംസ്കാരികബന്ധമുണ്ട്. അത് വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വഭാവഘടനയെയും സാംസ്കാരികരീതികളെയും സ്വാധീനിക്കുന്നു. കേരളത്തിലെ കായികവിനോദങ്ങളുടെ സാംസ്കാരികവിനിമയം ശക്തിപ്പെടുത്തുന്നതിന് നടപടികൾ നിർദേശിക്കുന്നു:

44.5. കായിക ചലച്ചിത്രമേള

സ്പോർട്സ് പ്രധാന പ്രമേയമാക്കി ലോകമാകമാനം ഒട്ടേറെ സിനിമകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പല രാജ്യങ്ങളിൽനിന്നുള്ള ക്ളാസിക് കായിക സിനിമകൾക്കായുള്ള ചലച്ചിത്രോത്സവം സർക്കാരിന്റെ ആലോചനയിലുണ്ട്. തുറന്ന സ്റ്റേഡിയങ്ങളിൽ സിനിമകൾ പ്രദർശിപ്പിക്കും. കാഴ്ചക്കാർക്ക് അതൊരു പ്രത്യേക അനുഭവമാകും. ഒരു കായികമത്സരം കാണുന്ന അനുഭവത്തോടെ സിനിമ ആസ്വദിക്കാനാകും.

45. കായികമേഖലയുടെ മറ്റു പ്രബല സംഭാവനകൾ

കായികമേഖലയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും ഒട്ടേറെ പ്രധാന സംഭാവനകൾ സമൂഹത്തിനും വ്യക്തിക്കും നൽകാനുണ്ട്. കായികമന്ത്രാലയവും അതിനു കീഴിലുള്ള ഏജൻസികളും പല കായികപദ്ധതികളും തയ്യാറാക്കുന്നത് കായികത്തിനുള്ള സർവതല സ്പർശിയായ സ്വാധീനംകൂടി കണക്കിലെടുത്തുകൊണ്ടാണ്.

45.1 ആരോഗ്യവും ക്ഷേമവും

ശാരീരികവും സാമൂഹികവും മാനസികവുമായ ആരോഗ്യസംരക്ഷണത്തിൽ കായികമേഖലയുടെ സംഭാവന നിസാരമല്ല. നല്ല ഭക്ഷണക്രമം ശീലിക്കുക പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക, അക്രമവാസന കുറയ്ക്കാൻ സഹായിക്കുക, പ്രവർത്തനശേഷി വർധിപ്പിക്കുക; എച്ച്ഐവി/എയ്ഡ്സ് പോലുള്ള രോഗങ്ങളുടെ സാധ്യതകൾ കുറയ്ക്കുക, സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുക തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ കായികപ്രവർത്തനങ്ങൾക്ക് ഗുണകരമായ സാമൂഹിക ഇടപെടൽ നടത്താൻ കഴിയും. ഇത് ആരോഗ്യപരിപാലനച്ചെലവ് കുറയ്ക്കുന്നതിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും സഹായകരമാണ്. ആരോഗ്യകരമായ ജീവിതശൈലികളിലേക്കും പരിസ്ഥിതിയിലേക്കും അത് നയിക്കും.

45.2 നേതൃത്വവും കൂട്ടായ പ്രവർത്തനവും

പൊതുപ്രവർത്തനങ്ങളിൽ മുഴുവൻ സമൂഹത്തെയും ഉൾപ്പെടുത്തുന്നതിനുമുള്ള ശക്തമായ ഉപാധിയാക്കി സ്പോർട്സിനെ മാറ്റാൻ സാധിക്കും. സമൂഹത്തിനുള്ളിൽ

വ്യക്തികൾക്കിടയിലെ ബന്ധങ്ങൾ അത് ഊഷ്മളമാക്കും. വ്യക്തിഗതവികസനം, നേതൃത്വ ശേഷി, ടീംവർക്ക് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നേരിട്ടും അല്ലാതെയും കായികപ്രവർത്തനങ്ങളിലെ പങ്കാളിത്തം സഹായിക്കും. സന്നദ്ധപ്രവർത്തന താൽപര്യം വളർത്തിയെടുക്കുകയും പൗരന്മാർക്കിടയിൽ സാമൂഹിക ഉത്തരവാദിത്തവും പങ്കാളിത്തവും വികസിപ്പിക്കുകയും ചെയ്യുന്നു.

45.3 മികച്ച സമൂഹങ്ങളെ കെട്ടിപ്പെടുക്കൽ

നല്ല സാമൂഹികക്കൂട്ടായ്മകൾ കെട്ടിപ്പടുക്കുന്നതിനും അംഗങ്ങൾക്കിടയിൽ കൂട്ടായ്മയുടെയും ലക്ഷ്യബോധത്തിന്റെയും ചൈതന്യം പകരാനും സ്പോർട്സിലൂടെ കഴിയും.

സ്ത്രീകളെയും മറ്റു ദുർബലവിഭാഗങ്ങളെയും അംഗപരിമിതരെയും ഭിന്നശേഷിക്കാരെയും ഇത്തരം സമൂഹങ്ങൾ ചേർത്തുപിടിക്കും. അവരുടെ സ്വാതന്ത്ര്യവും ആത്മവിശ്വാസവും വളർത്തുന്നതിന് ഇത്തരം സമൂഹങ്ങൾ നേതൃപരമായ പങ്കുവഹിക്കും. കായികപ്രവർത്തനങ്ങൾ ഇത്തരം സാമൂഹികക്കൂട്ടയ്മകളെ രൂപപ്പെടുത്തുകയും മൂല്യങ്ങൾകൊണ്ട് നിറയ്ക്കുകയും ചെയ്യും.

46. സ്പോർട്സ് ഡെവലപ്മെന്റ് കോഡ്

സ്പോർട്സ് ഫെഡറേഷനുകളും സ്പോർട്സ് അസോസിയേഷനുകളും കുറ്റമറ്റ ഭരണരീതികൾ സ്വീകരിക്കേണ്ടത് രാജ്യത്തും സംസ്ഥാനത്തും ആരോഗ്യകരമായ കായിക വികസനത്തിന് അത്യന്താപേക്ഷിതമാണ്.

കായികനയത്തിന് അനുസൃതമായി സംസ്ഥാനതലത്തിൽ സ്പോർട്സ് മാനേജ്മെന്റിൽ നല്ല ഭരണരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്, 2011 ലെ നാഷണൽ സ്പോർട്സ് ഡെവലപ്മെന്റ് കോഡ് ഓഫ് ഇന്ത്യ (എൻഎസ്സിഐ) സംസ്ഥാനം പിന്തുടരും. അടുത്ത കാലത്ത് രാജ്യത്ത് ദേശീയ സ്പോർട്സ് ഫെഡറേഷനുകളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. കായികരംഗത്തെ ശുദ്ധീകരണത്തിനായി ഉത്തേജകവിരുദ്ധ കോഡ് വിജ്ഞാപനം പോലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഫെഡറേഷനുകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കാൻ അവയ്ക്ക് വർഷംതോറുമുള്ള അംഗീകാരം പുതുക്കൽ സമ്പ്രദായം കൊണ്ടുവന്നു. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘടനാ ഭാരവാഹികളുടെ കാര്യത്തിൽ പ്രായപരിധിയും, കാലാവധിപരിധിയും നിർബന്ധമാക്കി. ഫെഡറേഷനുകളെ വിവരാവകാശനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക, സ്വതന്ത്രവും നീതിപൂർവകവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുക, കായികരംഗത്തെ പ്രായത്തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ, കായികരംഗത്ത് സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമം തടയുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവ ദേശീയതലത്തിൽ എടുത്തിട്ടുള്ള പ്രധാന നടപടികളാണ്.

സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ കാര്യത്തിലും സമാനമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

47. സ്പോർട്സ് ഡാറ്റാബാങ്ക്

കായിക-യുവജനക്ഷേമവകുപ്പ് അതിന്റെ വിഭവശേഷിയും അടിസ്ഥാനസൗകര്യങ്ങളും ഭാവനാത്മകമായി വിനിയോഗിക്കും. പരിശീലകർ, അഡ്മിനിസ്ട്രേറ്റർമാർ, സ്പോർട്സ് ക്വാട്ട വഴി നിയമിക്കപ്പെടുന്നവർ എന്നിവരുടെ പ്രകടനം തുടങ്ങിയവ ട്രാക്ക് ചെയ്യുന്നതിന് വിവര സാങ്കേതികവിദ്യയും ആധുനിക മാനേജ്മെന്റ് സങ്കേതങ്ങളും ഉപയോഗിക്കും.

കായികവിഷയങ്ങളിൽ പ്രസക്തമായ വിവരങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്കും മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും കൈമാറുന്നതിന് കായികവകുപ്പ് വിവര സാങ്കേതിക വിദ്യ വിപുലമായി ഉപയോഗിക്കും.

47.1 ഡിജിറ്റൽ പ്ലാറ്റ്ഫോം/ ഇആർപി

സ്കീമുകൾ, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, കോച്ചുകൾ, രജിസ്റ്റർ ചെയ്ത കായികതാരങ്ങൾ, ക്ലബ്ബുകൾ, സ്പോർട്സ് കൗൺസിലുകൾ, ജില്ലാ, സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ കാലികമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇന്ററാക്ടീവ് ഡിജിറ്റൽ പ്ലാറ്റ്ഫോം കായികവകുപ്പ് തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യും. വിവിധ കായികയിനങ്ങൾ അന്താരാഷ്ട്രതലത്തിൽ പിന്തുടരുന്ന നിയമങ്ങൾ ഈ പ്ലാറ്റ്ഫോമിൽ ലഭിക്കും. സംസ്ഥാനത്തും മറ്റിടങ്ങളിലും നടത്തുന്ന വിവിധ ചാമ്പ്യൻഷിപ്പുകളുടെ ഷെഡ്യൂൾ, ഫലങ്ങൾ എന്നിവ ലഭ്യമാകും.

കായികമേഖലയിലെ മുഴുവൻ പ്രക്രിയയും മാപ്പു ചെയ്യുകയും ഒരൊറ്റ പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവരുകയും വേണം. ഓരോ പ്രവർത്തനവും ട്രാക്ക് ചെയ്യുകയും നിരീക്ഷിക്കുകയും വേണം. മുഴുവൻ സേവനങ്ങളും ഒരൊറ്റയിടത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകും. ഈ പ്ലാറ്റ്ഫോം കായികസംവിധാനത്തിന്റെ കാര്യക്ഷമത ആകമാനം വർധിപ്പിക്കും. ഇത് ലളിതവും ഉപയോഗിക്കാൻ എളുപ്പവുമായിരിക്കും. മറുവശത്ത് അത് മികച്ച ഭരണനിർവഹണത്തിനുള്ള ഒരു ഉപാധിയാകും. സ്പോർട്സ് മേഖലയിലെ എല്ലാ പങ്കാളികൾക്കും പ്ലാറ്റ്ഫോമിന്റെ പ്രയോജനം ലഭിക്കണം. തൊഴിലവസരങ്ങൾ, റിക്രൂട്ട്മെന്റുകൾ, അക്കാദമി പ്രവേശനം തുടങ്ങിയ വിവരങ്ങളും നൽകും. വിപുലമായ ആർക്കൈവും ഉണ്ടാകും.

എല്ലാ കായികതാരങ്ങളുടെയും പ്രകടനം സ്ഥിരമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഡാറ്റാ ബാങ്ക് ഒരുക്കും.

ജില്ലാതലത്തിനു മുകളിലുള്ള എല്ലാ കായികതാരങ്ങളുടെയും വിവരങ്ങൾ കംപ്യൂട്ടർവൽക്കരിക്കാൻ കായികവകുപ്പ് നടപടി സ്വീകരിക്കും.

ഓരോ കായികതാരത്തിനും ടാർഗെറ്റുകൾ നിശ്ചയിക്കുകയും സമയബന്ധിതമായി അത് വിലയിരുത്തുകയും ചെയ്യും. കോച്ചുകളുടെ പ്രകടനം സംബന്ധിച്ച രേഖകളും കമ്പ്യൂട്ടർവൽക്കരിക്കും. എല്ലാ പരിശീലകർക്കും ജോലികളിൽ ഉത്തരവാദിത്വം കൊണ്ടുവരുന്നതിന് മൂന്നു മാസത്തിനിടയിലെങ്കിലുമുള്ള അവലോകനവും പ്രകടനത്തിന്റെ വിലയിരുത്തലും ഉണ്ടായിരിക്കും.

47.2 ഭൂമിശാസ്ത്രപരമായ മാപ്പിങ്ങും വിവരശേഖരണവും

സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, വിവിധ വിഭാഗങ്ങളിലെ സൗകര്യങ്ങൾ, കോച്ചിങ് സെന്ററുകൾ, കായികമത്സരങ്ങൾ, ഗ്രാമീണ കായികമേളകൾ തുടങ്ങിയവയുടെ ശരിയായ സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനത്തിന് അത്യാവശ്യമാണ്. നിലവിലുള്ള സൗകര്യങ്ങളുടെ വിശദമായ മാപ്പിങ് ആയിരിക്കും ഇത്. കേരളത്തിലെ കായികവിനോദങ്ങളുടെ സമ്പൂർണ്ണ വിവരശേഖരമാണ് ലക്ഷ്യമിടുന്നത്. കേരള സ്പോർട്സിന് ഇത് വിലപ്പെട്ട ഡാറ്റയായിരിക്കും. ഗ്രാമപഞ്ചായത്തിൽനിന്ന് ഈ ഡാറ്റാശേഖരണം തുടങ്ങണം. ഇത് റൂട്ട് ലെവൽ സർവേയിൽ നിന്ന് ലഭിക്കുന്ന പ്രാഥമിക ഡാറ്റയാണ്. ലഭ്യമായ ദ്വിതീയ ഡാറ്റ അതോടൊപ്പം ചേർക്കേണ്ടതാണ്.

48. സ്ത്രീകളുടെ പങ്കാളിത്തം

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകവും എന്നാൽ തുല്യവുമായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. കായികരംഗത്തെ ലിംഗവിഭജനം ഇല്ലാതാക്കി തുല്യത ഉറപ്പാക്കാൻ ഈ നയം വിഭാവനം ചെയ്യുന്നു. വനിത കായികരംഗത്ത് മഹത്തായ ഒരു പാരമ്പര്യമുണ്ട്. അത്‌ലറ്റിക്സ്, വോളിബോൾ തുടങ്ങിയ ഇനങ്ങലിൽ മലയാളി രാജ്യത്തിന് ഒട്ടേറേ അഭിമാനനേട്ടങ്ങൾ നൽകിയിട്ടുണ്ട്. പി.ടി ഉഷ, ഷൈനി എബ്രഹാം തുടങ്ങിയ വനിത അത്‌ലറ്റുകൾ ഉദാഹരണമാണ്. ഈ കായികയിനങ്ങളിൽ എന്നും നമ്മുടെ വനിതാ താരങ്ങൾക്ക് വലിയ സാധ്യതകളുണ്ട്. അത് പ്രയോജനപ്പെടുത്തണം. പെൺകുട്ടികളെ കായികമേഖലയിലേക്ക് ആകർഷിക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കണം. വനിതകൾക്കായി പ്രത്യേക കളിക്കളങ്ങളും കളിക്കളങ്ങളിൽ പ്രത്യേക മേഖലകളും സജ്ജമാക്കും. നമ്മുടെ പെൺകുട്ടികൾക്ക് കൂടുതൽ സാധ്യകയുള്ള കായികയിനങ്ങൾ തിരിച്ചറിഞ്ഞ് പ്രത്യേക പരിശീലനപദ്ധതികൾ തുടങ്ങും.

പെൺകുട്ടികൾക്കായി 2022 ൽ ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ കൂടുതൽ ഇനങ്ങളിൽ അക്കാദമികൾ ആരംഭിക്കും. പെൺകുട്ടികൾക്കായുള്ള രാജ്യത്തെ ആദ്യ സ്പോർട്സ് സ്കൂളായ കണ്ണൂർ സ്പോർട്സ് സ്കൂളിനെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തും. അതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

സ്പോർട്സ് ഹോസ്റ്റൽ, അക്കാദമി തിരഞ്ഞെടുപ്പുകളിൽ പെൺകുട്ടികൾക്ക് നല്ല പരിഗണന നൽകും. വനിതകൾക്കായി പ്രത്യേക കായികമത്സരങ്ങൾ സംഘടിപ്പിക്കും.

കായികയിനങ്ങളിലെ പങ്കാളിത്തം വനിതകളുടെ ആത്മവിശ്വാസം വർധിപ്പിക്കും. വനിതകളുടെ സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് ആയോധന കലാപരിശീലന കേന്ദ്രങ്ങളും അനുബന്ധപരിപാടികളും ആരംഭിക്കും. കരാട്ടെ, കളരി, തൈക്വാണ്ടോ. ജൂഡോ തുടങ്ങിയ ഇനങ്ങൾ ഈ കേന്ദ്രങ്ങളിൽ പരിശീലിപ്പിക്കും.

49. ഭിന്നശേഷിക്കാർക്കായുള്ള കായികവിനോദങ്ങൾ

ഭിന്നശേഷിക്കാരായ അത്‌ലറ്റുകളെ പരിമിതിയുടെ തോതനുസരിച്ച് വേർതിരിച്ച് അനുയോജ്യമായ കായികവിനോദങ്ങൾ പരിശീലിപ്പിക്കും. മത്സരാർഥികളെ സാധാരണയായി മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:- കേൾവിപരിമിതിയുള്ള അത്‌ലറ്റുകൾ, അംഗപരിമിതരായ അത്‌ലറ്റുകൾ, മാനസികവെല്ലുവിളി നേരിടുന്ന അത്‌ലറ്റുകൾ.

കഴിഞ്ഞ 2 പാരാ ഒളിമ്പിക്സുകളോടെ ഒളിമ്പിക്സിൽ മെഡൽ നേടുന്ന ഇന്ത്യൻ പാരാ അത്‌ലറ്റുകളുടെ എണ്ണം 10 മടങ്ങായി. പരിമിതമായ സാഹചര്യങ്ങളിലും അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡലുകൾ നേടാനുള്ള കഴിവ് അവർ തെളിയിച്ചു. ഇന്ത്യയിൽ പാരാ അത്‌ലറ്റുകൾക്കായി ഒരു പരിശീലനവേദി മാത്രമാണുള്ളത്. പരിമിതികളുണ്ടെങ്കിലും, ശാസ്ത്രീയപിന്തുണ ഉണ്ടെങ്കിൽ രാജ്യത്തിന്റെ യശസ്സ് ഉയർത്താൻ അവർക്കുകഴിയും.

ഭിന്നശേഷിക്കാർക്ക് ആത്മവിശ്വാസത്തോടെ കായികരംഗത്തേക്ക് വരാനും കഴിവുകൾ തിരിച്ചറിയാനും പരിശീലനത്തിലൂടെ മികവിലേക്ക് ഉയരാനും പ്രാപ്തരാക്കുന്ന പരിപാടികൾ ആവിഷ്കരിക്കും. ഗ്രാമങ്ങളിലും തിരക്കേറിയ നഗരപരിസരങ്ങളിലും ഇത്തരം പരിപാടികൾ എത്തിച്ചേരും. എല്ലാവർക്കും അവസരങ്ങൾ ലഭിക്കും. പുതിയ കായികസൗകര്യങ്ങളുടെ വികസനവും നിലവിലുള്ളവയുടെ നവീകരണവും ഭിന്നശേഷിക്കാരെക്കൂടി പരിഗണിച്ചു കൊണ്ടായിരിക്കും.

കായികമത്സരങ്ങളിൽ പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും പരിശീലനസൗകര്യങ്ങളും മത്സരയിനങ്ങളും ഉണ്ടെന്ന് സർക്കാർ ഉറപ്പാക്കും. ഭിന്നശേഷിക്കാർക്കായി വിവിധ ഇനങ്ങളിൽ ജില്ലാ, സംസ്ഥാനതല ടൂർണമെന്റുകൾ

സംഘടിപ്പിക്കും. എല്ലാ തലങ്ങളിലുമുള്ള കായിക അടിസ്ഥാനസൗകര്യങ്ങൾ ഘട്ടംഘട്ടമായി ഭിന്നശേഷി സൗഹൃദമാക്കും.

അവബോധം വളർത്തുക, പ്രവേശനത്തിനുള്ള തടസ്സങ്ങൾ നീക്കുക, പങ്കാളിത്തം വർധിപ്പിക്കുക, പ്രതിഭകളെ തിരിച്ചറിയുക, പരിശീലിപ്പിക്കുക എന്നിവയിലൂടെ ഭിന്നശേഷിക്കാർക്കിടയിൽ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം പരിശ്രമിക്കും.

ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബോധപൂർവമായ ശ്രമമാണ് വേണ്ടത്. വീൽചെയർ ടെന്നീസ്, കേളിങ്, ഫെൻസിങ്, ബാസ്ക്കറ്റ്ബോൾ, റഗ്ബി, ബേസ്ബോൾ, ബ്ലൈൻഡ് ക്രിക്കറ്റ്, ബ്ലൈൻഡ് ഗോൾഫ് തുടങ്ങിയ കായികയിനങ്ങൾ ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷനുകളുടെ സഹായത്തോടെ പ്രോത്സാഹിപ്പിക്കും.

സ്പെഷ്യൽ ഗെയിംസ് ഫെഡറേഷനു ലഭിച്ച അംഗീകാരവും പാരാലിമ്പിക്സ് ഇവന്റുകളുടെ വർധിച്ചുവരുന്ന ജനപ്രീതിയും ഭിന്നശേഷിക്കാർക്കുള്ള സ്പോർട്സ് കായികനയത്തിന്റെ അനിവാര്യ ഘടകമാക്കുന്നു. ഇവർക്കായുള്ള കായികയിനങ്ങളെ പ്രതിനിധീകരിക്കുന്ന സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളെ മറ്റു ഫെഡറേഷനുകൾക്ക് തുല്യമായി പരിഗണിക്കും.

കൂടാതെ സവിശേഷ കായികസൗകര്യങ്ങൾ, പരിശീലനോപകരണങ്ങൾ, പരിശീലനം എന്നീ മേഖലകളിൽ അവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന അസോസിയേഷനുകളുമായി ചേർന്ന് പ്രവർത്തിക്കും. ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ ഭിന്നശേഷിക്കാർക്കായി ആസൂത്രിത മത്സരഘടന ഉണ്ടാക്കും. ഇത് ഭിന്നശേഷിക്കാർക്കുള്ള സവിശേഷ കായിക കലണ്ടർ ഉണ്ടാക്കാൻ സഹായിക്കും. ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്ക് അവാർഡു നൽകുന്ന പദ്ധതിയും തയ്യാറാക്കും.

പാർട്ട് 4

കേരള കായികനയം 2023-ന്റെ വ്യക്തികേന്ദ്രീകൃത സമീപനം

വ്യക്തിഗതതലത്തിൽ ജനങ്ങൾക്ക് ലഭ്യമാകാവുന്ന പരമാവധി കാര്യങ്ങളിൽ ശ്രദ്ധവച്ചുകൊണ്ട് പദ്ധതിയുടെ ഭാഗമായ വിവിധ പ്രവർത്തനങ്ങളുടെ പ്രധാന ഗുണഭോക്താക്കളായി ജനങ്ങളെ നിലനിർത്തുക എന്നതാണ് കേരള കായികനയം, 2023 ന്റെ പ്രധാന സവിശേഷതകളിലൊന്ന്. ഈ മേഖലയുടെ വികസനത്തിൽ ഉൾച്ചേർത്തിരിക്കുന്ന 360 ഡിഗ്രി സമീപനം എന്നത് ന് 'എല്ലാവർക്കും സ്പോർട്സ്' എന്ന ആശയം പ്രവർത്തികമാക്കുന്നതിനൊപ്പം കായികപ്രതിഭകളുടെ കഴിവു തിരിച്ചറിയുന്നതു മുതൽ വിരമിച്ച കായികതാരങ്ങളുടെ സാമ്പത്തിക ഉത്തേജനം ഉറപ്പാക്കുന്നതുവരെ ഉൾപ്പെടുന്ന ബഹുമുഖ കർമ്മപദ്ധതികൾ കൂടി ഉൾപ്പെടുന്നു. കേരള കായികനയം, 2023 മുന്നോട്ടുവയ്ക്കുന്ന വ്യക്തി കേന്ദ്രീകൃത സമീപനത്തിന്റെ സാരാംശം ചുവടെയുള്ള ചാർട്ട് 1-ൽ ചിത്രീകരിച്ചിരിക്കുന്നു. 'സ്പോർട്സ് സമൂഹത്തിനായി', 'സ്പോർട്സ് പുതിയ തലമുറയ്ക്ക്', 'പ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനും ഉതകുന്ന കായിക പരിതഃ സ്ഥിതി' എന്നിങ്ങനെ മുന്ന് മേഖലകൾ ഇതിൽ വ്യക്തമാകുന്നു.

ചാർട്ട് 1

കായികരംഗവികസനത്തിലെ പ്രധാന മേഖലകൾ

52. സ്പോർട്സ് സമൂഹത്തിനായി

'എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം'' എന്ന ആശയത്തിലൂന്നിക്കൊണ്ട് സമൂഹത്തിലെ ഓരോ വ്യക്തിയും ഒരു കായികവിനോദത്തിലെങ്കിലും കൃത്യമായി ഏർപ്പെടുക എന്നതാണ് വിഭാവനം ചെയ്യുന്നത്. ബഹുജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ കാതൽ. പ്രായമായവർ, സ്ത്രീകൾ എന്നിങ്ങനെ വിവിധ വിഭാഗം ജനങ്ങളെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലൂടെ എല്ലാവർക്കും കുറഞ്ഞത് ഒരു കായികപ്രവർത്തനത്തിലെങ്കിലും ഏർപ്പെടാനും ശാരീരിക ഫിറ്റ്നെസ് നിലനിർത്താനും സഹായകമാകുന്നു. നടത്തം, ജോഗിങ്, സൈക്ലിങ്, ട്രെക്കിങ്, നീന്തൽ തുടങ്ങിയവയ്ക്കുള്ള സുരക്ഷിതമേഖലകളുടെ വികസനം, പരമ്പരാഗതവിനോദങ്ങളുടെ പ്രോത്സാഹനം, പൊതു ഉടമസ്ഥതയിലുള്ള (കമ്യൂണിറ്റി തലത്തിൽ) കളിസ്ഥലങ്ങളുടെ വികസനം / പരിപാലനം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. യോഗ, നേച്ചർ വാക്ക് തുടങ്ങിയ ഇനങ്ങളും ഈ പദ്ധതിയുടെ ഭാഗമാകും.

53. സ്പോർട്സ് പുതുതലമുറയ്ക്ക്

ഈ വിഭാഗത്തിലെ പ്രവർത്തനങ്ങൾക്ക് രണ്ടു പ്രധാന ലക്ഷ്യങ്ങൾ ഉണ്ടാകും. പുതിയ തലമുറയിൽ ഫിറ്റ്നെസും കായികപരിശീലനവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ആദ്യത്തേത്. പ്രതിഭാധനരായ യുവജനങ്ങളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തേത്. കായികപരിശീലനം ഉൾപ്പെടെ സ്കൂളുകളിൽ സമഗ്രമായ കായികവിദ്യാഭ്യാസം ഉറപ്പാക്കുകയും കുട്ടികൾക്കും യുവാക്കൾക്കും നീന്തൽ, സൈക്ലിങ്, ട്രെക്കിങ്, റോക്ക് ക്ലൈംബിങ്, ആയോധനകലകൾ, യോഗ മുതലായ വ്യത്യസ്ത ഇനങ്ങൾ പരിചയപ്പെടുത്തുക എന്നതിലൂടെ ആദ്യ ലക്ഷ്യത്തിലേക്ക് എത്താൻ കഴിയും. യുവ പ്രതിഭകളുടെ കഴിവുകൾ കണ്ടെത്തുകയും വിലയിരുത്തുകയും ചെയ്തുകൊണ്ട് അനുയോജ്യമായ കായികയിനങ്ങളിലേക്ക് അവരെ നയിക്കുക, അവർക്കായി ആഴത്തിലുള്ള

പരിശീലനപരിപാടികൾ നടപ്പാക്കുക, കായികപരിശീലനത്തിൽ വീഴ്ച വരുത്താതെ പൊതുവിദ്യാഭ്യാസം തുടരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നിവയെല്ലാം രണ്ടാമത്തെ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പുകളാണ്. അവരുടെ പ്രകടനം നിരീക്ഷിക്കുകയും അവർക്ക് ആവശ്യമായ നൈപുണ്യനവീകരണപരിശീലനം നൽകുകയും ചെയ്യുക എന്നതും പ്രധാനമാണ്.

54. പ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനും ഉതകുന്ന കായികപരിതഃ സ്ഥിതി

മികച്ച നിലവാരമുള്ള ഔട്ട്ഡോർ, ഇൻഡോർ കളിസ്ഥലങ്ങളും പരിശീലനസൗകര്യങ്ങളും എല്ലാവർക്കും പ്രാപ്യമാവുന്ന തരത്തിൽ ലഭ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടും. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും മികച്ച നിലവാരമുള്ള ഒരു കളിസ്ഥലവും ഓരോ ജില്ലയിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കായികസമുച്ചയവും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനം ഇതിനോടകം കാര്യമായ ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. സ്വകാര്യമേഖലയിൽ നിരവധി ടർഫുകളും ഇൻഡോർ കോർട്ടുകളും കഴിഞ്ഞ വർഷങ്ങളിൽ വന്നിട്ടുണ്ട്. ഈ സൗകര്യങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും പൂർണത ഉറപ്പുവരുത്തുന്നതിനും ഒപ്പം ഈ നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്താനുമാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ സംസ്ഥാനത്തെ എല്ലാ കായികതാരങ്ങൾക്കും മികച്ച നിലവാരമുള്ള പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടുള്ള സമഗ്രമായ പരിപാടികൾ നയം വിഭാവനം ചെയ്യുന്നു. അത്തരം പദ്ധതികളുടെ നടത്തിപ്പ്, സജീവ കായികവിനോദങ്ങളിൽനിന്ന് വിരമിക്കുന്ന കായികതാരങ്ങളെ ഏൽപ്പിക്കുകയും സൗകര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി അവർക്കു വേണ്ട പിന്തുണയും പരിശീലനവും നൽകുകയും വേണം. സർക്കാർ ഉടമസ്ഥതയിലുള്ള അത്തരം സൗകര്യങ്ങളിലെ കോച്ചിങ് സേവനം, വിരമിക്കുന്ന കായികതാരങ്ങൾക്ക് പുതിയ അവസരങ്ങൾ തുറക്കും; ഇത് പുതുമുഖങ്ങൾക്ക് പരിചയസമ്പന്നരായ പരിശീലകരോടൊപ്പം പ്രവർത്തിക്കാൻ അവസരവും നൽകുന്നു. വളർന്നുവരുന്ന പ്രതിഭകളുടെ മികച്ച പരിശീലനത്തിനായി ആധുനിക സാങ്കേതികവിദ്യയും ഇ-സ്പോർട്സ് സൗകര്യങ്ങളും ഉപയോഗപ്പെടുത്താനും നയം വിഭാവനം ചെയ്യുന്നു.

55. കായികപ്രതിഭകൾക്ക് മുഖ്യപരിഗണന

ഇതിനകം സൂചിപ്പിച്ചതുപോലെ, കായികവികസനനയത്തിൽ മുഖ്യപരിഗണന കായികരംഗത്തെ പ്രതിഭകൾക്കായിരിക്കും. കായികവികസനനയത്തിന്റെ മൂന്നു പ്രധാന മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ കായികതാരങ്ങളെ മികവുറ്റവരാക്കി വളർത്തിയെടുക്കുന്ന ഘട്ടങ്ങൾ ചാർട്ട് 2 ൽ വിശദമായി ചിത്രീകരിച്ചിരിക്കുന്നു.

നിർദിഷ്ട സംവിധാനം സ്കൂളുകളിൽനിന്നോ കമ്മ്യൂണിറ്റി സ്പോർട്സ് രംഗത്ത് നിന്നോ തിരഞ്ഞെടുക്കപ്പെടുന്ന കായികപ്രതിഭകളെ സംസ്ഥാനത്തിന്റെ ഔദ്യോഗികസംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ മികവുറ്റ താരങ്ങളും പ്രൊഫഷണലുകളും ആയി വളർത്തിയെടുക്കുകയും (10 മുതൽ 35 വയസ്സ് വരെ കാലയളവിൽ) തുടർന്ന് അവരെ മാനേജർമാർ, പരിശീലകർ, പ്രൊമോട്ടർമാർ, സ്പോർട്സ് വിദഗ്ധർ എന്നിങ്ങനെ വിവിധ നിലകളിൽ സംസ്ഥാനത്തെ കായികമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നത് വിഭാവനം ചെയ്യുന്നു. കായികതാരങ്ങളെ ഈ മേഖലയിൽ തുടരാനും അവരുടെ സജീവമായ കായികജീവിതത്തിലുടനീളം സംസ്ഥാനത്തിനു ക്രിയാത്മകമായി സംഭാവന ചെയ്യാനും ഇതു സഹായിക്കും.

ചാർട്ട് 2

പുതിയ സാഹചര്യത്തിൽ കായികതാരങ്ങളുടെ സജീവ ജീവിതചക്രം

2015 ൽ കേരളത്തിൽ നടന്ന 35-ാമത് ദേശീയ ഗെയിംസിനെത്തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി കായിക അടിസ്ഥാനസൗകര്യങ്ങൾ സർക്കാർമേഖലയിലും സ്വകാര്യ മേഖലയിലും സംസ്ഥാനത്ത് യാഥാർഥ്യമായി. ആരോഗ്യകരമായ ഒരു സമൂഹം എന്ന ആശയം യാഥാർഥ്യമാക്കാനും യുവ കായികപ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും അനിവാര്യമായ അടിസ്ഥാനസൗകര്യങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിൽ ഇത് നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇതിന്റെ ക്രിയാത്മകമായ വിനിയോഗം നിർണ്ണായകമാണ്. ഈ സംവിധാനങ്ങളെല്ലാം ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം ഉപയോഗിച്ച് മാപ്പു ചെയ്യപ്പെടുകയും പ്രവർത്തനമികവ് വിലയിരുത്താൻ ആവശ്യമായ പ്രകടനസൂചകങ്ങൾ ഡാറ്റാബേസിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പും കൃത്യമായ പുരോഗതി വിലയിരുത്തലും സാധ്യമാക്കുന്നു. ഒരു ചലനാത്മകസംവിധാനമായി അതു മാറും. കായികമേഖലയിലെ കരിയർ പൂർത്തിയാക്കുന്ന മുതിർന്ന താരങ്ങൾക്ക് പിന്തുണ നൽകാനും ഇത് ഉപകരിക്കും.

കായികതാരങ്ങൾക്ക് ആരോഗ്യ പരിരക്ഷാ ഇൻഷുറൻസും പരിഗണനയിലുണ്ട്. തുടക്കക്കാർക്കുള്ള സ്പോർട്സ് കിറ്റും യൂണിഫോമും മുതിർന്നവർക്കുള്ള സാമ്പത്തിക പിന്തുണയും പ്ലേസ്മെന്റ് അവസരങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങളും ഏറെ നിർണായകമാണ്. ഈ വ്യക്തികേന്ദ്രീകൃത കായികവികസനനയം പ്രായോഗികമായി നടപ്പിലാക്കുന്നതിന്, കേരളത്തിലെ മുഴുവൻ കായികതാരങ്ങളുടെയും കായിക അടിസ്ഥാനസൗകര്യങ്ങളുടെയും വിശദവും ചലനാത്മകവുമായ (ആനുകാലികമായി പുതുക്കത്തക്ക വിധത്തിൽ) ഡാറ്റാബേസ് തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതെന്നുണ്ട്. ഇത് സംസ്ഥാനത്തെ ഓരോ സജീവ കായികതാരത്തിന്റെയും ട്രാക്ക് റെക്കോർഡ് സൂക്ഷിക്കാൻ ഗവൺമെന്റിനെ പ്രാപ്തമാക്കുകയും അത്യാവശ്യ സന്ദർഭങ്ങളിൽ അവർക്കു പിന്തുണ നൽകാൻ സഹായിക്കുകയും ചെയ്യും.

അനുബന്ധം 1

കേരളത്തിന്റെ കായിക സമ്പദ്‌വ്യവസ്ഥ കരുപ്പിടിപ്പിക്കാനുള്ള കർമ്മപദ്ധതി

സവിശേഷശ്രദ്ധ ആവശ്യമായ മേഖലകൾ

സംസ്ഥാനത്തിന്റെ സ്വന്തം കായിക സമ്പദ്‌വ്യവസ്ഥ എന്ന ആശയത്തെ യാഥാർഥ്യമാക്കാനുള്ള പ്രാഥമിക ചുവടുവയ്പ്പ് എന്ന നിലയിൽ കേരള കായികനയത്തിന്റെ ചട്ടക്കൂടിനുള്ള (Kerala Sports Policy Framework) പ്രസക്തി ഏറെയാണ്. അതേസമയം സംസ്ഥാനത്തെ കായിക സമ്പദ്‌വ്യവസ്ഥയുടെ വികസനം സാധ്യമാക്കുന്നതിന് സവിശേഷശ്രദ്ധ ആവശ്യമായ ചില പ്രത്യേക മേഖലകൾ കൂടിയുണ്ട്.

അടിസ്ഥാനസൗകര്യവികസനം

1802-ൽ നിർമ്മിച്ച തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയമാണ് കേരളത്തിലെ ആദ്യത്തെ സ്റ്റേഡിയം. തുടർന്നുള്ള നൂറ്റാണ്ടുകളിലും കേരളത്തിന്റെ കായിക അടിസ്ഥാനസൗകര്യവികസനരംഗത്ത് വലിയ വളർച്ചയുണ്ടായി. മികവുറ്റതും വലിയ ജനപങ്കാളിത്തം ഉള്ളതുമായ മുൻനിര കായികമത്സരങ്ങൾക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഒട്ടേറെ കളിക്കളങ്ങൾ വേദിയാവുകയും ചെയ്തു. എന്നാൽ മികച്ച എഞ്ചിനീയറിങ് വൈദഗ്ധ്യമോ നൂതന സംവിധാനങ്ങളോ ഭാവി സാങ്കേതികവിദ്യകളോ ഉപയോഗിക്കാതെയാണ് പല നിർമ്മാണങ്ങളും നടത്തിയത്. അതുകൊണ്ടുതന്നെ മികച്ച അടിസ്ഥാനസൗകര്യവികസന മാതൃകകകൾ എന്ന നിലയിൽ ഇവയെ നിലനിർത്താനോ ഉപയോഗപ്പെടുത്താനോ കഴിഞ്ഞില്ല. ഇതിനൊരു പരിഹാരം കാണുക എന്നതുകൂടി പുതിയ

കായികനയത്തിന്റെ ഭാഗമായി നടപ്പാക്കേണ്ടതുണ്ട്. അതിന്റെ ചുവടുപിടിച്ചുള്ള കർമ്മപദ്ധതികളാണ് കായികവകുപ്പ് നടപ്പാക്കുന്നതും. കായിക അടിസ്ഥാനസൗകര്യവികസനത്തിന് വൻകുതിപ്പുനൽകാൻ കഴിയുംവിധം പല സ്രോതസ്സുകളിൽനിന്നുള്ള നിക്ഷേപം ആകർഷിക്കുക, ഈ മേഖലയിലെ സർക്കാർനിക്ഷേപങ്ങൾക്ക് പൂരകത്വവും പിന്തുണയും അത്തരം നിക്ഷേപങ്ങളിലൂടെ ഉറപ്പാക്കുക, സർക്കാർ എൻജിനീയറിങ് വിഭാഗങ്ങൾക്ക് കായികരംഗത്തെ അടിസ്ഥാനസൗകര്യവികസനത്തിൽ സുപ്രധാന റോൾ ഉറപ്പുവരുത്തുക തുടങ്ങി ബഹുമുഖ കർമ്മപദ്ധതിയിലൂടെ മികവുറ്റ ഒരു സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുന്നതിനും പര്യാപ്തമായ സുഗമമായ ചട്ടക്കൂട് സൃഷ്ടിക്കുന്നതിനുമാണ് കായികവകുപ്പിന്റെ ശ്രമം.

1. കായിക അടിസ്ഥാനസൗകര്യവികസനം സമയബന്ധിതമായി സാധ്യമാക്കാനുതകുന്ന തയ്യാറെടുപ്പ്

A) കായിക അടിസ്ഥാനസൗകര്യവികസനത്തിന് കുറഞ്ഞത് 10-15 വർഷത്തേക്ക് പൂർണ്ണ പ്രതിജ്ഞാബദ്ധതയുള്ള ഒരു ടീമിന്റെ രൂപവൽക്കരണം

a). പ്ലാനർമാർ/ഡിസൈനർമാർ

b). എഞ്ചിനീയർമാർ

c). സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റുകൾ

i. നീന്തൽക്കുളം

ii. ഇൻഡോർ സ്റ്റേഡിയം

iii. അത്ലറ്റിക് സർഫസുകൾ

iv. ഷൂട്ടിങ് റേഞ്ചുകൾ

d). നിർമ്മാണ വിദഗ്ധർ

e). മെറ്റീരിയൽ ടെക്നോളജിസ്റ്റുകൾ

f). കരാറുകാർ

B. ടീമിനായി പരിശീലന ചട്ടക്കൂടും പദ്ധതിയും തയ്യാറാക്കൽ

a. വിദഗ്ധരായ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ഒരു പഠന മാന്വൽ തയ്യാറാക്കൽ

b. അതത് മേഖലകളിലെ ആഗോളവിദഗ്ധരെ കണ്ടെത്തുന്നതിനുള്ള നടപടികൾ

c. സ്വകാര്യ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പർമാരുമായുള്ള സഹകരണം

C. വിദഗ്ധരായ പ്രൊഫഷനലുകളെയും മാനേജർമാരെയും ലഭ്യമാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷനിൽ ഒരു സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പ്രോഗ്രാം ആരംഭിക്കൽ

D. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പർമാരുമായുള്ള സഹകരണം

a. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പർമാർ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ വികസനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ ഇൻസെന്റീവുകൾ / പ്രോത്സാഹനങ്ങൾ തുടങ്ങിയവ

E. സ്പോർട്സ് കേരള ഫൗണ്ടേഷൻ

a. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ റെഡിനസ് പദ്ധതി കൈകാര്യം ചെയ്യുന്നതിനുള്ള അപ്പെക്സ് ബോഡിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ മാറ്റുക

**2. കായിക അടിസ്ഥാനസൗകര്യവികസനത്തിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും**

A. താഴെപ്പറയുന്ന വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി കായിക അടിസ്ഥാനസൗകര്യവികസനത്തിനായി സ്റ്റാൻഡേർഡ്സ് & പ്രോട്ടോക്കോൾസ് (എസ് & പി) സൃഷ്ടിക്കൽ:

a. കായികയിനം

b. സ്ഥലം

c. പരിശീലനത്തിന്റെയും മത്സരക്ഷമതയുടെയും തോത് (പ്രാദേശിക/അന്താരാഷ്ട്ര, സ്കൂൾ/ പ്രൊഫഷണൽ)

d. കായികേതര അടിസ്ഥാനസൗകര്യവികസനം (പാർക്കിങ്, വിനോദം, റീട്ടെയിൽ)

B. പ്രസക്തമായ ആഗോള നിലവാരാടിസ്ഥാനത്തിൽ ബെഞ്ച്മാർക്കിങ് (ഒളിമ്പിക്/ഫിഫ/എൻബിഎ...)

C. മാനദണ്ഡങ്ങളും, പ്രോട്ടോക്കോളുകളും കൃത്യമായി നിശ്ചയിക്കുന്നതിനും നടപ്പാക്കുന്നതിനും വിദഗ്ധരായ ആസൂത്രകരെയും സ്വകാര്യ ഡെവലപ്പർമാരെയും ഉൾപ്പെടുത്തുക

**3. പുതിയ അടിസ്ഥാനസൗകര്യവികസന നിർമ്മിതികൾ**

ഭാവിയിലെ കായിക അടിസ്ഥാനസൗകര്യവികസനത്തിന് ഭൂമിയുടെ ലഭ്യത കനത്ത വെല്ലുവിളിയാകും എന്നതുകൊണ്ട് തന്നെ താഴെപ്പറയുന്ന കാര്യങ്ങൾ ഏറെ പ്രധാനമാണ്:

A. നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ മാപ്പിങ് (ആവശ്യമെങ്കിൽ വേണ്ട നവീകരണ പ്രവൃത്തികൾ നടപ്പാക്കാനുതകുന്ന തരത്തിൽ, താഴെപ്പറയുന്ന ഘടകങ്ങൾകൂടി പരിഗണിച്ച്):

a) ലഭ്യമായ സൗകര്യങ്ങളുടെയും സവിശേഷതകളുടെയും വിശദമായ വിലയിരുത്തൽ

b) നിലവിലെ ആവശ്യം / ഉപയോഗം

c) ഭാവിയിൽ കുടുതൽ വികസനത്തിനുള്ള സാധ്യതകൾ

B. നിലവിൽ സംസ്ഥാനത്തുടനീളം പുതിയ അടിസ്ഥാന കായികസൗകര്യങ്ങൾക്കായുള്ള ആവശ്യകത (താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി):

a) കായികയിനം

b) സ്ഥലം

c) പരിശീലനത്തിന്റെയും മത്സരക്ഷമതയുടെയും തോത് (പ്രാദേശിക/അന്താരാഷ്ട്ര, സ്കൂൾ/പ്രൊഫഷണൽ)

C. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായി സ്വകാര്യനിക്ഷേപകരുടെ കൺസോർഷ്യം

a) നിക്ഷേപം നടത്താനും സംരംഭത്തിന്റെ ഭാഗമാകാനും താൽപര്യമുള്ള വ്യക്തികളും സ്ഥാപനങ്ങളും

b) കോർപ്പസ് ഫണ്ട് സമാഹരണം

c) പങ്കാളിത്തത്തിനുള്ള ഏകജാലക പിന്തുണ

D. സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്, സ്വകാര്യസംരംഭകർക്കായുള്ള പൊതുകോഡ്. ഈ പൊതുകോഡിന്റെ ഭാഗമായി താഴെപ്പറയുന്ന ഘടകങ്ങൾ കൈകാര്യം ചെയ്യുന്നതിനും ക്രമപ്പെടുത്തുന്നതിനുമുള്ള ഒരു ചട്ടക്കൂട് തയ്യാറാക്കേണ്ടതുണ്ട്:

a) ബിൽഡിങ് പെർമിറ്റുകൾ
b) ഭൂവിനിയോഗ നിയന്ത്രണങ്ങൾ
C) കെട്ടിടനികുതി
e) വിനോദനികുതി

കായികസൗകര്യങ്ങളുടെയും സംരംഭങ്ങളുടെയും പ്രവർത്തനവും പരിപാലനവും (Operation & Maintenance)

കായികസൗഹൃദ സംസ്ഥാനമായ കേരളം സ്റ്റേഡിയങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും എണ്ണത്തിലും പിന്നിലല്ല. എന്നാൽ, നല്ലൊരു വിഭാഗം സ്റ്റേഡിയങ്ങളും മറ്റു സൗകര്യങ്ങളും ഉപയോഗക്കുറവ്, കുറഞ്ഞ വരുമാനലഭ്യത, അറ്റകുറ്റപ്പണികളുടെ അപര്യാപ്തത തുടങ്ങി നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇക്കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന കായികവകുപ്പിന് ഈ രംഗത്ത് കൂടുതൽ സ്വകാര്യനിക്ഷേപം ലഭ്യമാക്കാൻ പദ്ധതിയുണ്ട്. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെയും, ലോജിസ്റ്റിക്സ് മാനേജ്മെന്റിന്റെയും പ്രവർത്തനവും പരിപാലനവും ഇത്തരത്തിൽ സ്വകാര്യപങ്കാളിത്തത്തോടെ നടപ്പാക്കാൻ ഒരു സുഗമമായ ചട്ടക്കൂട് സൃഷ്ടിക്കേണ്ടതുണ്ട്. കൃത്യമായ മാനദണ്ഡങ്ങളുടെയും പ്രവർത്തന മാതൃകകളുടെയും അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ വേണ്ട മാറ്റങ്ങൾ സാധ്യമാക്കുന്ന തരത്തിൽ സാങ്കേതികവിദ്യയുടെ പിന്തുണയോടെ ഒരു പ്രൊഫഷണൽ ഇക്കോ-സിസ്റ്റം സൃഷ്ടിക്കാനാണ് ശ്രമം. നന്നായി പരിപാലിക്കപ്പെടുന്നതും ലാഭകരവുമായ കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനു പുറമേ, സംരംഭകത്വവും പുതിയ തൊഴിലവസരങ്ങളും ഈ മാതൃകയുടെ അധിക നേട്ടങ്ങളായിരിക്കും.

ഒ&എം സേവന ദാതാവിന്റെ ഇക്കോ-സിസ്റ്റത്തിൽ ഒ&എം മാനേജ്മെന്റിനുള്ള ഒരു ചട്ടക്കൂട്, ഒ&എം എൻഗേജ്മെന്റ് മോഡലുകൾ, കായിക അടിസ്ഥാനസൗകര്യങ്ങളുടെ റേറ്റിങ്/ഗ്രേഡിങ് സംവിധാനം (പൊതു, സ്വകാര്യ); വിപണിപ്രവേശനത്തിനുള്ള സമീപനം; വിവിധ ഇൻസെന്റീവുകളും ഗ്രാന്റുകളും, സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനവും പരിപാലനവും എന്നിവ ഉൾപ്പെടുന്നു.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ വിശദവിവരങ്ങളും, ഓരോ പദ്ധതിയും നടപ്പാക്കാനുള്ള മാനദണ്ഡങ്ങളും അവയെക്കുറിച്ചുള്ള പ്രതീക്ഷകളും ഒ&എം മാനേജ്മെന്റ് ചട്ടക്കൂടിൽ ഉൾപ്പെടുത്തും.

1. ഫെസിലിറ്റി മാനേജ്മെന്റ്
   എ) ടർഫുകൾ, ഗ്രൗണ്ടുകൾ, കോർട്ടുകൾ, ഉപകരണങ്ങൾ, ലൈറ്റിംഗ് എന്നിവയുടെ പ്രൊഫഷണൽ പരിചരണം
   ബി) കായികേതര സൗകര്യങ്ങളുടെ നടത്തിപ്പ്
   i. ഇവന്റുകൾ / റീട്ടെയിൽ / താമസം
   സി) മൊത്തം സൗകര്യത്തിന്റെ സുരക്ഷ
   ഡി) മൊത്തം സൗകര്യത്തിന്റെ ഹൗസ് കീപ്പിങ്
   ഇ) ഭക്ഷണവും പാനീയവും - ഉപയോക്താവിനും വാക്ക്-ഇൻ ഉപഭോക്താക്കൾക്കും

2. പ്രോഗ്രാം/ഉള്ളടക്കം
   എ) അക്കാദമികൾ
   ബി) ക്യാമ്പുകൾ - ഹ്രസ്വകാല/ ദീർഘകാല ക്യാമ്പുകൾ; സർക്കാർ സ്ഥാപനങ്ങൾ/ബോഡികൾ അല്ലെങ്കിൽ സ്കൂളുകളും കോളേജുകളും ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്നവ
   സി) കമ്മ്യൂണിറ്റി - പ്രാദേശിക ആഘോഷങ്ങളും പരിപാടികളും
   ഡി) കായികേതരം - പ്രദർശനങ്ങളും വ്യാപാരമേളകളും പോലുള്ള പ്രൊഫഷണൽ ഇവന്റുകൾ

3. **വിൽപ്പനയും വിപണനവും**
   എ) സൗകര്യങ്ങളുടെ പതിവ് ഉപയോഗത്തിന്
   ബീ) കായികമത്സരങ്ങൾക്കും ഇവന്റുകൾക്കും
   സി) കായികേതര ആവശ്യങ്ങൾക്കായി
   ഡി) ഫെസിലിറ്റിയിലെ പരസ്യത്തിനായി
   ഇ) മെമ്പർഷിപ്പിനായി

4. ടീമിന്റെ / കളിക്കാരുടെ ലോജിസ്റ്റിക്സ് മാനേജ്മെന്റ് (ഔദ്യോഗിക (സംസ്ഥാന/പ്രാദേശിക/ജില്ലതലങ്ങളിലുള്ള) അല്ലെങ്കിൽ പ്രൊഫഷണൽ കളിക്കാരുടെയോ ടീമുകളുടെയോ ലോജിസ്റ്റിക് മാനേജ്മെന്റ്)
   a) യാത്ര
   b) താമസ സൗകര്യം

ഒ&എം എൻഗേജ്മെന്റ് മാതൃകകൾ

1. സേവനങ്ങൾക്ക് ഫീസ് നൽകുന്ന മാതൃക
   എ) ഫെസിലിറ്റിയുടെ ഉടമ തന്നെ ഒ&എം സേവനദാതാവും. ഫെസിലിറ്റി ഉടമ അടിസ്ഥാന സൗകര്യങ്ങൾ വിട്ടുനൽകിക്കൊണ്ട് വരുമാനം ശേഖരിക്കുന്നു

2. ദീർഘകാല ലീസ് മാതൃക
   എ) സർവീസ് പ്രൊവൈഡർ മോഡലിൽ ദീർഘകാല പാട്ടത്തിന്
   ബി) കരുതൽ വില/ഇളവ് അടിസ്ഥാനമാക്കുന്ന മാതൃക
   സി) ഒന്നിലധികം അക്കാദമികൾ പ്രവർത്തിപ്പിക്കാനുള്ള അധികാരം
   ഡി) മത്സരങ്ങളും പരിപാടികളും സംഘടിപ്പിക്കാനുള്ള അധികാരം

ഇ) ഫസ്റ്റ് റൈറ്റ് ടു റെഫ്യൂസൽ മാതൃകയിൽ 30 വർഷ കാലാവധിയി

3. 51:49 മോഡൽ

എ) ഫെസിലിറ്റി ഉടമ ഭൂമി/അടിസ്ഥാന സൗകര്യങ്ങൾ അല്ലെങ്കിൽ ഇവ രണ്ടും നൽകുന്നു

ബി) ഒ&എം സേവന ദാതാവാണ് സൗകര്യം നിയന്ത്രിക്കുന്നത്

സി) മൊത്ത വരുമാനം 51:49 അനുപാതത്തിൽ പങ്കിടുന്നു

ഡി) ഫെസിലിറ്റിയുടെ റേറ്റിങ് അനുവദിക്കുന്നെങ്കിൽ സേവനദാതാവിന് ഫെസിലിറ്റിയിൽ സ്പോർട്സ്/പ്രോഗ്രാം, റീട്ടെയ്ൽ സംവിധാനങ്ങൾ ഏർപ്പെടുത്തി വിപുലപ്പെടുത്താനും സൗകര്യം.

**നിലവിലുള്ള സ്റ്റേഡിയങ്ങൾക്കുള്ള റേറ്റിംഗ് സംവിധാനം (താഴെ പറയുന്ന മാനദണ്ഡ പ്രകാരം)**

1. ലൊക്കേഷൻ

എ) തരവും വലുപ്പവും

i. പരിശീലനം മാത്രം

ii. പരിശീലനം + സ്പോർട്സ് അലൈഡ് (ഫിസിയോ, സ്പാ, ജിം)

iii. പരിശീലനം + സ്പോർട്സ് അലൈഡ് (ഫിസിയോ, സ്പാ, ജിം) + മത്സരവേദി

iv. പരിശീലനം + സ്പോർട്സ് അലൈഡ് (ഫിസിയോ, സ്പാ, ജിം) + മത്സരവേദി + കമ്മ്യൂണിറ്റി / ഇവന്റ് വേദി

v. പരിശീലനം + സ്പോർട്സ് അലൈഡ് (ഫിസിയോ, സ്പാ, ജിം) + മത്സരവേദി + കമ്മ്യൂണിറ്റി / മറ്റ് ഇവന്റ് വേദി + റീട്ടെയിൽ

2. കായിക / അടിസ്ഥാനസൗകര്യങ്ങൾ
3. ഗുണനിലവാരം (സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ)
4. പ്രോഗ്രാം/ഉള്ളടക്കം
5. മറ്റ് സൗകര്യങ്ങൾ
6. പാർക്കിങ്
7. റീട്ടെയിൽ/വിനോദത്തിനുള്ള ഇടം
8. മാനേജ്മെന്റ്
9. ചാർജുകളും ഫീസും
10. വരുമാനം - മാതൃകയും പ്രവർത്തന മികവും
11. ഉപയോക്താവിന്റെയും കമ്മ്യൂണിറ്റിയുടെയും ഫീഡ്ബാക്ക്

**ഒ&എം സംരംഭകത്വ മാതൃകയ്ക്കും അനുകൂല പരിതഃസ്ഥിതിക്കുമുള്ള പ്രോത്സാഹനം**

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഓപ്പറേറ്റർമാർക്ക് സഹായകമായ തരത്തിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകാനും അല്ലെങ്കിൽ ഗ്രാന്റ് ലഭ്യമാക്കാനും സർക്കാർതല ഇടപെടൽ ഗുണം ചെയ്യും. മികവിന്റെ അടിസ്ഥാനത്തിലുള്ള റേറ്റിങ്/ഗ്രേഡിങ് സംവിധാനം ഓപ്പറേറ്റർമാരെ മികച്ച പ്രകടനം നടത്താൻ നിർബന്ധിതമാക്കും. സംസ്ഥാനത്തെ മുഴുവൻ ഫെസിലിറ്റികളും അവയുടെ ഗ്രേഡിങ്ങും ഒരു പൊതു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ കഴിഞ്ഞാൽ അത് തന്നെ ഒ&എം സേവനദാതാക്കളുടെ പ്രകടനമികവിനുള്ള പ്രോത്സാഹനമായി പ്രവർത്തിക്കും.

സംസ്ഥാനത്തുടനീളമുള്ള കായികസൗകര്യങ്ങൾക്കായി ഒരു ലീസിങ് ഔട്ട് പോളിസി ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കും; ഈ പോളിസിയുടെ അനുബന്ധം 1-ൽ പാട്ടനിരക്കുകൾ ചേർത്തിട്ടുണ്ട്.

**ഒ&എം സേവനദാതാക്കളുടെ വിപണി പ്രവേശനം**

ആദ്യഘട്ടമെന്ന നിലയിൽ, തിരഞ്ഞെടുത്ത ഏതാനും ഫെസിലിറ്റികൾ ഓപ്പറേറ്റ് ചെയ്യാൻ ഒ&എം സേവനദാതാക്കളെ ക്ഷണിക്കുന്നത് സർക്കാരിന് പരിഗണിക്കാവുന്നതാണ്. റേറ്റിങ് അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, കുമാരപുരം ടെന്നീസ് സെന്റർ, സെൻട്രൽ സ്റ്റേഡിയം തുടങ്ങിയ ഫെസിലിറ്റികൾക്ക് മുൻഗണന നൽകാം.

**സ്പോർട്സ് ഹോസ്റ്റലുകൾ ഒ&എം മാതൃകയിൽ**

1. പ്രൊഫഷണൽ മാർഗനിർദേശങ്ങളും മാനദണ്ഡങ്ങളും വികസിപ്പിക്കുക

a) മിനിമം സൗകര്യങ്ങൾക്കുള്ള മാനദണ്ഡങ്ങൾ

b) ഫെസിലിറ്റിയുടെ സവിശേഷതകൾ

c) ന്യൂട്രീഷ്യൻ

d) ശുചിത്വപരിപാലനം

(റഫറൻസുകൾ- സായ്, ഫ്രാൻസിലെ നാഷണൽ ഫുട്ബോൾ സെന്റർ (INF Clairefontaine), ടാറ്റ ഫുട്ബോൾ അക്കാദമി, എൽ.എൻ.സി.പി.ഇ)

ഹോസ്റ്റലുകളുടെ ഒ&എം സേവനദാതാക്കളായി സ്വകാര്യസംരംഭകർ

a) സർക്കാർ ധനസഹായത്തോടെ അല്ലെങ്കിൽ സ്പോൺസർഷിപ്പോടെ പ്രവർത്തിക്കുന്നവ (ഇത് കേരള കോർപ്പറേറ്റ് സി.എസ്.ആറിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും)

b) മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പ്രൊഫഷണൽ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രവർത്തനം

c) 10 മുതൽ 15 വർഷം വരെയുള്ള ദീർഘകാല കരാറുകൾ അഭികാമ്യം

3. അടിസ്ഥാനസൗകര്യങ്ങളുടെ പങ്കുവയ്പിനുള്ള സാധ്യതകൾ തേടുക (MSP-മലബാർ സ്പെഷ്യൽ പോലീസ്, മലപ്പുറം ഒരുദാഹരണം)

**ടാലന്റ് & ട്രെയിനിങ്**

ജിവി രാജ സ്പോർട്സ് സ്കൂൾ മുതൽ വ്യക്തിഗതപരിശീലകരും സ്വകാര്യ അക്കാദമികളും ഉൾപ്പെടെ കായികപ്രതിഭകളെ തിരിച്ചറിയൽ, പരിശീലനം, വികസനം എന്നിവയുടെ കാര്യത്തിൽ കേരളം മികച്ച സ്ഥാനത്താണ്. കഴിഞ്ഞ ദശകത്തിൽ പരിശീലനരംഗത്ത് സയൻസ്, ടെക്നോളജി, മൾട്ടി ഡിസിപ്ലിനറി വൈദഗ്ധ്യം എന്നിവയുടെ പ്രാധാന്യം ഉയർന്നു. പ്രത്യേകിച്ച് പ്രൊഫഷണൽ കായികതാരങ്ങൾക്കും പ്രൊഫഷണലായി മാറാൻ തയ്യാറെടുക്കുന്നവർക്കും നിലവിലുള്ള ഇക്കോ സിസ്റ്റത്തിന് (സ്കൂൾ, കോളേജ് സ്പോർട്സ് മീറ്റുകൾ; സ്കൂൾ ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകർ മുഖേനയുള്ള ഗ്രൂമിങ്ങിന്റെ ആദ്യതലം; സ്പോർട്സ് കൗൺസിൽ സംവിധാനം, ഗവ. മുൻ കായികതാരങ്ങളും യോഗ്യതയുള്ള പരിശീലകരും നടത്തുന്ന സ്പോർട്സ് സ്കൂളുകളും സ്വകാര്യ കോച്ചിങ് അക്കാദമികളും തുടങ്ങിയവ ഉൾപ്പെടുന്നത്), ഇന്ത്യയുടെ പല ഭാഗങ്ങളിലും ആഗോളതലത്തിലും സംഭവിച്ച ഈ വലിയ കുതിച്ചുചാട്ടത്തിനൊപ്പം മുന്നേറാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്.

പ്രൊഫഷണൽ സ്വകാര്യനിക്ഷേപങ്ങൾക്കായി ഒരു ഇക്കോസിസ്റ്റം സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ ടാലന്റ്, ട്രെയിനിങ് സൗകര്യങ്ങൾ വർധിപ്പിക്കാൻ കായികവകുപ്പ് പദ്ധതിയിടുന്നു. ടാലന്റ് ഹണ്ടിൽ ഡാറ്റയുടെ സ്റ്റാൻഡേർഡൈസേഷനും ഉപയോഗവും ഏറെ പ്രാധാന്യം കൈവരിക്കും. അതത് പ്രദേശങ്ങൾക്ക്/കമ്മ്യൂണിറ്റികൾക്ക് അനുയോജ്യമായ പരിശീലനപരിപാടികൾ സൃഷ്ടിക്കുക; മികച്ച പരിശീലനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് നിക്ഷേപങ്ങൾ ആകർഷിക്കുക; ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സ്പോർട്സ് അക്കാദമികളുമായി സഹകരിക്കുകയും സംസ്ഥാനത്തെ ഒരു അന്താരാഷ്ട്ര കായികപരിശീലന കേന്ദ്രമായി വികസിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയെല്ലാം ഇതിലൂടെ ലക്ഷ്യമിടുന്നു.

1. ടാലന്റ് ഹണ്ടിൽ ഡാറ്റയ്ക്കും സ്റ്റാൻഡേർഡൈസേഷനും ഉള്ള പ്രാധാന്യം

a. ടെസ്റ്റുകളുടെയും ടെസ്റ്റ് വ്യവസ്ഥകളുടെയും സ്റ്റാൻഡേർഡൈസേഷൻ

i. പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനോ ഗ്രേഡുചെയ്യുന്നതിനോ വേണ്ടി സംസ്ഥാനത്തുടനീളം നടക്കുന്ന ഇവന്റുകൾ

ii. ഓരോ ഇനത്തിനും വേണ്ട വ്യവസ്ഥകളും പാരാമീറ്ററുകളും ബെഞ്ച്മാർക്ക് ചെയ്യുക

b കേരള സ്പോർട്സ് ഡാറ്റാബേസ്.

i. എല്ലാ കായികടെസ്റ്റുകളുടെയും പ്രകടനത്തിന്റെയും ഡാറ്റ സ്വീകരിക്കാനുള്ള സംവിധാനം

ii. ഡാറ്റയുടെ കേന്ദ്രീകൃതമായ സംരക്ഷണം

iii. പ്രാദേശിക മത്സരങ്ങൾ മുതൽ ഒളിമ്പിക് പ്രകടനങ്ങൾ വരെ

02. അതതു പ്രദേശങ്ങൾക്ക്/കമ്മ്യൂണിറ്റികൾക്ക് അനുയോജ്യമായ പരിശീലനപരിപാടികൾ സൃഷ്ടിക്കൽ

എ) ഉദാ: തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ സെയ്‌ലിംഗും സർഫിംഗും പ്രോത്സാഹിപ്പിക്കൽ

ബി) ദീർഘകാലാടിസ്ഥാനത്തിലുള്ള സമഗ്രപദ്ധതി.

03. ടാലന്റ് ഹണ്ടിന്റെയും പരിശീലന അടിസ്ഥാനസൗകര്യങ്ങളുടെയും വ്യാപ്തി വർധിപ്പിക്കൽ

a മികച്ച പരിശീലനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് സ്വകാര്യനിക്ഷേപങ്ങൾ ആകർഷിക്കുക

i. കേരളത്തിൽ ഏറ്റവുമധികം പ്രതിഭകളുള്ള ഇനങ്ങളും വിഭാഗങ്ങളും കണ്ടെത്തൽ

ii. ഈ ഇനങ്ങളിൽ ഉള്ള ഫെസിലിറ്റികളുടെയും പരിശീലനകേന്ദ്രങ്ങളുടെയും മാപ്പിങ്

iii. കേരളത്തിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ മുൻനിര ട്രെയിനിങ് അക്കാദമികൾക്ക് ക്ഷണം

01. ദീർഘകാലപദ്ധതി തയാറാക്കൽ

02. ഭൂമി ലഭ്യമാക്കൽ

03. ഗ്രാന്റ്/സഹായം നൽകൽ

iv. ലൈറ്റ് പ്രോഗ്രാമുകൾക്ക് കീഴിലുള്ള അത്‌ലറ്റുകൾക്ക് / ടീമുകൾക്കായി പതിവ് എലൈറ്റ് കാറ്റഗറി മത്സരങ്ങൾ സൃഷ്ടിക്കുന്നു

v. എലൈറ്റ് കാറ്റഗറി ഫെസിലിറ്റികൾക്ക് സിഎസ്ആർ ഫണ്ടിങ് തേടുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമായി ഒരു ചട്ടക്കൂട് സൃഷ്ടിക്കുന്നു

b മികച്ച സ്പോർട്സ് അക്കാദമികളുമായി സഹകരണം

i പ്രതിഭകളെ കണ്ടെത്തൽമുതൽ ആദ്യകാല പരിശീലനവർഷങ്ങൾവരെയുള്ള പ്രാരംഭ ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മുൻനിര ഇന്ത്യൻ അക്കാദമികളെ തിരിച്ചറിയൽ

ii അക്കാദമികൾ സ്ഥാപിക്കാൻ അവരെ ക്ഷണിക്കുന്നു

01. അവരുടെ സ്വന്തം നിലയിൽ
02. നിലവിലുള്ള അക്കാദമികളുമായി ബന്ധപ്പെടുത്തൽ

iii വിവിധ കായികയിനങ്ങളുടെ സാധ്യത

iv കേരളത്തിന് മേൽക്കൈയുള്ള ഇനങ്ങളിലെ സാധ്യത

v കേരളത്തിൽ അത്ര പ്രാധാന്യമില്ലാത്ത ഒളിമ്പിക് ഇനങ്ങൾക്കുള്ള സാധ്യത

01. ഷൂട്ടിങ്
02. അമ്പെയ്ത്ത്
03. കനോയിങ്
04. സ്പോർട്സ് ക്ലൈംബിങ്
05. സ്കേറ്റ് ബോർഡിങ്

വട്ടിയൂർക്കാവിലെ ഷൂട്ടിങ് റേഞ്ചുപോലെ, ഇതിനകം ലഭ്യമായ മികച്ച സൗകര്യങ്ങളെ കണ്ടെത്താനും മുൻനിര അക്കാദമികളുമായി സംയോജിപ്പിച്ച് പ്രയോജനപ്പെടുത്താനുമുള്ള ഒരു മാസ്റ്റർ പ്ലാൻ.

<u>കേരളത്തെ ഒരു അന്താരാഷ്ട്ര കായികപരിശീലനകേന്ദ്രമായി വികസിപ്പിക്കൽ</u>

(റഫറൻസ്: സഞ്ജീവിനി, ഐഎഎസ്- ജെ.എസ്സ്.ഡബ്ളിയു)

01. സംയോജിത കായികപരിശീലനകേന്ദ്രങ്ങൾ വികസിപ്പിക്കുക

a കായികപരിശീലന സൗകര്യം

b താമസ സൗകര്യം

c മത്സരവേദികൾ

d സ്പോർട്സ് മെഡിസിൻ

e പുനരധിവാസം

2. കണ്ടെത്തുക

a ഭൂമി

b നിലവിലുള്ള സൗകര്യങ്ങൾ

c ഫോക്കസ് ചെയ്യേണ്ട കായികയിനങ്ങൾ

3. നിക്ഷേപിക്കുക

a ഇന്ത്യയിൽ നിലവിലുള്ള കളിക്കാർ

b താൽപ്പര്യമുള്ള സ്വകാര്യസംരംഭകർ

4. ഇടപഴുകൽ മാതൃകകൾ

a) സ്വകാര്യ ഉടമസ്ഥതയിലുള്ളതോ സിഎസ്ആർ മുഖേന ഉള്ളതോ

b) കായികവകുപ്പു മുഖേനയുള്ള ഏകജാലക ക്ലിയറൻസുകൾ

c) ഗവ. അക്രഡിറ്റേഷൻ

d) ഗവ. ഗ്രാന്റുകൾ

അടിസ്ഥാനതല പ്രവർത്തനങ്ങൾ

പ്രാദേശിക ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഇപ്പോഴും അഭിവൃദ്ധി പ്രാപിക്കുമ്പോഴും പ്രാദേശിക ടർഫുകളും ജിമ്മുകളും ഇന്ന് അർധ-നഗര പ്രദേശങ്ങളിൽപ്പോലും കുടുതൽ ശക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. . എന്നാൽ മുൻകാല ക്ലബ്ബുകളിൽനിന്ന് വ്യത്യസ്തമായി ടർഫുകളും ജിമ്മുകളും ഗ്രാസ്റൂട്ട് വികസനത്തിന് സജീവമായി സംഭാവന നൽകുന്നില്ല. പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപവൽക്കരിക്കുന്നതോടെ ഗ്രാസ്റൂട്ട് തലത്തിൽ ആസൂത്രിതവും ബൃഹത്തും ലക്ഷ്യബോധമുള്ളതുമായ ഇടപെടൽ നടത്താനുള്ള സാധ്യതയുണ്ട്. ഗ്രാസ്റൂട്ട് ടാലന്റ് ഡെവലപ്മെന്റ്, സജീവവും ആരോഗ്യകരവുമായ ഒരു മുതിർന്ന ജനതയെ സൃഷ്ടിക്കുക - രണ്ട് വിശാലമായ ഉദ്ദേശ്യങ്ങൾ കൈകാര്യംചെയ്യുന്ന ഒരു ചട്ടക്കുട് സൃഷ്ടിക്കുക എന്നതാണ് കായികവകുപ്പിന്റെ ശ്രമം. ഇതിലേക്കായി സ്വകാര്യനിക്ഷേപവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ഒപ്പം പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ പോലുള്ള സർക്കാർസംവിധാനങ്ങളിൽ പ്രൊഫഷണലിസം ഉറപ്പാക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

01. ഗ്രാസ്റൂട്ട് സ്പോർട്സിനായി പിഎസ്സി പ്രാദേശികമായി ഡ്രൈവ് ചെയ്യുന്ന മാസ്റ്റർ പ്രോഗ്രാം

എ) ഇനിപ്പറയുന്നവ ഉൾപ്പെടെ, പി.എസ്.സിയുടെ ലക്ഷ്യങ്ങളും പ്രവർത്തന മാനദണ്ഡങ്ങളും ഉൾക്കൊള്ളുന്ന പിഎസ്സി മാനുവൽ തയ്യാറാക്കുന്നു:

i വിവിധ പ്രാദേശികമേഖലകൾക്കായുള്ള പ്രോഗ്രാം ഉള്ളടക്കം

1. ശ്രദ്ധ കേന്ദ്രീകരിക്കേണ്ട വിഷയങ്ങളുടെ തിരഞ്ഞെടുപ്പ് - ജനപ്രീതി, ആവശ്യം, അടിസ്ഥാനസൗകര്യലഭ്യത എന്നിവയെ അടിസ്ഥാനമാക്കി
2. സ്പോർട് ക്ലൈംബിങ്, സ്കേറ്റ് ബോർഡിങ് തുടങ്ങിയ പുതിയ ഒളിമ്പിക് വിഭാഗങ്ങൾ അവതരിപ്പിക്കുക

ii ഒരു പ്രാദേശിക റിസോഴ്സ് പേഴ്സണൽ പൂൾ സൃഷ്ടിക്കുന്നു - പഴയ പ്രൊഫഷണൽ കളിക്കാർ, പരിശീലകർ (പ്രോഗ്രാമിന്റെ ഉള്ളടക്കത്തിലും, പരിശീലനത്തിലും മൂല്യം കൂട്ടാൻ കഴിയുന്ന മറ്റ് കായിക പ്രൊഫഷണലുകൾ എന്നിവരുൾപ്പെടെ)

iii പൊതു ഗ്രൗണ്ടുകൾ, ടാങ്കുകൾ, കുളങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ

iv പ്രദേശത്തെ എല്ലാ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറുകളും മാപ്പു ചെയ്യുകയും അവയ്ക്ക് റേറ്റിങ് നൽകുകയും ചെയ്യുന്നു

v ഓരോ ഫെസിലിറ്റിയും സജീവമാക്കുന്നതിനുള്ള ആക്ഷൻ പ്ലാനും ഒരു ഫെസിലിറ്റി മാനേജ്മെന്റ് പ്ലാനും

vi അതാതുസ്ഥലത്തു നിന്ന് ചാമ്പ്യൻമാരെ സൃഷ്ടിക്കുന്നു

1. ഓരോ പ്രദേശത്തുനിന്നുമുള്ള ചാമ്പ്യന്മാരെ (വേൾഡ്, നാഷണൽ, സ്റ്റേറ്റ്) മാപ്പ് ചെയ്യുക
2. ഇത് സ്പോർട്സ് റീജിയൻ കണക്റ്റുകളുടെ ഒരു പാറ്റേൺ സൃഷ്ടിക്കാൻ സഹായകമാവും

vii ക്ലബ്ബുകൾ, സ്വകാര്യ കായിക അടിസ്ഥാനസൗകര്യങ്ങൾ, ലീഗുകൾ, മത്സരങ്ങൾ എന്നിവയ്ക്കുള്ള അംഗീകാരം

1. എല്ലാ സ്ഥാപനങ്ങളുടെയും ഫെസിലിറ്റികളുടെയും മത്സരങ്ങളുടെയും ഡാറ്റാബേസ് പിഎസ്സിയിൽ ലഭ്യമാക്കണം

viii ഒരു പഞ്ചായത്ത് ഒരു കായികയിനം:

1. ജനപ്രീതി
2. സാധ്യത
3. മുൻകാല പ്രകടനങ്ങൾ
4. അടിസ്ഥാനസൗകര്യങ്ങൾ

എന്നിവയുടെ അടിസ്ഥാനത്തിൽ

ix ഓരോ പിഎസ്സിയുടെയും പ്രവർത്തന മികവ് അളക്കാവുന്ന തരത്തിൽ പദ്ധതികൾ

X. പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹന പരിപാടികൾ

(പിഎസ്സികളുടെ മത്സരക്ഷമത നിലനിർത്താൻ)

ബി) അതത് മേഖലകൾക്കുള്ള ആക്ഷൻ പ്ലാനുകൾ

1. ഗെയിമിഫൈയിങ് ആക്ടീവ് ലൈഫ്സ്റ്റൈൽ

എ) മുഴുവൻ നോൺ-പ്രൊഫഷണൽ ആക്റ്റീവ് സ്റ്റെപ്പുകളും കണക്കാക്കുകയും റേറ്റുചെയ്യുകയും ചെയ്യുന്ന ഒരു ഗെയിം സൃഷ്ടിക്കുക

i എല്ലാവരും നടത്തം അല്ലെങ്കിൽ ജോഗിങ് അല്ലെങ്കിൽ ജിം വ്യായാമം അല്ലെങ്കിൽ യോഗ ശീലമാക്കുന്നു.

ii ഏറ്റവും മികച്ച മേഖലകൾക്ക് സമ്മാനങ്ങൾ നൽകുക (പഞ്ചായത്ത്/ ടൗൺ/ വാർഡ്.)

iii പ്രാദേശികതലത്തിലുള്ള സ്ഥാപനങ്ങളെ അവരുടെ സജീവമായ സംഭാവനയും പങ്കാളിത്തവും ഉപയോഗിച്ച് ഈ സംരംഭം നയിക്കാൻ പ്രോത്സാഹിപ്പിക്കുക

ബി) മുവ് വൈൽ യു വെയിറ്റ് പ്രോഗ്രാം - എല്ലാ ജനവിഭാഗങ്ങളും ഏതെങ്കിലും തരത്തിൽ സ്പോർട്സിന്റെ ഭാഗമാവുന്നതിന്, കൂടുതൽ ആളുകളെ കായികപ്രകടനങ്ങൾ കാണുന്നതിന് പ്രോത്സാഹിപ്പിക്കുക

i. ബസ് സ്റ്റോപ്പിന് സമീപമുള്ള ബാസ്ക്കറ്റ് ബോൾ ഹൂപ്പ്

സി) സമാനമായ മറ്റിനങ്ങൾ; ഒരു ചെറിയ ഫുട്ബോൾ പോസ്റ്റും പെനാൽറ്റി സ്പോട്ടും പോലെ

ഡി) പാർക്കുകൾ പോലെ ഇത് സജ്ജീകരിക്കാനും നിയന്ത്രിക്കാനും സ്വകാര്യസംരംഭകരെ ക്ഷണിക്കുക

ഇ) ഇതിനുള്ള ഭൂമി സർക്കാർ ലഭ്യമാക്കുക

3. ഏർലി സ്റ്റാർട്ട് പ്രോഗ്രാമുകൾ

എ) എർലി സ്റ്റാർട്ട് പ്രാദേശിക ക്ലബ്

i. 8 മുതൽ 12 വർഷംവരെ ഓരോ പിഎസ്സിക്കും കീഴിൽ ഒരു എർലി സ്റ്റാർട്ട് ക്ലബ്

ii. അടിസ്ഥാന അത്‌ലറ്റിക്, ജിംനാസ്റ്റിക്സ് പരിശീലനം

iii. നിലവിലുള്ള ഫെസിലിറ്റിയോ പുതിയതോ ആകാം

ബി) ബി ലീഗുകൾ

i. ജനപ്രിയ കായികയിനങ്ങൾക്കായി
ii. നിലവിലുള്ള പ്രോഗ്രാമുകളുമായി സഹകരിക്കുക
iii. പിഎസ്സി നേതൃത്വത്തിന് കീഴിൽ, അസോസിയേഷനുകളിൽനിന്ന് സ്വതന്ത്രമായി ഈ ലീഗുകൾ സംഘടിപ്പിക്കുക.

<u>കായികപരിപാടികളും അവയുടെ പ്രോത്സാഹനവും</u>

സംസ്ഥാനത്തെ ഏറ്റവും വലിയ ചാക്രിക കായികയിനമായ നെഹ്റു ട്രോഫി വള്ളംകളി ചാമ്പ്യൻസ് ബോട്ട് ലീഗിലേക്ക് പ്രൊഫഷണലൈസ് ചെയ്തു കഴിഞ്ഞു. കേരളം തുടർച്ചയായി വിവിധ കായികയിനങ്ങളിൽ മികവുറ്റ താരങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ദേശീയശ്രദ്ധ നേടുന്ന ഒരു കായികയിനത്തിലും സംസ്ഥാനം ഒരു പ്രധാന ചാമ്പ്യൻഷിപ്പിനോ ലീഗിനോ ആതിഥേയത്വം വഹിക്കുന്നില്ല. 2015ലെ ദേശീയ ഗെയിംസും ചില ദേശീയ ചാമ്പ്യൻഷിപ്പുകളും ഐഎസ്എലിലെ ഏതാനും മത്സരങ്ങളും ഒഴികെ പ്രൊഫഷണൽ സ്പോർട്സ് ലീഗുകൾ കേരളത്തിന് തുടർച്ചയായി നഷ്ടമാവുകയാണ്. ആതിഥേയ സംസ്ഥാനം/പ്രദേശം തിരഞ്ഞെടുക്കുന്നതിനുള്ള പ്രധാന മാനദണ്ഡം സ്പോർട്സ് വ്യൂവർഷിപ്പ് ആണെങ്കിൽ, രാജ്യത്ത് ആരെങ്കിലും ഒരു ഫുട്ബോൾ ടൂർണമെന്റിനെക്കുറിച്ചോ

ലീഗിനെക്കുറിച്ചോ ചിന്തിക്കുമ്പോൾ കേരളത്തിനായിരിക്കണം ഒന്നാം സ്ഥാനം - മലബാറിലെ സെവൻസ് ടൂർണമെന്റിലെ ടിക്കറ്റ് വരുമാനവും ഇപിഎല്ലിന്റെ കാഴ്ചക്കാരും അതിനുസാക്ഷ്യം വഹിക്കുന്നു. സംസ്ഥാനത്ത് കായികമത്സരങ്ങൾ പ്രൊഫഷണലൈസ് ചെയ്യുന്നതിനും സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനും ഉയർന്ന ഡിമാന്റുള്ള മേഖലകളിൽ - സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, അനുബന്ധങ്ങൾ, സ്പോർട്സ് സയൻസ്, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ വ്യാപാരപ്രദർശനങ്ങൾക്കും വിദഗ്ദ ആശയവിനിമയത്തിനും ഒരു ചട്ടക്കൂട് സൃഷ്ടിക്കാനാണ് കായികവകുപ്പിന്റെ ശ്രമം.

1. സ്ഥാപിതമായ ദേശീയ ലീഗുകളുടെ ഒരു മികച്ച ഷെയർ

a. കേരളത്തിൽ പ്രചാരമുള്ള എല്ലാ സ്പോർട്സ് ഇനങ്ങളുടെയും ദേശീയ ലീഗുകൾക്ക് കേരളത്തെ വേദിയാക്കാനുള്ള ഇടപെടൽ

i. കേരളം ലക്ഷ്യം വയ്ക്കേണ്ട ലീഗുകളുടെ തിരഞ്ഞെടുപ്പ്

ii. എല്ലാ ലീഗുകളുടെയും നേതൃനിരയിലുള്ള മലയാളിബന്ധങ്ങൾ കണ്ടെത്തുക.

iii. ലീഗ് നടത്തിപ്പിന് സജ്ജീകരിക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ തിരിച്ചറിയുക. ആവശ്യമെങ്കിൽ സൗകര്യങ്ങൾ നവീകരിക്കുക.

iv. ലീഗുകളുമായി സഹകരിക്കുന്നതിനെക്കുറിച്ച് കേരളത്തിലെ സംരംഭകർക്ക് ഓറിയന്റേഷൻ നൽകുക

b. ദേശീയ ലീഗുകളിൽ കേരള ടീമുകളെ സജീവമായി ഉൾപ്പെടുത്തുന്നതിനുള്ള പ്രചാരണം (പി.വി.എൽ-ലെ കൊച്ചി, കാലിക്കറ്റ് ടീമുകളും ഐ.എസ്.എൽ-ലെ കേരള ബ്ലാസ്റ്റേഴ്സും പോലെ)

2. അത്‌ലറ്റിക്സ് ലീഗ്

ഡയമണ്ട് ലീഗിന്റെ മാതൃകയിൽ ദേശീയ അത്‌ലറ്റിക് ലീഗ് എന്ന ആശയം ഏറെ നാളായി ഉയരുന്നുണ്ട്.

a. ലീഗ് ആരംഭിക്കുന്നതിൽ കേരളത്തിന് നേതൃത്വം വഹിക്കാനാകും

b. ആദ്യപടി ഒരു സ്റ്റേറ്റ് ലീഗ് ആകാം. ലീഗിനെ മത്സരാധിഷ്ഠിതമാക്കാൻ സംസ്ഥാനത്ത് മതിയായ പ്രതിഭകളുണ്ട്.

i സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രൊഫഷണൽ ടീമുകളുടെ ഒരു കൂട്ടം

ii പാക്കേജിങ്.

1. പ്രാദേശിക സ്പോൺസർമാർ
2. ദേശീയ, പ്രാദേശിക ടിവി കവറേജ്

iii ഓൺലൈൻ സ്ട്രീമിങ്ങും പ്രമോഷനുകളും

3. ഷൂട്ടിങ് ലീഗ് തിരുവനന്തപുരത്ത്

a. ഒരൊറ്റ വേദിയിൽ സംഘടിപ്പിക്കാൻ കഴിയുംവിധമുള്ള ഒരു ദേശീയ ലീഗ്

b. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ടീമുകൾ

c. ദേശീയതലത്തിൽ ടെലിവിഷൻ സംപ്രേക്ഷണം

4. കേരളത്തിൽ അന്താരാഷ്ട്ര ടൂർണ്ണമെന്റുകൾ നടത്തുക

a. കേരളത്തിന് അനുയോജ്യമായ ഇനങ്ങൾ തിരഞ്ഞെടുക്കുക:

i. സർഫിങ്

ii. തുഴച്ചിൽ

iii. ബോട്ട് റേസിങ്

iv. സൈക്ലിങ്

b. സംഘാടനത്തിലും സ്പോൺസർഷിപ്പുകളിലും പ്രാദേശിക/ദേശീയ/സ്വകാര്യപങ്കാളിത്തം കൊണ്ടുവരിക

5. പോപ്പുലർ സ്പോർട്സിലെ ഇന്റർനാഷണൽ ടൈ-അപ്പുകൾ

a. അന്താരാഷ്ട്ര ടൈ-അപ്പുകളോടെ കേരളത്തിന്റെ സ്വന്തം സ്പോർടിങ് പ്രോപ്പർട്ടികൾ സൃഷ്ടിക്കുക.

b. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, മാരത്തൺ തുടങ്ങിയ വാണിജ്യപരമായി ലാഭകരമായ കായികവിനോദങ്ങൾ തിരഞ്ഞെടുക്കുക

c. പങ്കാളിത്തമാതൃകയിൽ അവ നടപ്പാക്കുക

i. അന്താരാഷ്ട്ര പങ്കാളി (പ്രോപ്പർട്ടി ഉടമ)

ii സ്വകാര്യസംരംഭകർ (ആതിഥേയ പങ്കാളികൾ)

iii ആദ്യ 2-3 വർഷം കൈകാര്യംചെയ്യുന്നതിനുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ് സംസ്ഥാനം ലഭ്യമാക്കുക

**06. ജനപ്രിയ കായികവിനോദങ്ങൾക്കായുള്ള അന്താരാഷ്ട്ര ടൈ-അപ്പുകൾ**

a. ഇപ്പോൾ സംസ്ഥാന ലീഗില്ലാത്ത ജനപ്രിയ കായികഇനങ്ങളിൽ ഒന്നോ രണ്ടോ തിരഞ്ഞെടുക്കുക

i. പ്രധാന മാനദണ്ഡം (സംസ്ഥാനത്തുടനീളം പ്രചാരവും സ്വീകാര്യതയും)

1. ജനപ്രീതി
2. നിലവിലെ ടൂർണ്ണമെന്റ് പ്രവർത്തന നില
3. ഉയർന്ന നൈപുണ്യ ലഭ്യത
4. സ്പോർട്സിൽ താൽപര്യമുള്ള കുട്ടികളുടെ എണ്ണം
5. അടിസ്ഥാനസൗകര്യങ്ങൾ

**07. കേരള ഗ്രാസ് റൂട്ട് ലീഗുകൾ**

a. ഇപ്പോൾ സംസ്ഥാന ലീഗില്ലാതെ ജനപ്രിയ കായികയിനങ്ങളിൽ ഒന്നോ രണ്ടോ തിരഞ്ഞെടുക്കുക

i. പ്രധാന മാനദണ്ഡം (സംസ്ഥാനത്തുടനീളം പ്രചാരവും സ്വീകാര്യതയും)

1. ജനപ്രീതി
2. നിലവിലെ ടൂർണമെന്റ് പ്രവർത്തന നില
3. ഉയർന്ന നൈപുണ്യലഭ്യത
4. സ്പോർട്സിൽ താൽപര്യമുള്ള കുട്ടികളുടെ എണ്ണം

5. അടിസ്ഥാനസൗകര്യങ്ങൾ

b. പ്രാദേശികതലങ്ങളിൽ ടീമുകൾക്കായി ഒരു ചട്ടക്കൂട് ഉണ്ടാക്കുക

i. പ്രദേശത്തെ പൊതുജനങ്ങൾക്ക് 51% ഓഹരിയുണ്ടെങ്കിൽ (ഇത് ടീമിന് പൊതുജന പിന്തുണയും കാണികളുടെ പിന്തുണയും ഉറപ്പാക്കും)

ii. ഇന്റർനെറ്റ്/പ്രാദേശിക ഒ.ടി.ടി വഴി പ്രക്ഷേപണം ചെയ്യുക

iii. ബാക്കി ഉടമസ്ഥാവകാശം സ്വകാര്യമാവാം

**08. സ്റ്റേറ്റ് കോളേജ് ബാസ്കറ്റ്ബോൾ ലീഗ്**

a. ലീഗ് സൃഷ്ടിക്കാൻ നിലവിലുള്ള ടൂർണ്ണമെന്റുകളും കോളേജ് ചാമ്പ്യൻഷിപ്പുകളും പ്രയോജനപ്പെടുത്തുക

b. സംപ്രേക്ഷണത്തിനുള്ള സ്ട്രീമിങ് ചാനൽ

c. ടീമുകളെ കൂടുതൽ പ്രൊഫഷണലാക്കാൻ സ്പോൺസർമാർ

i. കിറ്റുകൾ

ii. പരിശീലനം

iii. മാർക്കറ്റിങ്

d. സ്കൂളുകൾക്കും സമാനമായ ലീഗ് നടപ്പാക്കുക

09. കേരള സ്പോർട്സ് മാർട്ട് (KSM)

a. സ്പോർട്സ് ഉൽപന്നങ്ങൾ, സ്പോർട്സ് സംരംഭകത്വം, അടിസ്ഥാനസൗകര്യവിപണി തുടങ്ങിയ കേരളത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് പ്രാദേശിക കായിക സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെഎസ്എം സംഘടിപ്പിക്കുക.

ii. സ്പോർട്സ് ബ്രാൻഡുകളുടെ പ്രദർശനം - ഫ്രാഞ്ചൈസികൾ, ബിസിനസുകൾ

ii. ഉപകരണനിർമ്മാതാക്കളുടെ പ്രദർശനം - പ്രാദേശികനിർമ്മാണത്തിനായി

iii. ഇന്ത്യയിലെ വിജയകരമായ സ്പോർട്സ് സ്റ്റാർട്ടപ്പുകളുടെ സെഷനുകൾ

**10. സ്പോർട്സ് നെക്സ്റ്റ്- ഒരു അന്താരാഷ്ട്ര കായിക ഉച്ചകോടി**

a. ഒരു പ്രമുഖ സ്പോർട്സ് ബ്രാൻഡും സ്പോർട്സ് ബ്രോഡ്കാസ്റ്ററുമായ സംസ്ഥാനം സംഘടിപ്പിക്കുന്ന ഉച്ചകോടി

b. ഇന്ത്യൻ കായികവിനോദങ്ങളുടെ ഒരു ചിന്താവേദി

c. പ്രസക്തമായ കോൺഫറൻസ് ചർച്ചാവിഷയങ്ങൾ:

i. അടിസ്ഥാനസൗകര്യങ്ങൾ

ii. കായികശാസ്ത്രം

iii. ന്യൂട്രീഷ്യൻ

iv. ലീഗുകളും പ്രൊഫഷണലിസവും

v. സ്പോർട്സ് മാർക്കറ്റിങ്

11. നിലവിലുള്ള ലീഗുകൾക്കും ടൂർണ്ണമെന്റുകൾക്കുമായി ബ്രോഡ്കാസ്റ്റ് പ്ലാറ്റ്ഫോം
    a. കേരള സ്പോർട്സിന്റെ ഓൺലൈൻ ബ്രോഡ്കാസ്റ്റ് പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനുള്ള ഒരു ഫ്രെയിംവർക് തയ്യാറാക്കുക
    b. കേരള ടെക് സംരംഭകർ നിർമ്മിച്ചത്
    c. കേരളത്തിൽ നടക്കുന്ന എല്ലാ ടൂർണ്ണമെന്റുകളിലേക്കും ചാമ്പ്യൻഷിപ്പുകളിലേക്കും പ്രവേശനം.